

# നിദർശകം

എം.ജി കലാലയ പുസ്തകം '൦൯


MAHATMA GANDHI COLLEGE - IRITTY
Affiliated to Kannur University

| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | : | ഡോ. എം. ജെ. മാത്യു |
| സ്റ്റാഫ് എഡിറ്റർ | : | ഡോ. സ്വപ്ന ആർ. |
| ചീഫ് എഡിറ്റർ | : | സന്ദീപ് നാരായണൻ |
| കവർ | : | ജിതിൻ ജോസ് |
| ലേ ഔട്ട് | : | സത്യം ഗ്രാഫിക്സ്, ഇരിട്ടി<br>ഫോൺ : 9495120473 |
| പ്രിന്റിംഗ് | : | പ്രിന്റിംഗ് പാർക്ക്, തലശ്ശേരി<br>ഫോൺ : 9388412151, 0490-3242010 |

## STATEMENT ABOUT OWNERSHIP & OTHER PARTICULARS OF M.G. COLLEGE, IRITTY.

Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | M.G. College, Iritty |
| 2. Periodicity of Publication | : | Annual |
| 3. Printers Name | : | Dr. M. J. Mathew |
| 4. Publishers Name | : | Dr. M. J. Mathew |
| Nationality | : | INDIAN |
| Address | : | Principal, M.G. College Iritty. |
| 5. Editor's Name | : | Sandeep Narayan |
| 6. Name and address of the individuals own the magazine | : | M.G. College, Iritty |

I, Dr. M. J. Mathew declare that the particulars given above are true to the best of knowledge and belief.

Sd/
Dr. M. J. Mathew
Principal,
M. G. College, Iritty



*" Non-violence is the law of our species as violence is the law of the brute. The spirit lies dormant in the brute and he knows no law but that of physical might. The dignity of man requires obedience to another law—to the strength of the spirit "*



"ഞാനും ഒരു യുവാവാണ്, ഈ ഇന്ത്യയിലെ
അനേകായിരം യുവാക്കളെപ്പോലെ എനിക്കും ഒരു
സ്വപ്നമുണ്ട്. പക്ഷേ എന്റെ സ്വപ്നത്തിൽ
നിറഞ്ഞുനിൽക്കുന്നത് എനിക്ക് ജന്മം തന്ന ഈ
രാജ്യത്തിന്റെ വളർച്ചയാണ്. ഈ രാജ്യം ആരുടെ
മുന്നിലും തലകുനിക്കാത്ത അവസ്ഥയിലേക്ക്
എത്തിക്കുന്നതുവരെ എന്റെ സ്വപ്നം തുടരും."




വേഗെറങ്ങ്... വേഗെറങ്ങ്....
നോക്ക്"".......

സ്റ്റോപ്പെത്തിയാൽ സ്ഥലപ്പേര് തിരയരുത്
കാണില്ല.
തരിശുഭൂമിക്ക് കാവലായി
ഒരു ചരിത്രത്തിന്റെ
അവശേഷിപ്പുപോലെ ഒരു
പുറ്റുമതിൽ മാത്രം.
പണ്ടിവിടെ **അണ്ടിക്കമ്പനി**യായിരുന്നത്രെ

# ഒരണ്ടിക്കമ്പനി





# Entrance



കേറിച്ചെല്ലും
ഈ വാതിലിലൂടെ.
എന്നെ ഞാനാക്കും
നിറമേ നിറമാക്കും
പകലന്തോളവും
പകലറുതിയും
നാലകത്തിലേക്ക്
ഇറങ്ങിയടങ്ങാൻ
കാത്തുകാക്കുന്ന
ഒരു മനം.

# അണിയറക്കുള്ളിലെ കയ്യക്ഷരങ്ങൾ

നാം നടന്നുനീങ്ങുന്ന
ഈ കലാലയ വഴികളിൽ
അജീഷിന്റെ കാല്പാടുകളുണ്ട്.
നമ്മെ പോലെ എം.ജി.യെ സ്നേഹിച്ച്
ഇവിടുത്തെ നിമിഷങ്ങളെ താലോലിക്കുന്ന
ഒരു മനസ്സുമായി
'അണിയറക്കുള്ളിലെ കയ്യക്ഷരങ്ങൾ'
നമുക്കു സമ്മാനിച്ച എഡിറ്റർ
ഈ പടിയിറങ്ങിയത്
പുതുജീവിതത്തിന്റെ പടവുകളിലേക്കാണ്.
പക്ഷെ,
സ്വപ്നങ്ങളും സങ്കല്പങ്ങളും
ബാക്കിയാക്കി ആ കൂട്ടുകാരൻ
വിടപറഞ്ഞു.
എന്നന്നേക്കുമായി...
പ്രിയ സഹോദരന്റെ
ഓർമ്മകൾക്കു മുന്നിൽ
**എം.ജി.യുടെ**
**സ്നേഹാദര പ്രണാമങ്ങൾ**



Ajeesh Kumar
Kakkayangad
(2005-08 Batch)

Our Manager



K.P . Noorudheen

Our Principal



Dr. M. J. Mathew



നിങ്ങളെന്തിനാ
സത്യങ്ങൾ കാണാൻ മടിക്കുന്നത്?
നിങ്ങളുടെ നിഴലുതന്നെ ഒരു സത്യമാണ്.
നിങ്ങളെന്ന സത്യം.



ചങ്ങാതീ...
ഇതാണ് പുതിയ പാഠം
പോരാട്ടമാണ് രാഷ്ട്രീയം
രാഷ്ട്രീയമെന്നത് കൊടിപിടിക്കലല്ല,
കൊടിയുടെ മഹാത്മ്യത്തിനുവേണ്ടി
പ്രവർത്തിക്കലാണ്.

ചിലതൊക്കെ അവർ പിടിച്ചെടുത്തിരിക്കാം
അവയെ സംരക്ഷിക്കാൻ പുറത്ത്
കൂർത്ത കല്ലും വടിവാളും തോക്കായി
കാവൽ നായ്ക്കളുണ്ടാകാം.

ഇരുളിന്റെ കനൽ പാർച്ചിൽ
നമ്മൾ കണ്ണടച്ചിരിക്കരുത്.
അന്ത്യമകാണ് ചങ്ങാതീ...
തയ്യാറാവുക...
പോരാട്ടത്തിന്റെ
പുതിയ നാളെക്കായ്.

നമ്മുടെ മണ്ണുതൊട്ടാൽ
നമുക്ക് പൊള്ളണം.
ഓർക്കുക...
നമുക്കും ആയുധമുണ്ട്.
അത് വാക്കുകളാണ്

ഇതൊരു ജീവിതത്തിന്റെ തുടക്കമാണ്.
മറച്ചുവെക്കാൻ ഒന്നുമില്ല.
സത്യങ്ങൾ തുറന്ന് പറഞ്ഞാൽ
നിങ്ങളെന്റെ ശത്രുക്കളാവും
എന്നുകരുതി പറയാതിരിക്കാനും വയ്യ!
കണ്ടറിഞ്ഞതും
കേട്ടറിഞ്ഞതും
അനുഭവിച്ചറിയാൻ പറ്റാത്തതും പകർത്തുന്നു.

വിരലിലെണ്ണാവുന്ന ദിവസത്തെ പരിചയം മാത്രം
ഒരുനാൾക്കപ്പുറം ചിലതൊക്കെ ഓർമ്മയിൽ നിന്നും
മറഞ്ഞുപോകും.
ടെസ്റ്റ്യൂബിലെ രാസമാറ്റങ്ങളിലൂടെയുണ്ടാകുന്ന ജീവനും
പരസ്പരം നഗ്നത കണ്ടാൽ പോലും
ഹൃദയമിടിപ്പുകൂടാത്ത ഒരു കാമവും
തന്റെ ശരീരം മുഴുവൻ പുഴുവരിച്ച്
ജീവിതം ഒടുങ്ങുന്നതു വരെയും
എന്തിനോവേണ്ടി ആശിക്കുന്ന മനസ്സും
ഇനി ഈ കാലഘട്ടത്തിന്റെ ഗതി നിർണ്ണയിക്കും.





നമുക്കിതൊന്നും ഇഷ്ടമല്ലാതിരിക്കാം
എങ്കിലും അവരോടൊപ്പം ചേരാതെ വയ്യ
ഒട്ടും സമയമില്ലാത്ത ഒരു സമയം
ഈ താളുകൾ ചിതലെടുക്കുമ്പോഴേക്കും
നിങ്ങളെല്ലാം മറക്കും.
ചിലപ്പോൾ,
ഈ താളുകൾ നിലനിൽക്കും.
നമ്മളെ മണ്ണെടുക്കും.

# എഡിറ്റോറിയൽ

തയ്യാറെടുപ്പാണ് വേണ്ടത്
എഴുതി നിറയ്ക്കുന്ന കടലാസു തുണ്ടുകൾ
വേണ്ട എന്നുവെച്ചു
എന്തൊക്കെയോ ചികഞ്ഞെടുക്കാനുള്ള അലച്ചിലാണിത്
ആരും നിരുത്സാഹപ്പെടുത്താതിരുന്നില്ല
അനുഗ്രഹിക്കേണ്ട കൈകൾ പിറകിൽ പിണഞ്ഞുനിന്നു,
എല്ലാ ബന്ധങ്ങൾക്കും,
പ്രണയം, സൗഹൃദം, വാത്സല്യം, സാഹോദര്യം...
എത്രയോ എസ്.എം.എസുകൾ സൗജന്യമായിട്ടയക്കാം
മീനമാസത്തിലെ കൊടുംചൂടിൽ വാടിവീഴുന്നതിനിടയിൽ
ഈ കലാലയ പുസ്തകത്തിന്റെ പിന്നാമ്പുറങ്ങളിൽ നടന്ന
പെടാപ്പാടുകൾക്ക്
പത്ത് അക്കത്തിലേക്ക് സെന്റ് ചെയ്യുന്ന
ഒരു സന്ദേശത്തിന്റെ ആയുസ്സുമാത്രം.
ചിലർക്കിതൊരു സ്വപ്നമാണ് . പക്ഷേ,
അവർക്കുവേണ്ടി മാത്രമാണോ ഇത്?
അതുകൊണ്ടുതന്നെ കാച്ചിക്കുറുക്കി
ഞങ്ങളുണ്ടാക്കിയതെല്ലാം
എത്രമാത്രമുണ്ടെന്നറിയില്ല.
എങ്കിലും
ഒരു നിദർശകമാണെന്ന് ഉറപ്പ്.



എന്ന്,
സ്റ്റുഡന്റ് എഡിറ്റർ
സന്ദീപ് നാരായണൻ

മാഗസിൻ-09 14 നിരീക്ഷണം




ബീഡിവലിക്കുന്നത് ആരോഗ്യത്തിന് ഹാനികരം 18

20 ചിരിക്കാം- ഓർക്കുന്നുണ്ടോ ഈ വാക്ക്

കടലമ്മയുടെ മക്കൾക്കൊപ്പം 22

പച്ചിരുന്ന് അപ്പൂപ്പതാടി 24

നമ്മൾ നിങ്ങളുടെ അണ്ണാച്ചികൾ 25





32 വേശ്യകൾക്കായി ഒരിടം





ആയുസ്സിന്റെ ഭാഗ്യം 40

No Climax 41

തിരക്കഥ 44

എന്നിട്ടും പെണ്ണേ നിനക്കായ് 45

പ്രേമലേഖനം 46

ചില കൊച്ചുവർത്തമാനങ്ങൾ 51





ഗാന്ധിയൻ ദർശനത്തിലൂള്ള വിദ്യാഭ്യാസം 56

ദുര 59

ഇതു അച്ചുപ്പാലോ...? 61

വീണ്ടും ശവപ്പറമ്പിലേക്ക് 62

മാറുന്ന യുവതലമുറ മാറുന്ന ചിന്തകൾ 65

Dowry- A Severe Problem 67

69 ഐൻസ്റ്റീൻ, ഞാൻ ഫിസിക്സ് ലാബ് എക്സിറ്റ

Stars 70

ജീവശാസ്ത്രം 71 പേമാരി

സ്വപ്നം 73

[illegible] 74

75 My Path Yesterday, Today

വാർദ്ധക്യം 76

[illegible] 77 [illegible]

അച്ഛൻ 78

[illegible] 79

[illegible] 80

81 പ്രകൃതിയും മനുഷ്യനും

89 [illegible] [illegible] 90

91 [illegible]

പ്രണയം 92

93 [illegible]

94 അനാഥത്വം

നീ... 95

[illegible] 96

അണയാത്ത ദീപമായ് 97

98 മഹാനഗരത്തിലെത്തിയ മഹാൻമാർ

തകർന്നടിഞ്ഞ സ്വപ്നങ്ങൾ 103

104 വായന മരിക്കുന്നുവോ?

हुदा की मन्नत 105

ज़रा याद करो उन कुरबानी को.... 105

105 बारिश की बूँदें

107 About Culcuta News

[illegible] 108

അനന്തം 109

അണുശക്തി സാധ്യതകളും വിപത്തുകളും 109

ഇങ്ങനെയുമുണ്ടോ ഒരു നിക്ഷേപം? 115

പെരുമണ്ണിന്റെ നോവ് 124

124 ശാന്തി, ഐക്യം, സാഹോദര്യം

126 Still Dying for a Cigarette

What you are? 127

129 ഒരു തെരഞ്ഞെടുപ്പും ചില ചിന്തകളും

Stranger From Darkness 153

155 ഇളിച്ചുകാട്ടുന്ന നേർക്കാഴ്ചകൾ

[illegible]

136 Annual Report

141 NSS Report

143 കോളേജ് യൂണിയൻ റിപ്പോർട്ട്

# പത്രാധിപ സമിതി



Dr. M. J. Mathew
Managing Editor



Dr. Swaroopa R.
Staff Editor



Sandeep Naraya
Magazine Editor



Dr. Meera
HOD Hindi



Reji Payikkatt
HOD English



Sheeja N.
HOD Malayala



Akshai Premnath
Ist B.Com.



Sukanya Manohar
Ist B.Com.



Sajeesh Korie
Ist B.Com.


അവരും ഞങ്ങളും

# ബീഡിവലിക്കുന്നത് ആരോഗ്യത്തിന് ഹാനികരം



ഒരു കാലത്ത് സംസ്ഥാനത്തിന്റെ തൊഴിലാളി വർഗ്ഗങ്ങളെ നിയന്ത്രിച്ച സമൂഹമായിരുന്നു. ബീഡി തൊഴിലാളികൾ.

ഇന്ന്, ബീഡി തരകി ഉയർന്നുവന്ന് കോടീശ്വരന്മാരായ നേതാക്കന്മാർ കൂടെ പണിയെടുത്തവരെപോലും ഓർക്കുന്നില്ല. കാലഹരണപ്പെട്ട പ്രത്യയ ശാസ്ത്രത്തിന്റെ ഉടമകൾ ഇന്ന് ബീഡി തൊഴിലാളികളെ പാടെ അവഗണിക്കുന്നു. മുണ്ടുമുറുക്കിയുടുത്ത് ഇന്നും അവർ കുടുംബം പോറ്റുന്നു. നാട്ടിലൊക്കെ കണ്ടറിഞ്ഞ ബീഡി തൊഴിലാളികളുടെ വിഷമതകളാണ് അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാൻ ഞങ്ങളെ പ്രേരിപ്പിച്ചത്.

അവരുടെ ജീവിത രീതിയും കാഴ്ചപ്പാടുകളും ഒക്കെ തേടിയാണ് ദിനേശ് ബീഡി തൊഴിലാളികളെ സന്ദർശിക്കാൻ ഞങ്ങൾ പോയത്.

വിലകൂടിയ മദ്യവും മനസിനെ മയക്കിക്കിടത്തുന്ന പാർണമകളും ഏറ്റവും വിലയുള്ള സിഗരറ്റുമാണ് കാൽ കാശിന് വകയില്ലാത്ത യുവാവ് പോലും ഉപയോഗിക്കുന്നത്.

ഹോ..ബീഡിയിൽ അധിനിവേശത്തിന്റെ കുത്താണേ.

വൻകിട സിഗരറ്റു കമ്പനികൾ വിപണന രംഗത്തു വന്നതോടെ നമ്മുടെ ബീഡിയൊന്നും വലിക്കാൻ ആളില്ലാതായി. പുകവലി നിരോധനത്തിന്റെ പരസ്യങ്ങളും ഒരുപാട് കച്ചവടം നഷ്ടപ്പെടുത്തി. പിന്നെ ചെറിയ പൈസയ്ക്കെല്ലാം സിഗരറ്റ് കിട്ടുമല്ലോ. അതിൽ പുക ഫിൽട്ടർ ചെയ്തല്ലേ വരുന്നത്. സുരേന്ദ്രന്റെ വാക്കുകൾക്ക് എന്തൊക്കെയോ നഷ്ടപ്പെട്ടതിന്റെ ആധി കാണാമായിരുന്നു.

ഒരുകാലത്ത് നാൽപതിനായിരത്തോളം വരുന്ന തൊഴിലാളികൾ ജോലിചെയ്ത സ്ഥലത്ത് ഇന്ന് പന്ത്രണ്ടായിരം തൊഴിലാളികളെ ഉള്ളൂ. ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളോ മറ്റോ ഒരുപാട് പേരെ ഒഴിഞ്ഞുപോവാൻ പ്രേരിപ്പിച്ചു. തൊഴിലാളി വർഗ്ഗ സംഘടകൾ സമരം ചെയ്ത് നേടിയെടുത്ത എട്ടുമണിക്കൂർ പോലും ജോലിചെയ്യാൻ ആളില്ല എന്ന അവസ്ഥ. കാലം മാറിയപ്പോൾ സമര വീര്യം ചോർന്നുപോയി. എന്തുപറയാൻ രാവിലെ എട്ടു മുതൽ വൈകുന്നേരം ആറ് വരെ പണിയെടുത്താൽ പ്രൊവിഡന്റ് ഫണ്ടും ഗ്രാറ്റിവിറ്റിയും ഒക്കെ കുറച്ചിട്ട് എഴുപത് രൂപ കിട്ടും ഒരു കുടുംബം പുലർത്താൻ 70 രൂപ എത്രമാത്രം ഉപകരിക്കും എന്നത് ചിന്തിച്ചുനോക്കണം. പ്രത്യേകിച്ച് ഇന്നത്തെ കാലത്ത്.

വേറൊരു ജോലിയും അറിയാത്തവരാണ് അല്ലെങ്കിൽ കിട്ടാത്തവരാണ് ഈ പണിക്ക് നിൽക്കുന്നത്. പിന്നെ 58വയസായാൽ പി.എഫിന്റെ പെൻഷൻ കിട്ടും. മിക്കവരും 58 വയസ്സാകാൻ കാത്തിരിക്കുകയാണ്. 700, 800 രൂപ പെൻഷൻ കിട്ടുമല്ലോ.

ജീവിച്ചു തീർക്കാൻ ഈ 800 രൂപയെങ്കിലും പ്രതീക്ഷപോലെ തോന്നുന്നുണ്ട്. ബീഡിയില മുറിക്കുന്നതിനിടയിൽ മനോഹരേട്ടൻ പറഞ്ഞു.

ബീഡി തെറുക്കുന്ന ഇല ഒറീസയിൽ നിന്നും കൊണ്ടുവരുന്നതാണ്. ഇത് കിലോക്ക് 50 രൂപ കൊടുത്ത് കമ്പനിക്കാർ തന്നെ പോയി വാങ്ങും. ഇല പാകത്തിന് മുറിച്ചിട്ട് നനഞ്ഞ തുണിയിലോ ചാക്കിലോ ഇട്ടു വെക്കണം. ഇല്ലെങ്കിൽ തെറുക്കാൻ പറ്റില്ല. ഒടിഞ്ഞു പോകും. ഇത് ചുരുട്ടിക്കെട്ടി പാക്ക് ചെയ്യാനായി പേക്കിങ് സെന്ററിലേക്ക് കൊണ്ടുപോകും. അവിടെ നിന് ഹെഡ് ഓഫീസിലേക്ക് പിന്നെ അവർ ഷോപ്പുകളിൽ കൊടുക്കും.

പുത്തൻ ബിസിനസ് വ്യാപാരങ്ങളൊന്നും മനസ്സിലാകാതെ തന്നെ മനോഹരേട്ടൻകൂട്ടിച്ചേർത്തു. അധികം ആയാസമില്ലാത്ത ജോലിയായതുകൊണ്ട് സ്ത്രീകൾക്കും നന്നായി ചെയ്യാം. പക്ഷേ പുകവലി നിരോധനം കർശനമാക്കിയതുകൊണ്ട് ഞങ്ങൾ പ്രശ്നത്തിലാണ്.

ഓർക്കുക, ഒരുകാലത്ത് പടർന്നുകിടന്നിരുന്ന ബീഡി തൊഴിലാളികൾക്ക് എവിടെനിന്നാണ് മാറ്റത്തിന്റെ കുപ്പായം കിട്ടിയത്, പരിഷ്കാരങ്ങളാവാം കാരണം. എന്തിരുന്നാലും എവിടെനിന്നാണ് മാറ്റം അനുഭവിച്ചു തുടങ്ങിയതെന്ന് പഠിക്കേണ്ടിയിരിക്കുന്നു.

ഇവിടെ ഞങ്ങളിത് നിങ്ങളോട് പറയുമ്പോൾ നിങ്ങൾ വിചാരിക്കും ഇതൊക്കെ ബീഡിവലിക്കാൻ പ്രേരിപ്പിക്കലാണെന്ന്. എത്രയോ പകൽമാന്യൻമാർ നമുക്കിടയിലുണ്ട്. സിഗരറ്റും പാൻമസാലകളും ബീഡിയും ഒന്നും ഉപയോഗിക്കാത്ത, ഒരുകാലം ഒന്നും നമുക്കുണ്ടാവില്ല. പരസ്യമായി വലിക്കാത്തവൻ ചിലപ്പോൾ രഹസ്യമായി വലിച്ചേക്കാം. എത്ര നിരോധനങ്ങൾ ഉണ്ടായാലും വലിക്കുന്നവൻ വലിക്കുക തന്നെ ചെയ്യും.

ബീഡി തിരക്കൽ ഒരു തൊഴിലാണ്. ജീവിതത്തിന്റെ സമസ്ഥ മേഖലകളിലും നല്ലതും ചീത്തയുമുണ്ട്. അതുപോലെ ഇതിനുമുണ്ട്... ബീഡി ഉണ്ടാക്കുന്നത് ഒരുപാട് ജീവിതങ്ങൾ നിലനിർത്താനാണെങ്കിൽ ആ ബീഡി ചെയ്യുന്നത് ഒരു ജീവിതം നശിപ്പിക്കലാണ്.

ഞങ്ങൾക്ക് ഒരപേക്ഷയുണ്ട്.

പണം വാരിയെറിഞ്ഞ് മദ്യക്കുപ്പികൾ കാലിയാക്കുമ്പോഴും വലിയ ഗമയിൽ പാൻമസാലകൾ അണ്ണാക്കിലേക്ക് തള്ളുമ്പോഴും മുന്തിയ ഇനം സിഗരറ്റു വായിലൂടെ വലിച്ച് മൂക്കിലൂടെ പുറംതള്ളുമ്പോഴും 4 രൂപയ്ക്ക് ഒരുകെട്ട് കിട്ടുന്ന ദിനേശ് ബീഡി മറക്കരുത്...

അത്രമാത്രം..



ജോർജ്ജ് സി. തോമസ്
രണ്ടാം വർഷ ബി.കോം.



# 'ചർക്ക' - ഓർക്കുന്നുണ്ടോ ഈ വാക്ക്





കണ്ണൂരിൽ നാലായിരത്തോളം പവർ ലൂം ഉണ്ടായിരുന്നു. നഷ്ടങ്ങൾ സഹിക്കാനാവാതെ പലതും പൂട്ടി. പലരും നാടുവിട്ടു. ഒരുപാട് പേർ കൂലിപ്പണിക്ക് പോയി. ചരിത്രം ഇതിനെയൊക്കെ ചിലപ്പോൾ മറച്ചുകളയും.

ഗവൺമെന്റിന്റെ ഒരു സഹായവും തൊഴിലാളികൾക്ക് കിട്ടുന്നില്ല. ചില സൊസൈറ്റികൾക്ക് സഹായം ഉണ്ട്. അങ്ങനെയുള്ളവ പിടിച്ചുനിൽക്കുന്നു എന്ന് മാത്രം.

പകലന്തിയോളം പണിയെടുത്താലും ഒന്നും കിട്ടില്ല എന്നറിഞ്ഞിട്ടും ഇതിനെ ഇന്നും പരിപോഷിപ്പിക്കുന്നവർ ഏറെയുണ്ട്.

വീട്ടിലിരുന്നാലും സൊസൈറ്റിയിൽ പോയിചെയ്താലും അത് വളരെ കൃത്യതയോടെയാണ് ചെയ്യുന്നത്. നെയ്യുമ്പോൾ തുണിക്ക് ഇത്ര നീളം ഇത്ര വീതി എന്നൊക്കെയുണ്ട്. അത് അവർ പറയും. നീളം ഒരു ഭാഗിക്ക് കുറഞ്ഞാലോ കൂടിയാലോ തുണി കമ്പനി എടുക്കില്ല. നൂലിന് പൊട്ടിയിരുന്നാലും എടുക്കില്ല. നഷ്ടം തന്നെ നഷ്ടം സഹിക്കണം. നഷ്ടം വരുന്നത് കൂലിയിൽ നിന്ന് കുറക്കണം. കുഞ്ഞുങ്ങളുടെ വാക്കുകൾ കേട്ട് മടിക്കും വിഷമം തോന്നി. നല്ലൊരു ഷർട്ടിടാൻ ആ തുക കിട്ടണമെങ്കിൽ എത്രയിരട്ടി ദിവസമെങ്കിലും പണിയെടുക്കണം.

ഇവർ ജീവിക്കുന്നത് മറ്റുചില ഓർമ്മകളിലൂടെയാണ്. മുൻകാലങ്ങളിൽ ഇതൊക്കെ ഇവിടെ ഉണ്ടായിരുന്നു എന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. വീടിന്റെ ഉമ്മറത്ത് ഒരു മൂലയിൽ വലപിടിച്ചുകിടക്കുന്ന ആ ചർക്കയ്ക്കും ഒരു ജീവിത കഥയുണ്ട്.



**സുജിത് പി.പി.**
രണ്ടാം വർഷ ബി.കോം.

# കടലമ്മയുടെ മക്കൾക്കൊപ്പം



കടൽ നൽകുന്ന മീൻ വിറ്റ് കുടിലിൽ അന്തിയുറങ്ങുന്നവരും ധാരാളിത്തത്തിന്റെ സിംഹാസനത്തിൽ ഇരിക്കുന്നവരും ചർച്ചയിൽ വരാൻ കാരണം ഉണ്ടായിരുന്നു.

നാട്ടിൽ ചക്കറ്റിലും കുട്ടയിലും മീനുകൊണ്ടുവന്ന് വിറ്റ് ജീവിക്കുന്ന ദരിദ്രരായ കുടുംബങ്ങളെ കണ്ടിട്ടുണ്ട്. എവിടെയൊക്കെയോ വായിച്ചറിഞ്ഞ കടപ്പുറത്തെ ജീവിതങ്ങളുടെ നൊമ്പരങ്ങളും കണ്ടുമറന്ന മത്സ്യവിൽപനക്കാരുമൊക്കെ മനസ്സിനെ അലോസരപ്പെടുത്തി.

കടപ്പുറത്ത് ബോട്ടുകളിൽ മത്സ്യംപിടിച്ച് ആയിരങ്ങൾ വരുമാനമുണ്ടാക്കുന്നവരുണ്ട്.

ഗൾഫിലും മറ്റും മക്കളുള്ളവരും കണക്കില്ലാതെ കൂലികിട്ടുന്നവരും പറയുന്നത് ധനികരായ മത്സ്യതൊഴിലാളികളെക്കുറിച്ചാണ്.

കൂലി മീൻകിട്ടുന്നത് പോലെയാണ്. പ്രത്യേകിച്ച് കണക്കൊന്നുമില്ല. ചിലപ്പോൾ കൊട്ടക്കണക്കിന് വിലപറയും ചിലപ്പോൾ കിലോക്കണക്കിനും [illegible] മാത്രമേ നോക്കാറുള്ളൂ. നഷ്ടത്തിന് [illegible] പാകമാകുമ്പോൾ [illegible] എന്ന് മത്സ്യങ്ങൾ കിട്ടുന്നതാണ് ചാകര എന്നു പറയുന്നത്. [illegible] വാക്കുകളിൽ ആത്മവിശ്വാസം തുളുമ്പുന്നു.

കടൽക്ഷോഭം വരുമ്പോൾ ഇത്തരക്കാർ അധികം മാറിനിൽക്കുമെങ്കിലും സാമ്പത്തികമായി പ്രശ്നങ്ങളൊന്നും ഉണ്ടാവാറില്ല.

കടലോരങ്ങളെക്കുറിച്ച് പറയുന്ന എല്ലാവരുടെയും [illegible] കടലിനെ [illegible] ആയിരങ്ങൾ സമ്പാദിക്കുന്ന മത്സ്യക്കച്ചവടക്കാർ ഇവിടെയുണ്ട്.

കൃത്യമായൊരു വരുമാനം പറയാൻ കഴിയില്ല. ഗവൺമെന്റിന് കൊടുത്ത കണക്കനുസരിച്ച് മാസവരുമാനം 200, 250, 500 രൂപയാണ് ഇപ്പോഴത്തെ നിലവാരംവെച്ച് നോക്കുകയാണെങ്കിൽ ചിലപ്പോൾ ഒരു ദിവസം പത്തായിരം കിട്ടും. ചിലപ്പോൾ അഞ്ചായിരം കിട്ടും. ഒരു ബോട്ടിൽ മൂന്നോ നാലോ പേര് പോകും കിട്ടുന്നത് വീതിച്ചെടുക്കും.

മത്സ്യബന്ധനം പട്ടിണിയില്ലാത്ത ബിസിനസാണെന്ന് ജോസഫേട്ടന്റെ വാക്കുകളിൽ നിന്ന് വ്യക്തം.

പക്ഷേ മനസ് അടങ്ങിയിരിക്കുന്നില്ല. ഇതൊന്നുമില്ലാതെ ബക്കറ്റും കുട്ടയുമായി ഒരു തോണിയിൽ കടലിൽപോയി വലയിട്ട് മീൻ പിടിച്ച് കരയ്ക്കെത്തി അത് വിറ്റ് കിട്ടുന്ന ചെറിയ വരുമാനം കൊണ്ട് ജീവിക്കുന്നവരും ഉണ്ട്.



അങ്ങനെയാണ് ഹമീദ്ക്കായെ പരിചയപ്പെട്ടത്.

വല്ലപ്പോഴും കൂടുതൽ മീൻ കിട്ടും. അത്യാവശ്യം ജീവിക്കാനുള്ളതൊക്കെയുണ്ടാവും. നാട്ടിലങ്ങോളമിങ്ങോളം നടന്ന് കൂവി മീനുവിറ്റിട്ടാണ് ഞാൻ ജീവിക്കുന്നത്. ചിലപ്പോൾ രോഗം വന്നാൽപോലും കാണിക്കാൻ കാശുണ്ടാവില്ല. നിർത്താൻ പോകുവാണ്. തീരെ വയ്യ.... നടക്കാനൊന്നും കഴിയുന്നില്ല.

ഇങ്ങനെ ഹമീദ്ക്ക പറയുമ്പോഴാണ് മത്സ്യക്കച്ചവടത്തിന്റെ ദാരിദ്ര്യ മുഖം കാണാൻ കഴിയുന്നത്.

കടപ്പുറത്തിന്റെ ദയനീയതയും പട്ടിണി മുഖവും ആധാരമാക്കി കഥകളും സിനിമകളും ധാരാളമുണ്ട്. പക്ഷേ ആരും അതിന്റെ ആഴങ്ങളിലേക്ക് നോക്കുന്നില്ല. ഇന്നും കടപ്പുറത്ത് എത്രയോ പട്ടിണിപ്പാവങ്ങൾ ഉണ്ട്.

കൈകൂപ്പാതെ കടലാണ് അമ്മ എന്നുപറഞ്ഞ് വഞ്ചി ഇറക്കി കടലിനോട് മീൻ യാചിക്കുന്നവരും, കൊള്ളയടിക്കുന്നവരും രണ്ടും തന്നെയാണ്. അവരിടയും ജീവിതത്തിന്റെ രണ്ട് വശങ്ങൾ കടലും സൃഷ്ടിച്ചു. ഉള്ളവനും ഇല്ലാത്തവനും.



പ്രജിത്ത്
ഒന്നാം വർഷ ബി.കോം.

# പച്ചിരുമ്പ് തച്ചുപരത്തി...



ചുട്ടുപൊള്ളുന്ന ഇരുമ്പു കഷ്ണം അടിച്ചുപരത്തി മഴുവും കത്തിയുമൊക്കെ ആക്കിയെടുക്കുമ്പോൾ ഉറ്റുവീഴുന്ന വിയർപ്പുതുള്ളികൾ പറയുന്നത് ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു തൊഴിലിന്റെ കഥയാണ്.

കൊല്ലൻ എന്നുവിളിക്കുന്നവരെക്കുറിച്ച് അറിയാൻ ആഗ്രഹം തോന്നിയത് വെറുതെയല്ല. ചിതറിമറിക്കുന്ന തീച്ചൂളകൾക്കിടയിൽ ഇരുന്നുകൊണ്ട് ജീവിക്കാൻ വേണ്ടി ഇരുമ്പടിച്ചു പരത്തുന്നവരാണ് കൊല്ലൻമാർ. പാരമ്പര്യമായി തൊഴിൽ ചെയ്യുന്നവർ കുറഞ്ഞുകുറഞ്ഞുവരുന്നു. കാരണം മറ്റുള്ളവർക്കനുസരിച്ച് ജീവിക്കാനുള്ള വരുമാനം ലഭ്യമല്ല എന്നതുതന്നെ. ഭാവി ജീവിതം സുരക്ഷിതമല്ല എന്ന സത്യം ഈ പൈതൃകത്തെ അകറ്റി നിർത്താൻ നിർബന്ധിതരാക്കുന്നു.

ചെങ്കൽ ക്വാറികൾ കേന്ദ്രീകരിച്ച് അന്യ സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുമ്പോൾ നാടൻ കൊല്ലൻമാർക്ക് തൊഴിൽ കുറയുന്നു എന്നത് യാഥാർത്ഥ്യം. സർക്കാരിൽ നിന്ന് ഒരാനുകൂല്യവും കിട്ടാതെ പാരമ്പര്യ കൊല്ലൻമാർ വളരെ കഷ്ടപ്പെട്ടാണ് ജീവിക്കുന്നത്.

കാലക്രമേണ കൊല്ലൻ എന്ന പേരും ആ തൊഴിലും ആധുനിക മനുഷ്യൻ മറന്നുപോകുമോ എന്നറിയില്ല. കാലത്തിന്റെ മായാത്ത ഓർമ്മകളിൽ ചിലരെങ്കിലും പിടിച്ചുനിന്നാൽ ഭാഗ്യം. അല്ലെങ്കിൽ കൊല്ലപ്പണി എന്നത് പാഠപുസ്തകത്തിലെ ചിത്രങ്ങൾ മാത്രം കണ്ട് മനസ്സിലാക്കേണ്ടിവരും അടുത്ത തലമുറയ്ക്ക്





അവിനാഷ്
രണ്ടാം വർഷ ഗണിതം

# നമ്മൾ നിങ്ങളുടെ അണ്ണാച്ചികൾ



പഴകിയ ചാക്കും പുറകിലിട്ട്, മുഷിഞ്ഞ് നാറുന്ന കൈലിയും ഷർട്ടും ധരിച്ച് പഴയ സാധനങ്ങൾ പെറുക്കി ജീവിക്കുന്നവരെ എപ്പോഴും നമ്മൾ കാണാറുണ്ട്. ആര് എന്ന് അറിയാതെ നമ്മൾ പറഞ്ഞുപോവുന്നവരെ കുറിച്ച് കുറച്ചുണ്ട് പറയാൻ...

പ്ലാസ്റ്റിക് സാധനങ്ങൾ വിറ്റാൽ ജീവിച്ചുപോകാം. പഴയ സാധനങ്ങൾ വീടുകളിൽ പോയി വാങ്ങുന്നവരെകുറിച്ചല്ല ഞങ്ങൾ പറയുന്നത്. മറിച്ച് വഴിയോരങ്ങളിൽ അലഞ്ഞുനടന്ന് എന്തെങ്കിലും പെറുക്കി കിട്ടുന്ന കാശിന് വൈകുന്നേരം ഇത്തിരി കഞ്ഞികുടിച്ച് എതെങ്കിലും കടത്തിണ്ണയിൽ കിടന്നുറങ്ങുന്നവരെക്കുറിച്ചാണ്.

ഇവർക്കിടയിൽ നല്ലവരും ചീത്തയായവരും ഉണ്ട്... ഒരോ ദിവസവും തള്ളി നീക്കാനാണ് ഇവർ പ്രയാസപ്പെടുന്നത്.

തമിഴ് നാട്ടിൽ നിന്ന് വന്ന് കള്ളത്തരങ്ങൾ കാണിക്കുന്നവരും 'പെറുക്കി' എന്ന് വിദ്യാസമ്പന്നർ വിളിക്കുന്നവരും, തെരുവിന്റെ കാഴ്ചയാണ്. ഇതിൽ അലഞ്ഞു നടന്ന് പഴയത് പെറുക്കിയെടുത്ത് വിറ്റ് ജീവിക്കുന്ന നല്ലവരുടെ ഇടയിലേക്കാണ് ഞങ്ങൾ പോയത്.

"ഇവിടെ പോലീസുകാർ നമ്മെ വിളിക്കും, ഓരോന്ന് ചോദിക്കും. അടുത്തെവിടെയെങ്കിലും കളവ് നടന്നാൽ ആവർ ആദ്യം നമ്മളെ പിടിച്ചോണ്ട് പോയി ചോദ്യം ചെയ്യും. ചിലര് കക്കാൻ നടക്കുന്നതാണ്. നമ്മക്ക് ഉറക്കില്ല. നമ്മളും കള്ളന്മാരാകണ്.."

മനുഷ്യത്വത്തിന് കരിനിഴൽ ബാധിച്ചവർ, അദ്ധ്വാനിക്കാതെ ആളെപറ്റിച്ച് ജീവിക്കുന്നവരും ഇടയിലുണ്ടെന്ന് ഇവർക്കറിയാം. പക്ഷേ അവർ ചെയ്യുന്ന കുറ്റങ്ങളുടെ ഫലം അനുഭവിക്കുന്നത് ഇവർ കൂടിയാണ്.

ശരിക്കുപറഞ്ഞാൽ ഇവരുടേതാണ് ജീവിതം എന്ന് തോന്നും. ഒന്നിനെക്കുറിച്ചും ആലോചിക്കാതെ ആകുലരാവാതെ കഴിഞ്ഞു പോവാൻ കഴിയുന്നുണ്ടല്ലോ. ചില കുട്ടികളെ കണ്ടാൽ ഓവുചാ

ലിൽ കിടുന്നുരുണ്ടപോലുണ്ട്.

ഇവരെ കാർന്നുതിന്നാൻ ആളുണ്ടെന്നതാണ് ചിന്തിക്കേണ്ടത്.

“നമ്മള് ഗ്രൗണ്ടിലാണ് കിടക്കല്. രാത്രിയാകുമ്പം ഭയങ്കര ബുദ്ധിമുട്ടാണ്. സ്വസ്ഥമായിട്ട് ഉറങ്ങാൻ പറ്റില്ല. പകല് പേന്റും കോട്ടും ഇടുന്നവർ രാത്രി പെണ്ണ് തപ്പാൻ വരും. അപ്പോ നമ്മള് ഒച്ചപ്പാടാക്കും. ചെലപ്പം പോലീസ് വന്ന് അവരെ ഓടിക്കും.”

കലർപ്പില്ലാത്ത പച്ചമണ്ണ് പറ്റിക്കിടന്ന് ഉറങ്ങുന്ന ഈ പച്ചമനുഷ്യരുടെ ദുരവസ്ഥ പറയുമ്പോൾ വെങ്കടേശ്വര എന്ന പാവം മനുഷ്യന്റെ കണ്ണു നിറഞ്ഞു.

കേരളത്തിന്റെ മണ്ണിലേക്ക് കുടിയേറിയവർക്ക് തിരിച്ചുപോവാൻ അറിയില്ല. നാട്ടിൽ ഗവൺമെന്റ് കൊടുത്ത വീടുകളിൽ താമസിക്കുന്നവരാണ് അധികമാളും. പക്ഷേ അവിടെ താമസിക്കാറില്ല... എന്തെലും പണി എടുക്കാമെന്നുവെച്ചാൽ സമൂഹം അവരെയങ്ങനെ അടുപ്പിക്കില്ല. അതുകൊണ്ട് സ്വന്തമായി തൊഴിൽ തേടിയിറങ്ങി.

ഗ്രൗണ്ടിൽ അറ്റത്തുള്ള തണൽമരത്തിന്റെ വേരോടു ചേർന്ന് ഒരു കുട്ടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. വേരുപോലെ തന്നെ... അതിനെ കുറിച്ച് ചോദിച്ചപ്പോൾ വിശന്നിട്ട് ഉറങ്ങിയതാണെന്ന് മറുപടിയും.

ഒരു ഉരുളി കട്ടവനും കള്ളനാണ് ബാങ്ക് കവർച്ച നടത്തിയവനും കള്ളനാണ്.

എല്ലാവരെയും കള്ളൻമാരാണെന്ന് മുദ്രകുത്തുന്നതിനിടയിൽ ഓർക്കുക, ഇവർക്കിടയിലും നല്ലവരുണ്ട്.. പക്ഷേ നമ്മളെപോലെ പരിഷ്കാരികളാവാൻ അവർ ആഗ്രഹിക്കുന്നില്ല എന്നത് സത്യം.





നിപ്പി
രണ്ടാം വർഷ ബി.കോം.

ആശംസകളോടെ....

വായ്പയിലും
നിക്ഷേപത്തിലും
ജില്ലയിൽ ഒന്നാം സ്ഥാനത്ത്

No.1 ബാങ്ക്

നമ്മുടെ ബാങ്ക് 2500 കോടി രൂപയുടെ
ബിസിനസ് ലക്ഷ്യവുമായി
ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക്...

# കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ലി.

(റിസർവ്വ് ബേങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ളത്)

P.B. No. 35, Kannur-1 Gram. JILLA BANK. Ph: (EPABX) 0497-2700001 to 2700004
Fax : 0497-2711968, E-mail: dcbknr@dataone.in
President : 0497-2700624. General Manager: 0497-2700621

* ഭവന നിർമ്മാണ വായ്പ
* വ്യക്തിഗത വായ്പ
* സ്വർണ്ണപണയ വായ്പ
* വ്യവസായ വായ്പ
* വിദ്യാഭ്യാസ വായ്പ
* വിവാഹ വായ്പ

തുടങ്ങി വിവിധയിനം വായ്പകൾ

വൈവിധ്യമാർന്ന
നിക്ഷേപ പദ്ധതികൾക്ക്
ഉയർന്ന പലിശ

വിവാഹ ആവശ്യങ്ങൾക്കും മറ്റുപരിപാടികൾക്കും
ആധുനിക സൗകര്യങ്ങളോടുകൂടിയ A/C ഓഡിറ്റോറിയം

**ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിലായി 49 ശാഖകൾ**

**സേവനമാണ് ഞങ്ങളുടെ ലക്ഷ്യം**

കെ. ജയവല്ലി
ജനറൽ മാനേജർ ഇൻ. ചാർജ്ജ്

പി. ഹരീന്ദ്രൻ
പ്രസിഡണ്ട്

*With Best Wishes*

No.F.1228

ESTD. 1946

# THE MATTANUR CO-OPERATIVE RURAL BANK LTD.

**H.O. Mattanur - 670 702. Kannur (Dist.) Kerala- E-mail : Mattanurcrb@bsnl.in**
Ph: 0490-2474227, Fax : 0490-2474914. Enquiry :; 0490-2474915 (Deposit), 0490-2474916 (Loan)

**BRANCHES**

Main Br. (Mattanur) Ph: 2471227. Edayannur (Chalode) Ph: 2484556. Morning & Evening Br. (Mattanur) Ph: 2471127
Uliyil Ph: 2433140. Sivapuram Ph: 2400510. Uruvachal Ph: 2477227. Ayippuzha Ph: 0460-2259847

*With Best Wishes*




*With Best Wishes*

Ph: 0490-2491626 (O)
2491627 (R)

# ELITE GLASS HOUSE

Main Road- IRITTY- 670 703. Kannur Dt. Kerala

*Dealers In :*

* Plywoods * Mirror Glass * Window Glass
* Plain Glass * Novapan * W.I. Plywoods * Paints
* Hard Boards * Steel Hinges * PVC Reeper
* Bamboo * Plywoods * Aluminium Fittings etc.

*With Best Wishes*

# UPTODATE

**HAIR DRESSERS & GENTS BEAUTY PARLOUR**

New Bus Stand Road- **IRITTY**

Ph: 9447684403
9947343877

ആശംസകളോടെ....

## കെ.പി.ആർ. ഫൂട്‌വെയർ

ന്യൂ ബസ് സ്റ്റാന്റ്-ഇരിട്ടി

**ന്യൂ കെ.പി.ആർ.**

ഫൂട്ട്‌വേർ, ഫാൻസി & സ്റ്റേഷനറി
മുസ്ലീം പള്ളിക്ക് സമീപം - ഇരിട്ടി

**ന്യൂ കെ.പി.ആർ.**

ഫൂട്ട്‌വേർ, ഫാൻസി & സ്റ്റേഷനറി- ഉളിക്കൽ

**പുഞ്ചിരി** ഫൂട്ട്‌വേർ, ഫാൻസി & സ്റ്റേഷനറി ഉളിക്കൽ

**ചലനം** ഫൂട്ട്‌വേർ, ഫാൻസി & സ്റ്റേഷനറി
പുതിയ ബസ്സ്റ്റാന്റ്-ഇരിട്ടി

ഫോൺ : 9447945683, 2491504 (റസി.)

ആശംസകളോടെ....

## വീനസ്

**ഡിജിറ്റൽ സ്റ്റുഡിയോ**

**കളർലാബ്**

ന്യൂ ബസ് സ്റ്റാന്റ്-ഇരിട്ടി

ഫോൺ : 0490-2492898

**Passport Size Photo in 10 minutes**

❖ Digital Photography & Videography
❖ Out Door Photography ❖ Digital Album ❖ Photo Lamination
❖ Recopy orks ❖ Thanks Cards ❖ Visiting Cards
❖ Wedding Cards ❖ Film ❖ Album ❖ Camera Sales

*With Best Wishes*

G Tec

## G-Tec Computer Education

Thavakkal Complex- IRITTY
Kannur- 670 703
Ph: 0490-3293162, 9349952943

ആശംസകളോടെ....

Ph : 0490-2501005
0405655144

# അന്നാസ്
## പ്രൊഫഷണൽ സ്റ്റുഡിയോ

നിങ്ങളുടെ സ്വപ്നങ്ങളെ നിറങ്ങളിൽ ചാലിക്കാൻ,
ജീവിതത്തിലെ സുരഭില നിമിഷങ്ങളെ എന്നെന്നും
ഓർമ്മകളായി സൂക്ഷിക്കുവാൻ...

പ്രൊഫഷണൽ ഫോട്ടോഗ്രാഫിയും ആധുനിക സാങ്കേതിക വിദ്യയും കോർത്തിണക്കി ഇരിട്ടി ബസ് സ്റ്റാന്റിനു സമീപത്തുള്ള ഫാത്തിമത്ത് ഷംസീന (മിഷാൽ) കോംപ്ലക്സിൽ

ഇൻഡോർ & ഔട്ട് ഡോർ ഫോട്ടോഗ്രാഫി
ഡിജിറ്റൽ ആൽബം ഡിസൈനിംഗ്
ഗ്രാഫിക് ഡിസൈനിംഗ്
വിസിറ്റിംഗ് & താങ്ക്സ് കാർഡുകൾ
ഇൻവിറ്റേഷൻ കാർഡുകൾ

പാസ്പോർട്ട് ഫോട്ടോകൾ നിമിഷങ്ങൾക്കകം

ഫോട്ടോ ലാമിനേഷൻ
അഡ്വർടൈസിംഗ് ഫോട്ടോഗ്രാഫി
മോഡലിംഗ് ഫോട്ടോഗ്രാഫി
വെഡ്ഡിംഗ് ഫോട്ടോഗ്രാഫി
പരസ്യ സിനിമാ ചിത്രീകരണം



ആശംസകളോടെ.....

# പയ്യന്നൂർ കോ-ഓപ്. ടൗൺ ബാങ്ക് ലിമി.

നമ്പർ സി. 827
(ക്ലാസ്സ് I സ്പെഷൽ ഗ്രേഡ് ബാങ്ക്)

ഹെഡ്ഡാഫീസ് : പയ്യന്നൂർ.
ഫോൺ: 0954985 202930

ബ്രാഞ്ചുകൾ :

| | | | |
|---|---|---|---|
| പയ്യന്നൂർ മെയിൻ. | ഫോൺ : 202950 | രാമന്തളി | ഫോൺ : 210250 |
| പയ്യന്നൂർ സായാഹ്നം. | 205671 | മാതമംഗലം | 277782 |
| ചെറുപുഴ | 240210 | കരിവെള്ളൂർ | 260539 |

സെക്രട്ടറി ശ്രീമതി ടി. വി. ശോഭ
ചെയർമാൻ ശ്രീ. കെ.പി. നൂറുദ്ദീൻ


Censure Board
അവൾ
ചരക്ക്
വേശ്യ

# വേശ്യകൾക്കായി ഒരിടം





ഇതും ഒരുതരം ചൂണ്ടിക്കാണിക്കൽ മാത്രമാണ്. ഇങ്ങനെയൊക്കെ ഇവിടെ നടക്കുന്നുണ്ടെന്ന് നിങ്ങളോട് പറയുക മാത്രം..

പലവഴിക്കവലയിൽ നാലുപാടും കണ്ണോടിച്ച് സാരിത്തുമ്പു പൊക്കിക്കുത്തി മുല്ലപ്പൂവിന്റെ പരിമളം ചാർത്തി കണ്ണിലൊരു തൃഷ്ണ ഒപ്പാരിയും പുറ്റിപ്പിടിച്ച് തൊഴിൽ ചെയ്യുന്നവരെ കുറിച്ച്, 'വേശ്യ' എന്ന് വിളിക്കുന്ന ലൈംഗിക തൊഴിലാളികളെക്കുറിച്ച് ഓർമ്മിപ്പിക്കാതിരിക്കാൻ വയ്യ.

പ്രദീപ് നായരുടെ 'ഒരിടം' എന്ന സിനിമ പറയുന്നതും മറ്റൊന്നല്ല. ജീവിക്കാൻവേണ്ടി സ്വന്തം ശരീരം വിൽക്കേണ്ടിവന്ന ഒരുപറ്റം സ്ത്രീകളെക്കുറിച്ചും മടക്കം അറിയാതെ ഇടറിവീണാൽ പിന്നെ തിരിച്ചുനിർത്തുന്നതിനുപകരം തെരുവുകളിലേക്ക് തള്ളിവിടുന്ന ലൈംഗിക തൊഴിലാളി സംഘടനകളെക്കുറിച്ചും ഒക്കെയാണ്.

തന്റെ പിള്ളാരുകളെ പഠിപ്പിക്കാൻ വേണ്ടി നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന സ്ത്രീയുടെ നീറുന്ന അനുഭവവും ഏതോ ഒരു നിമിഷത്തിൽ 100 രൂപയ്ക്ക് വേണ്ടി ശരീരം കാഴ്ചവെച്ചപ്പോൾ തകർന്ന മനസ്സുമായി വീണ്ടും പണമുണ്ടാക്കാൻ ഇതൊരു ജോലിയാക്കുകയും ചെയ്ത് ഒടുവിൽ ഇതൊന്നും മനസ്സാക്ഷിക്ക് നിരക്കാൻ കഴിയാത്തതാണ് എന്ന് തിരിച്ചറിവോടുകൂടി പുറം നാട്ടിലേക്ക് ജോലിതേടി പോകാൻ കയ്യിലുള്ള കാശൊക്കെ സ്വരൂപിച്ചുകൂട്ടി തുനിഞ്ഞിറങ്ങുകയും ഒടുവിൽ പിറന്നമണ്ണും ബന്ധങ്ങളും ഒക്കെ ഉപേക്ഷിച്ച് എങ്ങും പോകാൻ കഴിയാതെ ആർക്കോ വേണ്ടി ഇവിടെത്തന്നെ ജീവിച്ചുപോകുന്ന കഥാപാത്രവും നമുക്ക് തരുന്ന ചിത്രം തീവ്രമാണ്.



കൗമാരപ്രായക്കാരും ഭാര്യയും മക്കളും ഉള്ളവനും കബിടിച്ച് 2500 രൂപ ശമ്പളത്തിൽ ജോലിചെയ്തിട്ടും ഇഷ്ടത്തിന് നീങ്ങുന്നവനും അന്യസംസ്ഥാനത്തിന്റെ പ്രാന്തപ്രദേശത്തിൽ കിടന്നുറങ്ങുന്നവനും അധികം നേരത്തെ സുഖത്തിനുവേണ്ടി വേശ്യകളെ സമീപിക്കുന്നു. ഇതൊരു യാഥാർത്ഥ്യമാണ്. നഗരങ്ങളിൽ മാത്രമല്ല ഗ്രാമ പ്രദേശങ്ങളിൽ വരെ നിത്യ കാഴ്ചകളാകുന്നു.

എന്തിനാണ് ഇങ്ങനെ ചെയ്യുന്നത് എന്ന് ഞങ്ങൾ പറഞ്ഞാൽ എന്താണ് ഇങ്ങനെ ചെയ്താൽ എന്ന് വാദിക്കാൻ ആളുകളുണ്ടാകും. അതുകൊണ്ട് അവരെ ഇതിന്റെ നല്ലതും മോശവുമായ വശങ്ങളെക്കുറിച്ച് ഞങ്ങൾ ആകുലരാകുന്നില്ല. എങ്കിലും ഇതൊക്കെ ഇവിടെ നടക്കുന്നുണ്ടെന്ന് സൂചിപ്പിക്കുകമാത്രം.

നാടുമുഴുവൻ പെൺവാണിഭ സംഘങ്ങൾ കൂട്ടംകൂട്ടമായി വന്നു ചേരുമ്പോൾ സാമൂഹിക രാഷ്ട്രീയ മേലാളന്മാർക്ക് നോക്കി നിൽക്കാനേ കഴിയുകയുള്ളൂ. ഏറ്റവും വലിയ വ്യവസായ ശൃംഖലയായി വാണിഭ സംഘങ്ങൾ മാറിയാൽ അതിൽ അതിശയോക്തിയില്ല. ഇനി കുറച്ചു കഴിയുമ്പോൾ പെൺവാണിഭ സംഘങ്ങൾക്ക് പകരം ആൺവാണിഭ സംഘങ്ങൾ ഉയർന്നുവന്നേക്കാം. ലൈംഗികത്തൊഴിലാളികളും, വേശ്യകളും വാണിഭ സംഘങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

പുറം നാടുകളിൽ പെൺവാണിഭ സംഘങ്ങളുമായി ബന്ധപ്പെട്ടു റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ പണത്തിനുവേണ്ടി ശരീരം കാഴ്ചവെക്കുന്നവരിൽ ഏറ്റവും കൂടുതൽ മലയാളി പെൺകുട്ടികളാണ് എന്ന വസ്തുത ഓർക്കുന്നത് നല്ലത്. അഭിമാനംകൊണ്ട് പാടുന്നവരായിരിക്കില്ല. എങ്കിലും പുറം ലോകത്ത് അങ്ങനെയും കാൽ ചതിക്കുഴികളുണ്ടെന്ന് തിരിച്ചറിയാൻ മാത്രം ബുദ്ധിയില്ലാത്തവരാണോ മലയാളി പെൺകുട്ടികൾ.

**കണ്ണൂർ സിറ്റി. പി. ഒ. കണ്ണൂർ.**

ആരോടെങ്കിലും പറഞ്ഞുകേട്ട കഥകൾ നേരാണോ എന്നറിയാനാണ് കണ്ണൂർ നഗരത്തിലെ ഞങ്ങളുടെ അന്വേഷണം. ഒടുവിൽ ഞങ്ങളുടെ കണ്ണുകളും തിരിച്ചറിയാൻ തുടങ്ങി ഈ നാടും അവർ



കീഴ്പ്പെടുത്തും.

കണ്ണൂർ ബസ്സ്റ്റാന്റ് പരിസരത്ത് വേശ്യകൾ എന്നും റോന്തുചുറ്റുന്നു. അവർക്കു ചുറ്റും മാഫിയ സംഘങ്ങൾതന്നെയുണ്ട്. ജ്യൂസു കുടിച്ചുകൊണ്ട് ആളുകളെ മാടിവിളിക്കുന്ന ഇരുപതുകാരിയും തൂണുചാരി നിന്ന് കോപ്രായങ്ങൾ കാട്ടി വശീകരിക്കുന്ന മുപ്പത്തിയഞ്ച് കാരിയും തട്ടമിട്ട് കണ്ണടവെച്ച് മുഴുവൻ സമയവും മൊബൈലിൽ കസ്റ്റമേഴ്സിനോട് സംസാരിക്കുന്ന നാല്പതുകാരിയുമൊക്കെ കണ്ണൂരിൽ നിറഞ്ഞ സാന്നിധ്യമാണ്. പാത്തും പതുങ്ങിയും ഫോട്ടോയെടുക്കുവാനുള്ള ശ്രമത്തിനിടയിൽ അവർ ഞങ്ങളെ കണ്ടു. ഓടി രക്ഷപ്പെട്ടപ്പോൾ ഞങ്ങൾക്കുപിന്നിൽ വന്ന മൂന്ന് ഓട്ടോറിക്ഷകളും ഒരു കാറും സൂചിപ്പിച്ചത് ഇതൊന്നും നിങ്ങൾ വിചാരിച്ചാൽ നിർത്തലാക്കാൻ കഴിയില്ല എന്നതാണ്.

200 രൂപകൊടുത്താൽ മിനുട്ടുകൾക്കകം റിക്ഷാക്കാരനെത്തും. അതിലൊരു സുഖസവാരിയുമായി ഇടത്താവളങ്ങളിലേക്ക്. അതാണ് കണ്ണൂരിലെ വേശ്യകളുടെ രീതി. രാത്രിയായാൽ സമ്പന്നതയുടെ മുഖമുദ്രയുള്ള പകൽമാന്യന്മാരുടെ കൂടെയും.

ഒരിടം എന്ന സിനിമ അവസാനിക്കുന്നതും ഒരു ദുരന്തത്തോടെയാണ്. വേശ്യകൾ മനസ്സുതകർന്ന് ഒരു മൂലയിൽ കുത്തിയിരിക്കുമ്പോൾ അതിനെ ഷൂട്ട് ചെയ്ത് ഡോക്യുമെന്ററികളാക്കാൻ മത്സരിക്കുന്ന ചാനലുകൾ സ്ഥിരം കാഴ്ചയാണ്. ഒടുവിൽ ചാനലിനു വേണ്ടതൊക്കെ കിട്ടിയാൽ ഇവർക്ക് ഇനിയെന്താണ് സംഭവിക്കുക എന്ന് ഒരു നിമിഷം പോലും അവർ ആലോചിക്കില്ല.

നിർത്തുന്നതിനുമുമ്പ് ഒന്നുകൂടി പറഞ്ഞോട്ടെ. വേശ്യകളെന്നു നാം വിളിക്കുന്നവർക്ക് ഇവിടെ നല്ല രീതിയിൽ ജീവിക്കണമെന്നുണ്ട്. പക്ഷേ നടക്കുന്നില്ല എന്നു മാത്രം. വേശ്യാപ്രവർത്തനം മോശമാണെന്നു ഞങ്ങളും പറയുന്നില്ല. അങ്ങനെ പറഞ്ഞിട്ടെന്തു കാര്യം.



സന്ദീപ് നാരായൺ
അക്ഷയ് പ്രേംനാഥ്

ആശംസകളോടെ....

Ph: 0490-2491671, 2492020
Mob: 9496112244
9747184777

സ്കൂൾ, കോളേജ്
വിദ്യാർത്ഥികൾക്കാവശ്യമായ
എല്ലാവിധ സാധനങ്ങളും
ഓഫീസ് സ്റ്റേഷനറി സാധനങ്ങളും
അപേക്ഷാ ഫോറങ്ങളും
മിതമായ നിരക്കിൽ

# ശ്രീ ഏജൻസീസ്

മെയിൻ റോഡ്- ഇരിട്ടി



ഇന്ത്യൻ റെയിൽവേ അംഗീകൃത ടിക്കറ്റ് റിസർവേഷൻ
ഫോൺ : 0490-2492020
വിമാന ടിക്കറ്റ് റിസർവ്വ് ചെയ്യാൻ സൗകര്യം
ബി.എസ്.എൻ.എൽ. ഫ്രാഞ്ചസി
ലേബർഇന്ത്യ അംഗീകൃത വിതരണക്കാർ
എം.ടി.എസ്. അംഗീകൃത വിതരണക്കാർ

ഞങ്ങളുടെ സഹോദര സ്ഥാപനം

## *നിർമ്മല ബുക്സ്*

പുതിയ ബസ് സ്റ്റാന്റ്- ഇരിട്ടി. ഫോൺ : 2493444

*With Best Wishes*

# MAMBARAM ENGLISH MEDIUM SCHOOL

**MAMBARAM (P.O) KANNUR (DIST)**

**(AFFILIATED TO CBSE DELHI NO.:930366)**

**Senior Secondary School**

**Phone : 0490-2382607. Fax : 0490-2384596, 0490-2383325**

**Manager**
**MAMABARAM P. MADHAVAN**

**Principal**
**A.C. RAGHUNATHAN M.A. B.ED.**

*Best Compliments from*

## BENHILL ENGLISH SCHOOL

**BENHILL, IRITTY - 670 703**

CBSE Aff. No. 930593

Ph: 0490-2491676, 2491037, 2494788

*Best Compliments from*

## MAHADEV ASSOCIATES

KUYILOOR

PH:9447076511

*Best Compliments from*

Ranjith
Kuttan



Kairali
**DRIVING SCHOOL**
**JAMSHEER COMPLEX**
**IRITTY**
**Ph: 04902490050**

9447850675
9495343591

ആശംസകളോടെ....

ഫോൺ : 0490-2491457

പ്രിൻസ്
ഗോൾഡ്
ഗോൾഡ് സൂപ്പർ മാർക്കറ്റ്
മെയിൻ റോഡ്- ഇരിട്ടി.



ആശംസകളോടെ...

# ചാവശ്ശേരി സർവ്വീസ് സഹകരണ ബേങ്ക്

## ലിമിറ്റഡ് നമ്പർ സി. 39

പി. ഒ. ചാവശ്ശേരി-670 702.

ഫോൺ : 0490-2433261, 2433381.

ബ്രാഞ്ചുകൾ:

**ഉളിയിൽ ശാഖ**
ഫോൺ : 2434261

**സായാഹ്ന ശാഖ : 19-ാം മയിൽ**
ഫോൺ : 2473650

* കാർഷിക കാർഷികേതര വായ്പകൾ അനുവദിക്കുന്നു.
* സ്വർണ്ണ പണ്ടത്തിന്റെ ഈടിൻമേൽ നിബന്ധനകൾക്ക് വിധേയമായി കാർഷിക വായ്പ അനുവദിക്കുന്നു.
* നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
* ഇന്ത്യയിൽ എവിടേക്കും ഡി.ഡി. സൗകര്യം ലഭ്യമാണ്
* ബ്രാഞ്ചുകളിൽ ലോക്കർ സൗകര്യം ലഭ്യമാണ്.

പ്രസിഡണ്ട്
കെ. വി. പവിത്രൻ

സെക്രട്ടറി
കെ.പി. സതീഷ് ചന്ദ്രൻ


പ്രേമം
ചൂടാതെ പോയി നീ നിനക്കായ് ഞാനെന്റെ
ചോരചാറി ചുവപ്പിച്ചൊരെൻ
പനിനീർ പൂവുകൾ
കാണാതെ പോയി നീ
നിനക്കായ് ഞാനെന്റെ
പ്രാണന്റെ പിന്നിൽ കുറിച്ചിട്ട വാക്കുകൾ

# ആയുസ്സിന്റെ ഭാഗ്യം



മനസ്സ് മനസ്സിനോട് തന്നെ പരിഭവം പറഞ്ഞു
കേട്ടിരുന്നു.
അന്ന് കൗമാരപ്രായത്തിൽ
ഞങ്ങൾ പ്രേമിച്ചിരുന്നു.
അവൾ തന്ന വാഗ്ദാനങ്ങൾ
ഇന്നുമെന്റെ കാതുകളെ അലോസരപ്പെടുത്തുന്നു.
ഞാൻ കൊടുത്ത വാഗ്ദാനങ്ങൾ
അവളുടെ മനസ്സിനെ ചുട്ടുപൊള്ളിക്കുന്നുണ്ടാകാം
പറയാൻ കഴിയില്ല, ചിലപ്പോൾ
എന്നെ ഓർമ്മപോലും കാണില്ല.
പ്രതിസന്ധികളുടെ പെരുവഴിയിൽ
വിഷമമേറ്റു തട്ടി ഞാൻ വിശ്രമിച്ചപ്പോൾ
എന്റെ കാതിൽ അവളുടെ ചുണ്ടുചേർത്ത്
പരിഭവങ്ങൾ പറഞ്ഞു.
അവൾക്കു വേണ്ടി ഞാൻ
മരിക്കാനും തയ്യാറെന്ന് പറഞ്ഞുപോയി
ഭാഗ്യം
എന്റെ ആയുസ്സിന്റെ മാത്രം ഭാഗ്യം.
അവളിന്ന് എന്നിൽ നിന്ന്
എത്രയോ അകന്നിരിക്കുന്നു.



# No Climax

ഇപ്പോൾ എന്തിനാണ് ഇതൊക്കെ ഈ കടലാസ് തുണ്ടിൽ കുറിച്ചിടുന്നത് എന്ന് എനിക്കറിയില്ല എന്തോ ഞാൻ മരണത്തെ മുന്നിൽ കാണുന്നു.

പ്രണയാർദ്രഭാവങ്ങളുടെ വർണ്ണനകളെ സ്വന്തമാക്കുന്ന സുഗന്ധ നിർമ്മിതമായ മേഘപുരിയിലേക്ക് യാത്രയാവുന്നതിന് മുമ്പ് ഇതൊക്കെ നിന്നോട് പറഞ്ഞില്ലെങ്കിൽ എന്റെ ആത്മാവിന് പുണ്യം കിട്ടില്ല. ഇവിടെ എത്രയോ ആളുകൾ പ്രണയിക്കുന്നുണ്ട്?

എനിക്കോർമ്മയുള്ള നിന്റെ മേൽവിലാസത്തിൽ ഈ കത്ത് അയക്കും. താമസം മാറിയോ എന്നെനിക്ക് അറിയില്ല.

അതിനെക്കുറിച്ച് എന്തിന് പറയുന്നു. മരണത്തെ നിന്നെക്കുറിച്ച് പോലും ഞാനിപ്പോൾ ചിന്തിക്കുന്നില്ല. ഈ കത്തിലേക്ക് നിന്റെ കൺവെട്ടമെത്തുമ്പോൾ എന്റെ ഹൃദയത്തിന്റെ ഏതോ കോണിൽ ഒരു നനുത്ത സ്പർശമുണ്ടാകും. മരിച്ചുകഴിഞ്ഞതാണെങ്കിൽ പോലും എനിക്കത് തിരിച്ചറിയാൻ കഴിയും.

നമ്മൾ കണ്ണീർക്കടലാൽ കെട്ടിപ്പുണർന്ന് ആദ്യമായി സ്നേഹം പങ്കുവച്ചത് എന്നാണെന്ന് നീ ഓർക്കുന്നുണ്ടോ. സ്കൂളിൽ നിന്നും പഠന യാത്ര പോയപ്പോൾ നമ്മൾ താമസിച്ച ആ നാലുകെട്ട്, അതിന്റെ ഗോവണികൾ, അതിനു മപ്പുറവും ഇപ്പുറവും നിന്ന് എത്രയോ മണിക്കൂറുകൾ സംസാരിച്ചു. ആ വീട്ടുമുറ്റത്തിന്റെ ഒരു കോണിൽ പടർന്നുപന്തലിച്ച ശംഖുപുഷ്പങ്ങളിൽ നിന്നും അവിടെയുള്ള കാരണവർ കാണാതെ എത്രപൂക്കൾ നമ്മൾ

കൈമാറിയിട്ടുണ്ട്. ആരും കാണാതെ കൈകോർത്തുപിടിച്ച് ചെറുതായ് ചിരിച്ചിട്ടുണ്ട്. ഓർക്കുന്നുണ്ടോ നീ അതൊക്കെ.

പിന്നീട് ഒരു ദിവസം നീ ഒന്ന് ഫോൺ പോലും വിളിക്കാതിരുന്നപ്പോൾ എന്റെ കാലിടറിയത് നീ മനസ്സുകൊണ്ട് അറിഞ്ഞിരുന്നില്ലേ...?

സ്കൂൾ ജീവിതത്തിൽ തോന്നിയ ഒരു കളിവാക്കാണ് ഈ പ്രണയം എന്ന് എന്റെ മനസ്സ് പറഞ്ഞപ്പോൾ ഞാൻ അതിനെ കളിയാക്കി. ആ കഥ നിന്നോട് പറഞ്ഞപ്പോൾ ഇതുപോലെതന്നെ ഞാനും ചിന്തിച്ചിരുന്നു എന്ന് പറഞ്ഞ് പൊട്ടിച്ചിരിച്ചത് ഇപ്പോഴും എന്റെ കാതിലുണ്ട്. പക്ഷേ പഴയതിന്റെ മണിച്ചിരിയില്ല.

കോളേജ് ജീവിതത്തിൽ എത്തിയപ്പോൾ നമ്മൾ കുറച്ച് പക്വതയുള്ളവരായി. ഫോൺ കോളുകളും എസ്-എം-എസുകളും ഒരുപാട് ഒരുപാട് അല്ലേ- ശരിക്കും ഒരു പെരുമഴക്കാലം.

അന്ന് നീ പറയുന്ന വാക്കുകൾ, ഒരു സുഗന്ധമായ്, തണലായ് ഇളം ചൂടായ് എന്നിലേക്ക് അടുത്തിരുന്നു. നീ ഒന്ന് നോക്കിയാൽ പോലും അതിന്റെ അർത്ഥം എനിക്ക് ഹൃദിസ്ഥമായിരുന്നു. ഇതുവരെ ഒരു വാക്കുകൊണ്ട് പോലും നിന്നെ നോവിച്ചിട്ടില്ല. നോവിക്കാൻ എനിക്ക് ആവുമായിരുന്നില്ല.

ഞാൻ നിന്റെ അടുത്തുണ്ടാവുമ്പോൾ. ദൈവ സാമീപ്യമുള്ള ആൽമരം തണുപ്പുകൊണ്ട് പൊതിയുന്നത് പോലെ അനുഭവപ്പെട്ടിരുന്നു എന്നു നീ പറഞ്ഞത് അവശമായിരുന്നെന്ന് വിശ്വസിക്കാനാവുന്നില്ല.

നിന്റെ ഒന്നാം വർഷ പരീക്ഷ നടക്കുന്ന സമയം നീ പഠിക്കാൻ വേണ്ടി പുലർച്ചെ വരെ ഞാൻ ഉറക്കമിളച്ചിരുന്നതും പിറ്റേ ദിവസം കോളേജിൽ പോവാതെ വീട്ടിൽ കിടന്നുറങ്ങിയതും പരീക്ഷ കഴിഞ്ഞ് നീ വന്ന് സോറി പോലും താങ്ക്സ് വെക്കാതെ എന്നെ വിളിച്ച് കാര്യങ്ങൾ പറഞ്ഞതും ഇന്നലെയും കൂടി ആവർത്തിച്ചതു പോലെ തോന്നി.

നിനക്കായ് ഞാൻ നട്ടുവച്ച തണൽ മരങ്ങൾ മുഴുവൻ വാടിപ്പോയിരിക്കുന്നു. നീ പുതിയൊരു ജീവിതമുണ്ടാക്കുമ്പോൾ ആ ചെടികളും വസന്തമൊക്കെ മറക്കാ ഉള്ളൂ.

വീണ്ടും ഞാൻ പിച്ചവെക്കാൻ തുടങ്ങി. പക്ഷേ വീഴ്ചകൾ ഒരുപാടുണ്ടായി. ഇപ്പോൾ നിവർന്നു നിൽക്കുമ്പോഴൊക്കെ ഇതാ മരണം വിളിക്കുന്നു. ഇളം കാലൊച്ചയുമായി അതെന്നെ കീഴ്പ്പെടുത്തുമെന്നത് എനിക്കുറപ്പാണ്. അതിനായിരുന്നെങ്കിൽ ഞാൻ പോരാടി മരണത്തെപ്പോലും തോല്പിക്കുമായിരുന്നു. എന്തിനാണെന്നോ ചിന്തിക്കുന്നത്.

ഞാൻ മരിച്ചാൽ നീ തനിച്ചാവില്ലേ... ഇതല്ല, ഞാൻ എങ്ങോ ഒരു മരംചാരി



കഥകൾ മെനയുന്നു. നീ പഠിച്ച് പഠിച്ച് അന്തർമുഖത്തിന്റെ തണുപ്പുപോലും അറിയാത്ത അവസ്ഥയിലായിരിക്കുന്നു.

എന്താ അങ്ങനെ.

സൗഖ്യവും പണവും ചിന്തകളും പഠനവും പ്രണയം അപഹരിക്കുമെന്ന് ഞാൻ മുന്നേ കേട്ടിട്ടുള്ളതാണ്.

ഇഷ്ടമല്ലയിൽ മുന്നേ പറഞ്ഞുകൂടായിരുന്നോ?

മുഖത്ത് നോക്കി നമുക്ക് നല്ല സുഹൃത്തുക്കളായാൽ മതി എന്ന് നീ എന്തേ പറഞ്ഞില്ല. ഞാൻ എതിരുപറയും എന്ന് കരുതിയോ... നിന്റെ ഇഷ്ടമായിരുന്നില്ലേ എനിക്ക് വലുത്

സാരമില്ല പോട്ടെ, ഇതൊക്കെയാണ് ജീവിതം.

നഷ്ടങ്ങളുടെ കണക്ക് കൂട്ടി തിരുത്തലുകളും തെറ്റുകളൊക്കെ മറക്കാൻ ഒരു പുതു ജീവിതം തുടങ്ങിയിരിക്കും. അന്ന് എനിക്ക് പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ പാളിപ്പോയി... ഇന്നും...

മറക്കാത്ത ഒരു ഓണം അവധി, തുടങ്ങിയ ദിവസം. നമ്മൾ തമ്മിൽ കണ്ടിട്ടും ഫോണിൽ സംസാരിച്ചിരുന്നില്ല...

അമ്മയ്ക്ക് ഓണത്തിന് ഒരു സാരി വാങ്ങിക്കൊടുക്കാൻ വേണ്ടി ഞാൻ കൂട്ടിക്കൂട്ടിവെച്ച ചില്ലറത്തുട്ടുകൾ എടുത്താണ് ഫോൺ വിളിച്ചതിന്റെ കാശ് കൊടുത്തത്. അത് നിന്നോടുള്ള ദേഷ്യംകൊണ്ടായിരുന്നില്ലല്ലോ.

അവസാനമായി എപ്പോഴാണ് നീ വിളിച്ചത് എന്ന് ഞാൻ ഓർക്കുന്നില്ല. കുറെ നാൾ കഴിഞ്ഞു. കണ്ടാൽ പോലും മിണ്ടാതായി.

എന്തെ അങ്ങനെ പറ്റിയത്. കാരണമെങ്കിലും പറഞ്ഞിരുന്നെങ്കിൽ ഞാനൊന്നു സമാധാനപ്പെട്ടേനെ.

അതുകൊണ്ട് എനിക്ക് ഒരുപാട് നഷ്ടങ്ങളുണ്ടായി. എന്റെ മനസ്സിലുള്ള ഇടപ്പുറത്തേക്ക് നീ വരണം. വീടിന്റെ മുറ്റത്തിന്റെ താഴെ നിനക്കായി ഞാൻ നട്ടുവെച്ച പനിനീർ ചെടിയിൽ പൂവുകൾ വിരിഞ്ഞിരിക്കും. തീർച്ച ആ പൂവുകൾ പോലും എനിക്ക് പറ്റിച്ചേർന്നതല്ലേ കുറിച്ച് നിൽക്കാൻ നോക്കരുത്. നിന്നാൽ ആ പൂവുകൾ കൊഴിഞ്ഞുപോകും.

അതു നിനക്ക് സങ്കടമില്ല. അതുകൊണ്ട് വേണ്ട. ഇനിയും ഒരുപാട് പറയാനുണ്ടെന്ന് നിനക്കറിയാം. പക്ഷേ നിർത്തുന്നു. ഇതുവരെ വായിക്കാനുള്ള മനസ്സ് നീ കാണിച്ചല്ലോ. നന്ദിപറഞ്ഞ് ഈ കത്ത് ചുരുക്കുന്നതിന് മുമ്പ് ഇതുകൂടി വായിക്കണം.

നമ്മുടെ സൗഹൃദം ഞാനും ഉപേക്ഷിച്ചു. അന്നത്തെപ്പോലെ നിന്നെ ഞാനിന്ന് ഇഷ്ടപ്പെടുന്നില്ല. കാരണം. എന്റെ ഹൃദയത്തിൽനിന്നും പറിച്ചെ കുരുന്നുകൾ ഒന്ന് ചോദിച്ചത് പോലും ഇല്ലല്ലോ. ഒരു ചിറകുപോലെ കിളിക്ക് പറക്കാനാവില്ലെന്ന് പോലും നീ ചിന്തിച്ചില്ലല്ലോ.





[illegible]

[illegible]

# തിരക്കഥ

സീൻ-1

[illegible]
[illegible]
Black Jeans
White T Shirt
[illegible]

Cut...

സീൻ-2

[illegible]
[illegible]
Sky Blue Colour [illegible]
[illegible]
[illegible]

Cut...

സീൻ-3

III B.Sc. Maths എന്ന ബോർഡ്
ക്ലാസ്സ് റൂമിൻ്റെ ഉൾ വശം.
കമന്റടിക്കുന്ന പെൺകുട്ടികൾ
വായ് നോക്കുന്ന ആൺകുട്ടികൾ
ആകെ ബഹളപ്പൂരങ്ങൾ.

Cut...

സീൻ-4

Close Up
പെൺകുട്ടി.
"[illegible]
[illegible]
"[illegible]

Cut....

സീൻ-5

Close Up
ആൺകുട്ടി.
"[illegible]
[illegible]
"എനിക്ക് നിന്നെ ഇഷ്ടമാണ്.

Cut...

സീൻ-6

പെൺകുട്ടി [illegible]
[illegible]
"എനിക്ക് [illegible]
[illegible]
കൂട്ടുകാരുടെ [illegible]
ആൺകുട്ടി തനിച്ച്
[illegible]

Cut..Cut.. Cut...

Try Again Man

[illegible]
[illegible]

## എന്നിട്ടും പെണ്ണേ

# നിനക്കായ്



അക്ഷയ് പ്രസാദ്
ഒന്നാം വർഷ ബി.കോം

വിളിപ്പാടകലെ നീയുണ്ട്
നിന്നെയും കാത്ത് ഞാനും
നിന്റെ മൗനമനസിൽ ദുഃഖസത്യമായ്
പെയ്തൊഴിഞ്ഞു
അറിവിന്റെ കോലായിൽ
നിന്നെയും കാത്തിരുന്നപ്പോൾ
ആ വിദ്യയെന്നിൽ സ്വപ്നങ്ങൾ
അക്ഷരങ്ങളുടെ ലോകത്ത്
നിന്നെയും കാത്തിരുന്നപ്പോൾ
നിലയെന്ന മാച്ചുരുക്കുന്നു
കണ്ണുനീർ തുള്ളികൾകൊണ്ട് നിനക്കായ്
ഞാൻ ഒരു കത്തും വച്ചു
മൗനനൊമ്പരങ്ങൾ എന്റെ
കുറിപ്പടികൾമാത്രമായ്
എന്നിട്ടും...
സ്നേഹത്തിന്റെ കൂടാരമെന്ന്
നീ അറിയാതെ ഞാൻ കാത്തിരുന്നു
വിളിപ്പാടകലെ
നിന്റെ പാടാത്ത പാട്ടിന്റെ
കേൾക്കാത്ത നാദമായ്



# പ്രേമലേഖനം



പുകയുന്ന സോൾഡറിംഗ് പെന്നിന്റെ മണം നിറഞ്ഞ ഫിസിക്സ് ലാബിന്റെ വരാന്തയിലൂടെ അവൻ നടന്നു നീങ്ങി. ഭൗതിക ശാസ്ത്ര സിദ്ധാന്ത രാശികൾ തിങ്ങിനിറഞ്ഞിരുന്ന തന്റെ ഹൃദയത്തിന്റെ ഭാഷയിൽ അവൻ തന്റെ കാമുകിക്കെഴുതി.

പ്രിയേ...

നിന്നെപ്പറ്റി ഓർക്കുമ്പോഴെല്ലാം എന്റെ ഹൃദയം ഫോർവേഡ് ബയാസിംഗിൽ ഒരു ജംഗ്ഷൻ ഡയോഡിനെപ്പോലെ ആഹ്ലാദത്താൽ വിങ്ങിപ്പൊട്ടുന്ന എന്റെ ഹൃദയമാകുന്ന സ്ക്രൂഗേജ് ഉപയോഗിച്ച് ഞാൻ എന്നും നമ്മുടെ സ്വപ്നങ്ങളെ അളക്കുന്നു. സ്ക്രൂഗേജിലെ പിച്ച് കണക്കെ നിന്നെപ്പറ്റിയുള്ള മധുരിക്കുന്ന ഓർമകളെ കാലത്തിന്റെ കോൺവെക്സ് ലെൻസിലൂടെ ഞാൻ ഇൻഫിനിറ്റിയിൽ ഫോക്കസ് ചെയ്യട്ടെയോ പ്രിയേ...?

പെയ്യുന്നതാണ് കഴിഞ്ഞദിവസം നിന്റെ മുഖമാം ആകാശഗംഗ പ്രകാശിക്കുന്ന എന്റെ ഹൃദയത്തിൽ ആ സൂപ്പർ നോവ സ്ഫോടനം നടന്നത്. നിന്റെ ചേട്ടൻ. ആ പരുക്കൻ ഫോൺ അതിൽ എന്റെ സകല പ്രതീക്ഷകളും നശിപ്പിച്ചുകൊണ്ട് ഉൽക്കാപതനം പോലത്തെ തരികൾ ഫോണിലൂടെ തൊടുത്തുവിട്ടു. നിന്നെപ്പറ്റി ഓർക്കുമ്പോൾ, പ്രിയേ ആ തരികൾ അനന്തതയിൽ ലയിക്കുന്നു 'മഹാ വിസ്ഫോടനം' പോലെ സംഭവിക്കുന്നു.

ഒരു കോൺകേവ് മിററിനെപ്പോലെ പ്രണയത്തെ പ്രതിഫലിപ്പിക്കുന്ന നിന്റെ കണ്ണുകളെ ഒപ്റ്റിക്കൽ ഫൈബറുകളിലൂടെ ഞാൻ എത്രയോ തവണ ആസ്വദിച്ചിരിക്കുന്നു. നീയില്ലാത്ത ജീവിതം 'Cladding' ഇല്ലാത്ത ഒപ്റ്റിക്കൽ ഫൈബർ പോലെയാണ് പ്രിയേ.. കാലത്തിന്റെ സ്പെക്ട്രോസ്കോപ്പിൽ നമ്മുടെ പ്രണയവർണ്ണങ്ങൾ എന്നും അദൃശ്യമാകും. എന്റെ സ്നേഹത്തിന്റെ വേവ്ഫ്രണ്ടുകൾ നിന്റെ ഹൃദയത്തിൽ 'Scattering' മൂലം വർണ്ണങ്ങൾ പരത്തട്ടെ. നാമിരുവരുമൊന്നാകുന്ന ഗ്രാന്റ് യൂണിഫിക്കേഷൻ തിയറിക്കായി ഞാൻ പാർട്ടിക്കിൾ ആക്സിലറേറ്ററുകൾ നിർമ്മിക്കാൻ തുടങ്ങിക്കഴിഞ്ഞു.

ഇപ്പോൾ എന്റെ ജീവിതമാകുന്ന ഗാലക്സിയിൽ നിന്റെ സകല മനോഹാരിതയും ഞാൻ ആസ്വദിച്ചുകഴിഞ്ഞു പ്രിയേ. എന്റെ പ്രണയ മോഹങ്ങൾ സ്നേഹത്തിന്റെ ഉപഗ്രഹങ്ങളായി നിന്നിൽ റിമോട്ട് സെൻസിംഗ് നടത്തും. ഒടുവിൽ നിന്റെ വിടരുന്ന കണ്ണുകളിൽ എന്റെ ചന്ദ്രയാനം ലാന്റ് ചെയ്യുന്ന ദിവസം ഒരു ബ്രഹ്മാണ്ഡത്തിൽ ഐൻസ്റ്റീന്റെ ആത്മവിശ്വാസത്തോടെ. എന്റെ ഹൃദയത്തിന്റെ ഈ പ്രണയ ട്യൂണിംഗ് ഫോർക്കുകളെ ഇവിടെ അവസാനിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

നിന്റെ സ്വന്തം—

റോബിൻസ്
ഒന്നാം വർഷ ഫിസിക്സ്

ആശംസകളോടെ....

Ph: 2491594 Mob: 9447406070

# കൊട്ടാരം

**ഗിഫ്റ്റ് സെന്റർ & ക്രോക്കറി പാലസ്**

മെയിൻ റോഡ്- **ഇരിട്ടി**

എല്ലാവിധ ഗിഫ്റ്റ് ഐറ്റംസുകളും, ക്രോക്കറി ഐറ്റംസുകളും കൂടാതെ മിക്സികൾ, കുക്കറുകൾ, ഡിന്നർ സെറ്റുകൾ, അയൺ ബോക്സ്, ഗ്യാസ് സ്റ്റൗ, ബേബി സൈക്കിൾ, ഊഞ്ഞാലുകൾ, തൊട്ടിലുകൾ തുടങ്ങി നിങ്ങളാഗ്രഹിക്കുന്ന ചെറുതും വലുതുമായ എല്ലാ ഐറ്റംസുകൾക്കും

**WESTERN UNION** മണി ട്രാൻസ്ഫർ

അക്ഷയ ഫൈനാൻസിയേഴ്സ്, എൻ.പി. കോംപ്ലക്സ് ഇരിട്ടി

**XPRESS MONEY** *RECEIVE NOW*

അക്ഷയ ഫൈനാൻസിയേഴ്സ്, എൻ.പി. കോംപ്ലക്സ് ഇരിട്ടി

ആശംസകളോടെ....

മലയോരത്ത് Sim Network മേഖലയിലെ ചരിത്രം മാറ്റിമറിച്ച ഞങ്ങളുടെ ആശംസകൾ...



# A.R. MOBILES

**OLD BUST STAND-IRITTY**

Mobile Sales & Service
Downloads, Top-up
Software

Idea, Vodafone,
Airtel, BSNL,
Relience (Recharge)

All kinds of Sim cards

Ph: 98
9744974415
9947048078

**A.R. MOBILES - VILAKODE**

ആശംസകളോടെ....

സർക്കാർ അംഗീകൃത കോഴ്സുകൾ
അംഗീകൃത പഠന സെന്ററിൽ..!!

Integrated Diploma in Computer Hardware & Network Maintanance (IDCHNM) Course ന് **LBS** ന്റെ അംഗീകാരം ലഭിച്ച ഇരിട്ടിയിലെ ഏക സെന്റർ **Cyber Plus** മാത്രമാണ്

Ph: 0490-2493163
9747549456

Approved By
# Cyber Plus
**L.B.S CENTRE FOR SCIENCE & TECHNOLOGY**
(Run by Cyber Computer Educational Society)

ബസ് സ്റ്റാന്റിന് എതിർവശം, മെയിൻ റോഡ് **ഇരിട്ടി**

**എൽ.ബി.എസ്. കോഴ്സുകൾ**

PGDIT, DCA, IDCHNM, TALLY, MS Office, DOA, Web Designing, Auto CAD, C, C++, Java, VB

**യൂണിവേഴ്സിറ്റി കോഴ്സുകൾ**

BCA, BSc, CS യോഗ്യത +2
MCA, MSc. CS യോഗ്യത Degree

Tuition For: COMPUTER SUBJECTS, MATHEMATICS, ENGLISH

ഉപരിപഠനത്തിന് പോകുന്നവർക്ക് പ്രത്യേക
Computer, Communicative English
പരിശീലനം

ആശംസകളോടെ....

The global
# Oxford
**INSTITUTE OF COMPUTER EDUCATION & PROFESSIONAL TRAINING**

Caramel Centre PERAVOOR
Phone: 0490-2364265
E-mail: oxfordprofession@gmail.com
www.globaloxford.com

IT Professional Courseകളുമായി Oxford Peravoor Carmel Centreൽ Software, Hardware & Network Courseകൾ വിദഗ്ധരായ അധ്യാപകർ Oxfordന്റെയും University യുടെയും Courseകളിൽ പരിശീലനം നൽകിവരുന്നു.

**BCA**
**BSC**
**Computer Science**

**PGDCA DCA**
**CTTC DTP**

**Multimedia & Animation**
3ds Max. Maya. AutoCAD
C, C++, Java, VB.Net, Oracle

*Tution Classes for: Computer Science, Maths, Phys. Che. Eng.*
*Hostel facilities available*

ആശംസകളോടെ....

മലയോരത്തിന്റെ മുഖശ്രീക്ക്
വിദ്യാദേവതയുടെ തിലകക്കുറി

# പ്രഗതി വിദ്യാനികേതൻ

പുന്നാട് - ഇരിട്ടി - പേരാവൂർ

COURSES

Plus One (Science, Commerce, Humanities)
B.A (History, Economics, English)
B.B.A (Kannur University)
B.Com (Co-operation), M.A., M.Com.

കേന്ദ്ര അംഗീകൃത കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു

COURSES

PGDCA, DCA, Teachers Training Course, Multimedia, Graphic Designing, Indian & Foreign Accounting, Hardware, & Networking Diploma

ആശംസകളോടെ..!

Ph: 0490-2491325
2491726



GB

# GRAND BAZAR

TEXTILES & READYMADES

IRITTY

*With Best Compliments from*

# THE KUTHUPARAMBA CO-OPERATIVE URBAN BANK

**Ltd. No 985. P.B. No. 12, Kuthuparamba. Ph: 2362290 (H.O)**

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- പൂർണ്ണ സുരക്ഷിതത്വം
- മെമ്പർമാർക്ക് ക്ഷേമനിധി
- അംഗങ്ങൾക്ക് ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി
- കച്ചവടക്കാർക്ക് ഓവർഡ്രാഫ്റ്റ് സൗകര്യം
- കച്ചവടക്കാർക്കും വ്യക്തികൾക്കും വിവിധതരം വായ്പക
- അംഗങ്ങൾക്ക് ഭവന വായ്പ
- ബ്രാഞ്ചുകളിൽ ലോക്കർ, ഡി.ഡി. സൗകര്യം

ബ്രാഞ്ചുകൾ

മെയിൻ ബ്രാഞ്ച് - ഫോൺ : 2362296
ചെറുവാഞ്ചേരി ബ്രാഞ്ച് - ഫോൺ : 2304556
തൊക്കിലങ്ങാടി ബ്രാഞ്ച് - ഫോൺ : 2361804
ഈവനിംഗ് ബ്രാഞ്ച് - (ആലക്കണ്ടി കോംപ്ലക്സ്) ഫോൺ : 2361239
കിണവക്കൽ ബ്രാഞ്ച് - ഫോൺ : 2367370

ചെയർമാൻ : കെ. പ്രഭാകരൻ
സെക്രട്ടറി : യൂസഫ് എൻ.



# LBS

## Centre for Science & Technology

(ഒരു കേരള സർക്കാർ സ്ഥാപനം)

പ്രാദേശിക കേന്ദ്രം: സിലിക്കൺ കമ്പ്യൂട്ടേഴ്സ്

**ഇരിട്ടി പുതിയ ബസ്റ്റാന്റിൽ**

| Course Name | Duration | Eligibility |
|---|---|---|
| Graduate Diploma Technology) | 1 Year | A Degree in any discipline (BA, B.Sc., B.Com., B.B.A, Etc) |
| na in Computer Applications) | 1 Year | Plus 2/ equivalent or ITI |
| gning & Internet Applications | 3 Months | SSLC or above with knowledge in windows |
| Financial Accounting | 3 Months | BCom/BBA/+2 Commerce/Dip. in com. Practices |
| nglish & Ms Office and Internet | 3 Months | SSLC or above |
| Internet | 3 Months | SSLC or equivalent |
| and Malayalam) | 3 Months | SSLC or above with computor awareness |
| tion and Internet | 3 Months | SSLC or equivalent |
| ced Java programming | 3 Months | Degree / Diploma with knowledge in C Programming |
| vel 1 & Level 2) (Civil/ele./Mech.) | 3 Months | Degree/ Diploma /ITI |
| Language C, C++ | 2 Months | SSLC/ +2 Students |
| NET | 3 Moths | Degree/Diploma/+2 students with knowledge in windows |

**Other Courses**

- Web Site Design & Internet Application
- Communicative English-MS Office & Internet
- Office Automation and Internet
- Programming Language C & C++
- Visual Studio.NET

**Salient Features**

- ★ Dynamic Global Curriculum
- ★ Top of the line faculty
- ★ Case based teaching pedagogy
- ★ Outstanding placement record

**In House Facilities**

- ★ Well Stacked Library with latest books and journals
- ★ High Speed Internet Connectivity
- ★ Finest Infrastructure
- ★ Serene Atmosphere

**For Admission Contact:**

**Centre 'Silicon Computers', Inside New Bus Stand, Iritty. Ph: 0490-2493705**

മുഖാമുഖം

# ചില കൊച്ചുവർത്തമാനങ്ങൾ



പി. വി. ഷാജികുമാർ

***പഴമയുടെ തളിരും നനവും കാത്തുവെച്ച് പുതുമയുടെ കാഴ്ചപ്പാടുകളിലേക്ക് തുഴികയുന്നവരുമായി ഇറങ്ങിനടന്ന യുവ എഴുത്തുകാരൻ ശ്രീ പി. വി. ഷാജികുമാറിന്റെ മൂർച്ചയുള്ള വാക്കുകൾക്കുവേണ്ടി കാതോർത്തപ്പോൾ.***

വായന മരണത്തെ അഭിമുഖീകരിക്കുന്നില്ല, മറിച്ച് അതിന്റെ സ്വഭാവം മാറുന്നു. കണ്ടുവെച്ച മാറ്റങ്ങളെക്കുറിച്ച് പറയുമ്പോൾ എഴുത്തുകാരൻ വാചാലനായി.

വായിക്കേണ്ട പുസ്തകങ്ങൾ വായിക്കേണ്ട എന്നും വായിക്കേണ്ടാത്ത പുസ്തകങ്ങൾ വായിക്കണം എന്നുമാണ് പ്രസിദ്ധീകരണങ്ങൾ നമ്മോടു പറയുന്നത്. ഒരു കള്ളന്റെ ആത്മകഥ എന്ന മണിയൻപിള്ളയുടെ ആത്മകഥ നമ്മോട് പറയുന്നത് എങ്ങനെ നല്ലൊരു കള്ളനാകാം എന്നാണ്. ഇങ്ങനെയുള്ള പുസ്തകങ്ങൾ വായിക്കാൻ നല്ല രസമാണ്. പക്ഷേ, ആ പുസ്തകങ്ങളൊക്കെ എന്താണ് ഉത്പാദിപ്പിക്കുന്നത്, എന്താണ് നൽകുന്നത്? ആത്യന്തികമായി ഒരു പുസ്തകം ജീവിതത്തിൽ ഇടം ഉണ്ടാക്കിക്കൊടുക്കുക, പ്രകാശം പരത്തുക എന്നിവയാണ് ചെയ്യേണ്ടത്. പക്ഷേ, അത്തരം പുസ്തകങ്ങൾക്ക് ഇന്ന് മാർക്കറ്റില്ല. ആരും അതിനെ ശ്രദ്ധിക്കാതെയും താത്പര്യം കാണിക്കാതെയും വരുന്നു. നെഗറ്റീവ് വാല്യു ഉള്ള പുസ്തകങ്ങളിലേക്കാണ് ഇന്ന് ആളുകളുടെ വായനാശീലം പോകുന്നത്.

നെഗറ്റീവ് വാല്യു ഉള്ള പുസ്തകങ്ങളെക്കുറിച്ച് തമാശരൂപത്തിൽ സംസാരിക്കുന്നതിനിടയിലാണ് അശ്വതിയുടെ വായിൽ നിന്നും ഹിറ്റ്ലർ എന്ന വാക്ക് വീണത്.

ഹിറ്റ്ലറുടെ ആത്മകഥ പോലുള്ള പുസ്തകങ്ങൾ എന്തുകൊണ്ടാണ് ഇത്രയധികം വിറ്റഴിക്കപ്പെടുന്നത്? മറ്റുള്ളവരെ കുത്തിനോവിക്കുകയും എങ്ങനെ ജനങ്ങളെ ക്രൂരമായി വേദനിപ്പിക്കാം എന്ന് ഗവേഷണം നടത്തുകയും ചെയ്ത ആളാണ് ഹിറ്റ്ലർ. അത്തരം ഒരാളുടെ നെഗറ്റീവ് ജീവിതം ആവേശത്തോടുകൂടി വായിക്കാനും ചർച്ച ചെയ്യാനും മലയാളികൾ തയ്യാറാകുന്നു എന്നതിനർത്ഥം മലയാളിയുടെ വായനയിലും ജീവിതത്തിലും നെഗറ്റീവ് ആയ മാറ്റങ്ങൾ വന്നിട്ടുണ്ട് എന്നതാണ്. ശരിക്കുപറഞ്ഞാൽ വായനക്കാർ സാഡിസ്റ്റുകളാകുന്നു.

**ഞാൻ ഞാൻ എന്നുപറയുമ്പോൾ എനിക്കെങ്ങനെ എന്നെ ബിൽഡ് അപ് ചെയ്യാം, എനിക്ക് ഞാൻ മാത്രമേ ഉള്ളൂ എന്ന് തീരുമാനിക്കുകയും എന്നെ എങ്ങനെ നേതാവാക്കാമെന്ന് ചിന്തിപ്പിക്കുകയും ചെയ്യുന്ന പ്രസിദ്ധീകരണങ്ങളാണ് കൂടുതലും വിറ്റഴിയുന്നത്.**

സാമൂഹിക പ്രതിബദ്ധതയുള്ള എഴുത്തുകാരനാവാനാണ് താൻ ശ്രമിക്കുന്നത് എന്ന് പറഞ്ഞുവരുന്നതിനിടയിൽ ആരോ കഥ ജനിക്കുന്നതിനെക്കുറിച്ച് തിരക്കി.

കഥകൾകിട്ടുന്ന മാർഗ്ഗങ്ങൾ ഒരുപാടാണ്. സിനിമകാണുമ്പോൾ, മറ്റൊരു കഥ വായിക്കുമ്പോൾ, നിങ്ങളോട് സംസാരിക്കുമ്പോൾ അങ്ങനെ പലതും. അനുഭവങ്ങൾകൊണ്ട് മാത്രം കഥയെഴുതുന്നവരുമുണ്ട്. കഥ എഴുതുക എന്നത് കഥാകൃത്തിന്റെ മനസ്സിനെ തളർത്തുന്ന ഒന്നാണ്. കഥ എഴുതുമ്പോൾ കഥാകൃത്തിന്റെ തീക്ഷ്ണമായ അനുഭവത്തിലൂടെയാണ് കടന്നുപോകുന്നത്. എന്റെ കഥ വായിച്ചിട്ട് ഞാൻ നല്ലതു പറഞ്ഞാൽ സന്തോഷമുണ്ടാകും. മോശമെന്നുപറഞ്ഞാൽ അത് കേൾക്കാനും ഞാൻ നിൽക്കും.



തന്റെ കഥകളുടെ ഏറ്റവും വലിയ വിമർശകനായിനിന്നുകൊണ്ട് ലോകത്തിലെ എഴുത്തുകാരെക്കുറിച്ചും സാഹിത്യ ലോകത്തെക്കുറിച്ചും മാധ്യമങ്ങളെക്കുറിച്ചും വർത്തമാനം പറഞ്ഞു.

മനസ്സിലുള്ള കഥാപാത്രം കഥയായിവരുമ്പോഴേക്കും മാനസികമായ ഒരുപാട് പ്രശ്നങ്ങൾക്ക് അടിമപ്പെട്ടിരിക്കും. ഒരു കഥ ജനിക്കുന്നത് ഒരു മരണ അനുഭവമാണ്. കഥകളിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരാണ് യഥാർത്ഥ വായനക്കാരൻ. പക്ഷേ കഥകൾ നല്ലത് ഇന്നത്തേത് മോശം എന്ന് പറയാൻ പറ്റില്ല. പണ്ട് ജീവിതം പത്രമെഴുതായിരുന്നു. ഇന്നത് വ്യാപാരവത്കരണമാണ്.

പരസ്പരം സഹായമനസ്ഥിതി കുറഞ്ഞുവരുന്ന ഒരു കാലത്തിൽ ചെറിയ ചെറിയ അനുഭവങ്ങൾ കഥയാകുമ്പോൾ ചിലർ പുച്ഛിക്കും. നമുക്ക് തീക്ഷ്ണമായി തോന്നിയിട്ടുള്ള അനുഭവം ചിലർക്ക് വളരെ ലളിതമായി തോന്നാം. അതിന് കുറ്റംപറയാനാവില്ല. ഓരോ ആളിനും ഓരോ കാര്യവും വ്യത്യസ്തമായിട്ടാണ് അനുഭവപ്പെടുക. പണംകൊടുത്ത് പുസ്തകം വാങ്ങുന്ന വായനക്കാരന് അതിൽ നിന്നും എന്തെങ്കിലും കിട്ടിയില്ലെങ്കിൽ അത് കഥാകൃത്ത് ചെയ്യുന്ന വലിയൊരു തെറ്റായിരിക്കും.

കഥ എന്നതുതന്നെ ഒരു കെട്ടിച്ചമക്കലല്ലേ എന്ന സന്ദീപിന്റെ ചോദ്യത്തിന് ഒരു നിഷ്കളങ്കമായ പുഞ്ചിരിയോടെ അദ്ദേഹം മറുപടി തുടർന്നു.

മികച്ച കഥയെഴുത്തുകാരൻ തീർച്ചയായും നല്ലൊരുനുണപറച്ചിലുകാരനാണ്. ചിലപ്പോൾ എന്റെ കയ്യിൽ കാൽപേജ് എഴുതാനുള്ള സംഭവമേ ഉണ്ടാകൂ. ഇതിൽ നിന്ന് ഞാൻ എട്ടുപത്തുപേജുള്ള കഥയുണ്ടാക്കും. അപ്പോൾ ബാക്കി മുഴുവനും നുണയാണ്. ലോകത്തിലെ മിക്ക ക്ലാസ്സിക്കുകളും നുണകളാണ്.

സംസാരത്തിന്റെ ചൂടേറുന്നതിനിടയിൽ ആരെയോ വിളിച്ച് ചായകൊണ്ടുവരാൻ പറഞ്ഞു. ഞങ്ങൾ വേണ്ട എന്നുപറഞ്ഞില്ല. കാരണം വിടചൊല്ലിപ്പിരിച്ചതിന്റെ ക്ഷീണം ഞങ്ങളെ കീഴടക്കിയിരുന്നു. ഒരു ചായയെങ്കിലും കിട്ടുമല്ലോ എന്ന ആശ്വാസത്തിൽ ഞങ്ങളിങ്ങനെ ഇരിക്കുന്നതിനിടയിൽ അദ്ദേഹം തുടർന്നു.

**നീ നിൽക്കുന്ന മണ്ണ് ഇളകിയാലുടഞ്ഞിരിക്കുന്നു എന്ന് മനസ്സാക്ഷിയോട് ചോദിക്കുവാൻ പ്രേരിപ്പിക്കുന്ന ഓർമ്മപ്പെടുത്തലുകളാണ് പുതിയ കാലഘട്ടത്തിലെ സാഹിത്യങ്ങൾ. കോളങ്ങളിലെ കഥകളും സാഹിത്യങ്ങളും മലയാളി വായിക്കേണ്ട ഒന്നാണ് നമ്മുടെ ഭാഷാ വ്യവസ്ഥിതിയും പ്രസിദ്ധീകരണ വ്യവസ്ഥിതിയും പറയുമ്പോൾ. അതുകൊണ്ടുതന്നെയാണ് കോളേജുകളിൽ നിന്ന് മലയാള സിലബസ് എടുത്തുകളയാനുള്ള തീരുമാനങ്ങൾ പോലും ഉണ്ടായത്.**

നിങ്ങൾ നിങ്ങളുടെ ജോലി നോക്കുക. എന്തെങ്കിലും ഒരു കുത്തക കമ്പനിയിൽ യാതൊരുവിധ രാഷ്ട്രീയ ചരിത്ര പാരമ്പര്യവുമില്ലാതെ

സുരക്ഷിതമായ പ്രൊഫഷണലായി ജോലി ചെയ്യുക, സുന്ദരിയായ യുവതിയെ കല്യാണം കഴിക്കുക. ഇവിടെ അവസാനിക്കുന്നുപോകുന്നത് കേരളീയരുടെ സംസ്കാരമാണ്. പക്ഷേ നാട്ടിലൊക്കെ കണ്ടിട്ടുണ്ട്, ജോലി തേടുമ്പോൾ പ്രായമായവർ പോലും കവലയിലിരുന്ന് നാട്ടുവർത്തമാനവും രാഷ്ട്രീയവുമൊക്കെ പറയുന്നത്. ഇന്ന്, ജോലിയില്ലാതാകുമ്പോൾ നാലഞ്ച് ചെറുപ്പക്കാർ ചേർന്ന് സൊറപറയുന്നതും കള്ളുകുടിക്കാൻ പിരിവെടുക്കുന്നതുമൊക്കെയാണ് കാണാൻ കഴിയുന്നത്.

യുവതയെക്കുറിച്ചുള്ള ആശങ്ക അദ്ദേഹത്തിന്റെ കണ്ണുകളിൽ തെളിഞ്ഞു കാണാം.

നമ്മുടെ യുവതലമുറ, മദ്യപാനത്തിന് എന്തിനാണ് അടിമപ്പെടുന്നതിന് പ്രധാന കാരണം അവർക്ക് പ്രതികരിക്കാൻ അവസരങ്ങളോ ആരും ഒന്നും ചെയ്യാനില്ലാത്തതാണ്.

തന്റെ ചെറുപ്പകാലത്ത് നടന്ന ഒരനുഭവം അങ്ങനെയായി പറയുകയായിരുന്നതിനിടയിൽ പറയാനും പഠിപ്പിക്കാനും ആർക്കാണെങ്കിലും അദ്ദേഹം എന്ത് ചെയ്യാനാവും എന്ന്... എന്ത് ചെയ്യാനാണ് പറയാനും പഠിപ്പിക്കാനും നല്ല അനുഭവങ്ങൾ... ഞങ്ങൾ വിടുമോ...

പറഞ്ഞുതീർന്നപ്പോഴേക്കും എന്നോട് സൗഹൃദത്തെക്കുറിച്ച് ചോദിച്ചു. സൗഹൃദത്തെയും ആത്മഹത്യയും ബന്ധപ്പെടുത്തി ഒരുപാട് കാര്യങ്ങൾ അദ്ദേഹം പറഞ്ഞു.



"എല്ലാ ബന്ധങ്ങളെക്കാളും വിലമതിക്കുന്നത് സുഹൃദ് ബന്ധങ്ങളാണ്. പലപ്പോഴും ജീവിതത്തോട് മടുപ്പ് തോന്നിയിട്ടുണ്ട്. അന്ന് സഹായിച്ചത് സുഹൃത്തുക്കളാണ്"

ആത്മഹത്യ ഒരു ഒളിച്ചോട്ടമാണെന്ന് പറയാൻ കഴിയില്ല. അത് വ്യക്തിപരമായ ഒരു സ്വാതന്ത്ര്യം ആണ്. സുഹൃദ്ബന്ധങ്ങളും സൗഹൃദങ്ങളും നല്ലപോലെ ഉണ്ടെങ്കിൽ ആത്മഹത്യകൾ ഒഴിവാക്കാം. ഒരു നല്ല സുഹൃത്ത് നല്ല കേൾവിക്കാരനാവുന്നില്ല എന്നത് വളരെ വലിയ പ്രശ്നമാണ്.

**ഒരാളുടെ പ്രശ്നം പറയുമ്പോൾ അതുകേൾക്കാതെ നീ വാ നമുക്ക് പോയി രണ്ടെണ്ണം വീശാം എന്ന് പറയും. അപ്പോഴും അയാളുടെ മനസിലെ വിഷമം അതുപോലെ തുടരും.**

ഒരുഭാഗത്ത് സന്ദീപ് ഫോട്ടോ എടുക്കാൻ എഴുന്നേറ്റപ്പോൾ ഒരു ദീർഘ നിശ്വാസത്തോടെ കുറെ ഫോട്ടോ എടുത്തില്ലേടാ എന്ന് ചോദിച്ചു കൊണ്ട് ഫോണിലേക്ക് ആരോ വിളിച്ചപ്പോൾ അതു കട്ട് ചെയ്ത് വിദ്യാഭ്യാസത്തെക്കുറിച്ച് പറഞ്ഞു തുടങ്ങി.

ഒരാൾ വിദ്യാസമ്പന്നനാണ് എന്ന് പറയുന്നത് അയാൾക്ക് മറ്റുള്ളവരോടുള്ള ഇടപെടൽ, സ്നേഹം, സഹായം ചെയ്യാനുള്ള മനസ്ഥിതി എന്നിവയൊക്കെയാണ്. ഒരാൾ തന്നോട് തന്നെ സത്യസന്ധനായിരിക്കുക എന്നതാണ് ഒരാളുടെ വിജയത്തെ നിർണ്ണയിക്കുക. പുതിയ കാലത്ത് എത്രയും പെട്ടന്ന് ജോലി നേടണം എന്നേ പറയൂ അല്ലാതെ നിങ്ങൾ നല്ല മനുഷ്യരാകണം എന്ന് ആരും പറയുന്നും പഠിപ്പിക്കുന്നില്ല.

ഒരു നിമിഷം മൗനം. തന്റെ കുട്ടിക്കാലത്തെ ചില രസകരമായ കാര്യങ്ങളിലേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി.

നമ്മുടെ ചെറിയ ക്ലാസ്സിൽ പഠിക്കുന്ന കാലത്ത്, പൂമ്പാറ്റകളെ കണ്ടും മണത്തും, പുഴയിൽ നീന്തിക്കുളിച്ചും, കെട്ടിനിൽക്കുന്ന വെള്ളത്തിൽ കടലാസ് തോണി ഇറക്കിയും ഒക്കെയാണ് വളർന്നത്. **ഇന്നത്തെ കുട്ടികൾ ചെറിയ കാര്യങ്ങൾക്ക് പോലും അമിതമായി ടെൻഷനടിക്കുന്നു. രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടി രാവിലെ എഴുന്നേറ്റ് വായന എഴുതണം. ഭാരിച്ച പുസ്തകങ്ങളുമായി സ്കൂളിലേക്ക് പോകണം. മലയാളം സംസാരിക്കാൻ പാടില്ല. വിദ്യാഭ്യാസത്തിന്റെ നൈസർഗിക സ്വഭാവം തന്നെയാണ് നഷ്ടപ്പെടുന്നത്.**

ഒരിക്കലും തിരിച്ചുപിടിക്കാൻ കഴിയാത്ത ദുരന്തത്തിലേക്കാണ് കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ പോക്ക് എന്ന് കഥാകൃത്ത് ഓർമ്മപ്പെടുത്തുന്നു.

ആധുനിക വിദ്യാഭ്യാസ വാർത്തകളിൽ ഇടം നേടിയ ഗ്രേഡിംഗ് സെമസ്റ്റർ സിസ്റ്റത്തിനെതിരെ ശക്തമായ വാക്കുകളുമായി.

ക്യാമ്പസ്സിൽ നിന്നു പുറത്തുപോകുമ്പോഴാണ് ഒരു വിദ്യാർത്ഥി

താൻ എങ്ങനെ ആകണം എന്ന് തീരുമാനിക്കുന്നത്. അതിനായി പാകപ്പെടുന്നത്. പക്ഷെ അതിന് സമയം കൊടുക്കാതെ ക്യാമ്പ [illegible] വിദ്യാർത്ഥികളും നിന്നും സമയം കൊടുക്കില്ല. ഇവിടെ അധ്യാപകനാണ് നായകൻ. കാരണം ഇന്റേണൽ മാർക്ക് ഉള്ളതുകൊണ്ട് വിദ്യാർത്ഥി അധ്യാപകന് [illegible] കഴിയില്ല. മാർക്ക് [illegible] എന്നതുകൊണ്ട് അധ്യാപകന്റെ രാഷ്ട്രീയത്തിന് എതിരെ നിൽക്കാനോ [illegible] ക്യാമ്പസ് എന്ന [illegible] ഇതിനിടയിൽ ക്യാമ്പസ് രാഷ്ട്രീയവും.

"ഇവിടെ ക്യാമ്പസുകളിൽ [illegible] ക്യാമ്പസ് [illegible] പലതും [illegible]."

"കോളേജുകളിൽ [illegible]

പെൺകുട്ടികളാണ്. നമ്മുടെ രാഷ്ട്രീയം എന്നത് അപ്രസക്തമാണ്. വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് വിദ്യാർത്ഥികളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ കഴിയുന്നില്ല. ഇനിയിപ്പോൾ കലാലയങ്ങളിൽ സമരമൊന്നും അപ്രസക്തവും ഉണ്ടാകും."

സമയം ഒരുപാട് കഴിഞ്ഞിരുന്നു. കുറച്ചുനേരം അടുത്തിരുന്ന, ഇതിനിടയിലെങ്ങോ അറിയാതെ ക്ലാസ്മേറ്റ് എന്ന സിനിമയെക്കുറിച്ച് ചോദിച്ചു.

"കേരളത്തിൽ നല്ല ക്യാമ്പസ് സിനിമകൾ ഉണ്ടായിട്ടില്ല. ക്ലാസ്മേറ്റ് പോലുള്ള സിനിമകൾ ഒരു ശക്തമായ കലാലയ കഥയല്ല. അങ്ങനെ തോന്നിപ്പിക്കലാണ്. നല്ല ക്യാമ്പസ് സിനിമകൾ ഉണ്ടാകും എന്ന് പ്രത്യാശിക്കാം."

പറഞ്ഞുതീരുന്നതിനിടയിൽ സന്ദീപിന്റെ ഫോണിൽ മെസേജ്ടോൺ. ഫോണെടുത്ത് പുറത്തേക്കുപോകുമ്പോൾ അദ്ദേഹം ചോദിച്ചു.

ആരാ എഡിറ്ററാ...! കാമുകിയാണോ..!

അല്ല എന്ന് മറുപടി. കുറച്ച് നേരത്തെ ഫോൺ വിളിക്ക് ശേഷം തിരിച്ചെത്തി.

എഡിറ്റർക്ക് പ്രണയമുണ്ടോ..!

ഇല്ല.

ഇല്ലാ. ഒരു എഡിറ്റർക്ക് പ്രണയമില്ല എന്ന് പറഞ്ഞാൽ അതുതന്നെ വിശ്വസിക്കാനാവില്ല.

കുറച്ചിരുന്നിട്ട്, പിന്നീട് പ്രണയത്തെക്കുറിച്ച് സംസാരിച്ചുതുടങ്ങി.

പ്രണയം [illegible] എന്ന് [illegible]. പ്രണയിക്കുന്നവർക്ക് ഒരു [illegible] [illegible]. ഇന്നത്തെ പ്രണയം [illegible] (എസ്.എം.എസ്) [illegible] (പ്ര ണയം [illegible])

പ്രണയം അതിന്റെ എല്ലാ അർത്ഥത്തിലും ഏറ്റെടുക്കുന്നവർ [illegible] ജീവി തത്തിന്റെ നല്ല പങ്ക് [illegible].

പ്രണയം [illegible] പറഞ്ഞിട്ടുള്ളതാണ് [illegible] ഒരു

ജീവിതത്തിൽ നിന്നും മാറി ജീവിക്കലാണ് പ്രണയം എന്ന് വിശ്വസിക്കുന്നവരുണ്ടോ. ഞാൻ പ്രണയം തിരുത്തുന്നു എന്നാണ് എന്റെ അഭിപ്രായം. ക്യാമ്പസുകളിൽ പ്രണയിക്കുകയും പ്രണയിച്ച് പരാജയപ്പെടുകയും ചെയ്യട്ടെ. അത് എസ്.എം.എസിലൂടെ ഒതുങ്ങി [illegible] എന്ന് പറയും [illegible].

സമയം ഒരുപാട് വൈകിയതിന്റെ വേവലാതി എല്ലാവരിലും ഉണ്ട്.

**"എന്റെ ശരി മറ്റുള്ളവർക്ക് തെറ്റായിരിക്കാം. പക്ഷെ എന്നും സത്യം സത്യമായിട്ട് എഴുതാൻ ശ്രമിച്ചിട്ടുണ്ട്. സത്യങ്ങൾ പറയണം, എഴുതണം."**

സത്യങ്ങൾ [illegible]. അപ്പോൾ സത്യത്തെ [illegible] ആണ് [illegible].

ഒരുപാട് നേരം ഇരുന്നിരുന്ന് [illegible]. എല്ലാവരും [illegible] ഉറങ്ങി [illegible].

**അജേഷ് പ്രേമൻ**

**മനീഷ് വി.**



തുളളാത്ത
മനവും തുളളും
ചൂണ്ടുവിരലുകളാണ്.
എം.ടിയുടെ
മതിൽക്കെട്ടുകൾക്കപ്പുറത്തെ
വികാരങ്ങൾ ആളിപ്പടർന്നപ്പോൾ

# ഗാന്ധിയൻ ദർശനത്തിലുള്ള വിദ്യാഭ്യാസം





അഭിഷേക് അബ്രഹാം
ഒന്നാംവർഷ കമ്പ്യൂട്ടർ സയൻസ്

**നാം** ജീവിക്കുന്ന ഭാരതത്തിന്റെ രാഷ്ട്രപിതാവായ ഗാന്ധിജി വിദ്യാഭ്യാസത്തെക്കുറിച്ച് പ്രായോഗികവും ആധികാരികവുമായ ചിന്തകൾ ലോകത്തിന് നൽകിയ മഹാവ്യക്തിയാണ്. ഗാന്ധിയൻ കാഴ്ചപ്പാടിലുള്ള വിദ്യാഭ്യാസ പദ്ധതി അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി എന്നാണ് അറിയപ്പെടുന്നത്. ഇത് കേവലം ഒരു വിദ്യാഭ്യാസ പദ്ധതി എന്നതിലുപരി ഇന്ത്യയുടെ സാമൂഹിക ഭൗതിക സാഹചര്യങ്ങളെ ആസ്പദമാക്കിയാണ് അദ്ദേഹം ആവിഷ്കരിച്ചത്. ഒരു കാർഷിക ഗ്രാമീണ സംസ്കാരത്തിന്റെ അനന്തരാവകാശികളാണ് നാമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഗാന്ധിജിയുടെ കാലത്ത് നിലവിലിരുന്ന വിദ്യാഭ്യാസം വൈദേശികമായ ചിട്ടകൾക്കനുസരിച്ച് ക്രമീകരിക്കപ്പെട്ടതായിരുന്നു. അത് നാഗരിക സംസ്കാരത്തെ പ്രതിഷ്ഠിക്കുന്നതിനും മൂല്യബോധത്തെയും ഭാരതീയ പൈതൃകങ്ങളെയും തകർക്കുന്നതിനും കാരണമാകുമെന്നും അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നു. വിദ്യാഭ്യാസ രംഗത്ത് ഇന്ന് പുത്തൻ പരിഷ്കാരങ്ങൾക്കായി മുറവിളിയും പുതിയ നയങ്ങൾക്കെതിരെ പ്രതിഷേധങ്ങളും ഉയരുന്ന സാഹചര്യത്തിലാണ് ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള വിദ്യാഭ്യാസത്തിന്റെ പ്രസക്തി.



ഗാന്ധിജിയുടെ വീക്ഷണത്തിൽ വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കേണ്ടത് കുടുംബങ്ങളിൽ നിന്നാണ്. ഓരോ വീടും ഒരു വിദ്യാലയമായും മാതാപിതാക്കൾ അധ്യാപകരായും മാറണം. വിദ്യ അഭ്യസിക്കുക എന്നാൽ ഒരു തൊഴിൽ അഭ്യസിക്കുകയോ അക്ഷരാഭ്യാസം നേടുകയോ മാത്രമല്ല അതിലൂടെ ഒരു മനുഷ്യനെ വാർത്തെടുക്കുകയാണ് വേണ്ടത്. ഇന്ത്യയുടെ ഏറ്റവും വലിയ സമ്പത്തായ മാനുഷിക വിഭവശേഷിയെ ഫലപ്രദമായി വിനിയോഗിക്കാനുള്ള ഒരു പദ്ധതിയാണ് ഗാന്ധിജി വിഭാവനം ചെയ്തത്.

വിദ്യാഭ്യാസത്തിലൂടെ ഏവരും നേടിയെടുക്കേണ്ടത് ചിന്തിക്കുന്ന മസ്തിഷ്കം മാത്രമല്ല ചലിക്കുന്ന വിരലുകളുമാണ്. എല്ലാ വിദ്യാഭ്യാസവും ഒരു തൊഴിലിന്റെ മാധ്യമത്തിലൂടെ ആയിരിക്കണം എന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനാൽ ഗാന്ധിയൻ കാഴ്ചപ്പാടിൽ വിദ്യാഭ്യാസത്തിന് കൃഷി, കൈത്തൊഴിലുകൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയുമായി അഭേദ്യമായ ബന്ധമുണ്ട്.



**അധ്വാനത്തിൽനിന്നുള്ള വരുമാനം കൊണ്ട് സ്വന്തം ആവശ്യങ്ങൾ നിർവ്വഹിക്കുമ്പോൾ ആത്മാഭിമാനം വളരുന്നു. ഒരു മനുഷ്യന്റെ ബുദ്ധി മാത്രമല്ല വളരേണ്ടത്. ശരീരവും ഹൃദയവും ആത്മാവുമെല്ലാം പ്രായത്തിനും കാലത്തിനുമൊപ്പം വളരണം. അവിടെയാണ് വിദ്യാഭ്യാസം പൂർണ്ണമാകുന്നത്.**

അക്ഷരാഭ്യാസത്തിൽ മാത്രം ഒതുങ്ങുന്ന വിദ്യാഭ്യാസം അർത്ഥശൂന്യമാണ്. ആധ്യാത്മികവും ധാർമികവുമായ പരിശീലനങ്ങളും ശാരീരികമായ അധ്വാനവുമെല്ലാം പഠന പ്രക്രിയയുടെ ഭാഗമായി ഗാന്ധിജി കണക്കാക്കി. ഇതൊന്നുമില്ലാത്ത വിദ്യാഭ്യാസത്തിൽ നിന്ന് ഇറങ്ങുന്ന വിദ്യാർത്ഥികൾക്ക് സമൂഹത്തിൽ എന്ത് മാറ്റം വരുത്താനാണ് സാധിക്കുന്നത്?

ഈ രാജ്യത്തിന്റെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്ന വിദ്യാഭ്യാസമാണ് നമുക്കാവശ്യം. ഇന്ന് കലാശാലകളിൽ നൽകപ്പെടുന്ന വിദ്യാഭ്യാസം അക്ഷരാഭ്യാസത്തിൽ ഒതുങ്ങുന്നുവെന്നും വലിയ രീതിയിൽ നൽകുന്ന ഈ പരിശീലനം ഒരു ദുർവ്യയമാണെന്നും ഇത് അഭ്യസ്ത വിദ്യർക്കിടയിൽ തൊഴിലില്ലായ്മക്ക് കാരണമാകുന്നുവെന്നും തെളിവുകൾ നമ്മെ പഠിപ്പിക്കുന്നു. എന്നാൽ ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയിൽ തൊഴിലധിഷ്ഠിത വിദ്യഭ്യാസത്തിന് വൻ പ്രാധാന്യമാണ് നൽകുന്നത്. പഠനത്തോടൊപ്പം തന്നെ അധ്വാനവും ശീലിക്കുന്നത് ഒരു വ്യക്തിയുടെ ശാരീരിക വളർച്ചയ്ക്കും കാരണമാകുന്നു. ഇത് മനുഷ്യരിൽ അധ്വാന ശീലവും തൊഴിലിനോടുള്ള ആദരവും വർദ്ധിപ്പിക്കും. അധ്വാനത്തിൽനിന്നുള്ള വരുമാനംകൊണ്ട് സ്വന്തം ആവശ്യങ്ങൾ നിർവ്വഹിക്കുമ്പോൾ ആത്മാഭിമാനം വളരുന്നു. ഒരു മനുഷ്യന്റെ ബുദ്ധി മാത്രമല്ല വളരേണ്ടത്. ശരീരവും ഹൃദയവും ആത്മാവുമെല്ലാം പ്രായത്തിനും കാലത്തിനുമൊപ്പം വളരണം. അവിടെയാണ് വിദ്യാഭ്യാസം പൂർണ്ണമാകുന്നത്.

പഠനത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം ഗാന്ധിജി എടുത്തുപറഞ്ഞിട്ടുള്ള ഒന്നാണ്. നമ്മുടെ പ്രതിനിധാനമാണ് മാതൃഭാഷയെന്നും പഠനമാധ്യമം മാതൃഭാഷയായിരിക്കണം എന്നും ഗാന്ധിജി ആഗ്രഹിച്ചിരുന്നു. മാതൃഭാഷയിലുള്ള വിദ്യാഭ്യാസത്തോടൊപ്പം ആശയവിനിമയത്തിനും ഉപരിപഠനത്തിനും ഇംഗ്ലീഷ് അടക്കമുള്ള മറ്റു ഭാഷകൾ പഠിക്കേണ്ടതിന്റെ പ്രാധാന്യം ഗാന്ധിജി വ്യക്തമാക്കിയിട്ടുണ്ട്. മാതൃഭാഷയെ അവഗണിച്ചുകൊണ്ടുള്ള ഇംഗ്ലീഷ് പ്രേമത്തെ അദ്ദേഹം എന്നും വിമർശിക്കുന്നു.

കുട്ടികൾക്ക് ചുമക്കാൻ പ്രയാസമുള്ളത്ര പുസ്തകങ്ങളും പേറി കുട്ടികൾ സ്കൂളിൽ പോകുന്ന ദയനീയമായ കാഴ്ചയെപ്പറ്റി 1920ൽ ഗാന്ധിജി പരാമർശിച്ചിരുന്നു. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും ഗാന്ധിജി കണ്ട അവസ്ഥയ്ക്ക് മാറ്റമില്ല. ശരിയായ വിദ്യാഭ്യാസമെന്നാൽ വിദ്യ അഭ്യസിക്കേണ്ട കുട്ടികളിലുള്ള നല്ല കഴിവുകളെ പുറത്തു കൊണ്ടുവരിക എന്നതാണ്. ക്രമീകൃതവും അനാവശ്യവുമായ വിഷയങ്ങൾ വിദ്യാർത്ഥികളുടെ തലയിൽ കുത്തിനിറച്ചതുകൊണ്ട് കഴിവുകൾ വികസിക്കുന്നില്ല. വിദ്യാഭ്യാസം ഔപചാരികതകളെക്കാൾ ഗുണത്തെയും ആകുലതയോടെ നോക്കിക്കണ്ട ആളാണ് ഗാന്ധിജി. ഒരു ജനതയുടെ വിദ്യാഭ്യാസം ആ ജനതയുടെ സ്വാഭാവികമായ സംസ്കാരവും അനന്യതയും മൂല്യങ്ങളും നിലനിർത്തുന്ന ഒന്നായിരിക്കണം. ഇത് സാധിക്കണമെങ്കിൽ പാഠ്യ പദ്ധതിയും രീതികളുമെല്ലാം ആ നാട്ടിൽ തന്നെ രൂപീകരിച്ചതായിരിക്കണം. പുറമെനിന്ന് അടിച്ചേൽപ്പിക്കുന്നതോ, വിദേശത്തുനിന്നു കടമെടുത്തതോ ആയ ഒരു പാഠ്യക്രമത്തിന് പൂർണ്ണമായി ഒരു ജനതയുടെ സംസ്കാരത്തെയും മൂല്യങ്ങളെയും ഉൾക്കൊള്ളാനാവില്ല എന്ന വസ്തുത ഗാന്ധിജി നമ്മെ ബോധ്യപ്പെടുത്തി. ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്ത് ഇന്ന് കാണുന്ന പാകപ്പിഴകൾക്കും അരക്ഷിതാവസ്ഥകൾക്കും കാരണം അടിസ്ഥാനമില്ലാതെ വിദ്യാഭ്യാസ പദ്ധതികളെ പരീക്ഷിച്ചതാണ്. പൊതുവായി വിലയിരുത്തിയാൽ വിദ്യാഭ്യാസ പ്രക്രിയയ്ക്ക് ഗാന്ധിജി നൽകുന്ന നിർവ്വചനം ഇതാണ്: മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം. ജീവിതത്തിന്റെ സമസ്ത മേഖലകളിലെയും ബന്ധനത്തിൽനിന്ന് മുക്തിനൽകുന്നതാവണം വിദ്യാഭ്യാസം എന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനാൽ രാജ്യത്തിൽ സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന ആശയത്തിൽ അടിയുറച്ച് ഗാന്ധിജി വിശ്വസിച്ചു. ബൗദ്ധികവും ആത്മീയവും, ശാരീരികവും, ധാർമ്മികവുമായ വളർച്ചയിൽ അധിഷ്ഠിതമായ പാഠ്യക്രമത്തിലൂടെ കുട്ടികളുടെ കഴിവുകൾ പുറത്തുകൊണ്ടുവരിക എന്ന ലക്ഷ്യമിട്ട് ഗാന്ധിജി വിഭാവനം ചെയ്ത വിദ്യാഭ്യാസ പദ്ധതി ഇന്ത്യയ്ക്ക് പുത്തൻ ഉണർവ്വ് നൽകാൻ പര്യാപ്തമായ ഒന്നായിരുന്നു. ഇത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാതെ പോയതാണ് വിദ്യാഭ്യാസരംഗത്ത് ഇന്ത്യ നേരിടുന്ന പ്രതിസന്ധികൾക്ക് മുഖ്യ കാരണം.

"സ്നേഹവും അഹിംസയും ജീവിതത്തെ വിലയുള്ളതാക്കി തീർക്കുന്നു" -ഗാന്ധിജി

രാജ്യത്തിൽ സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന ആശയത്തിൽ അടിയുറച്ച് ഗാന്ധിജി വിശ്വസിച്ചു. ബൗദ്ധികവും ആത്മീയവും, ശാരീരികവും, ധാർമികവുമായ വളർച്ചയിൽ അധിഷ്ഠിതമായ പാഠ്യക്രമത്തിലൂടെ കുട്ടികളുടെ കഴിവുകൾ പുറത്തുകൊണ്ടുവരിക എന്ന ലക്ഷ്യമിട്ട് ഗാന്ധിജി വിഭാവനം ചെയ്ത വിദ്യാഭ്യാസ പദ്ധതി ഇന്ത്യയ്ക്ക് പുത്തൻ ഉണർവ്വ് നൽകാൻ പര്യാപ്തമായ ഒന്നായിരുന്നു.

ആശ പി. ആർ.
ഒന്നാം വർഷ ബി.കോം.

# ദുര



ജീവിതത്തിൽ പ്രശാന്തമാം നാളുകൾ
ഹാ വിടർത്തും വസന്താനുഭൂതികൾ!
തൊട്ടയൽപക്കമേലും ദുരാശകൾ
തൊട്ടു ഗൃഹമാകെയേറ്റുന്നു മുള്ളുകൾ!
എന്തൊരത്ഭുതമിത്തിരി മണ്ണിനായ്
ബന്ധമൊക്കെ മറക്കുന്നിതു ചിലർ!
ചന്തമായിക്കരുതിയ സൗഹൃദ-
തന്തുപോലും ത്യജിക്കുന്നിതു ചിലർ!
എന്തിനീ നശ്വര ജീവിത പാതയി-
ലെന്തിനീയന്ധകാര, മീയന്ധത!
ഗ്രന്ഥമാകെയൊരീ യാത്രയിലെന്നുമേ
നിസ്വരായേ കടന്നുപോകൂ ധ്രുവം!
ഇന്നിതികൾ നിനയ്ക്കുന്നോർക്കുമ്പോൾ-
ക്കൊന്നുമുണ്ടാം മനസ്സിൽ പെരും വ്യഥ!
അന്യർതൻ സ്വത്തു സ്വന്തമാക്കുന്നവർ-
ക്കൊന്നുമുണ്ടാമഹോ പരിഹാസ്യത!
പന്നിയെക്കണ്ണടച്ചാലതിൻ കഥ
വന്നു നൽകുന്നവർക്കു നിരാശത!
ആകയാലീ മനോഹര ജീവിത-
മാസ്വദിക്കാൻ മനം ശുദ്ധമാക്കുക!
തിന്മകൾ കൈവെടിഞ്ഞു പരാർത്ഥമാം
നന്മകൾക്കു മനസ്സു നൽകീടുക!
സത്യധർമ്മങ്ങൾ വിസ്മരിക്കാതെ താൻ
മർത്ത്യ ജന്മം സുധന്യമാക്കീടുക!

*Best Compliments From:*

# INDIRA GANDHI CO-OPERATIVE HOSPITAL

**(A Unit of Mambaram Co-op. Hospital Society Ltd. No.C. 952)**

**MANJODI, THALASSERY- 670 103**

**Phone: 2328500 (30-Lines) Fax-0490-2320730**

**www.indiragandhihospital.com**

**FOLLOWING DEPARTMENTS AND FACILITIES ARE AVAILABLE IN THIS HOSPITAL**

| | | |
|---|---|---|
| 1. Dept. of Cardiology | 9. Dept. of General Surgery | 17. Dept. of Pshychology |
| 2. Dept. of Neurology | 10. Dept. of Gynaecology | 18. Dept of Dermatology |
| 3. Dept. of Neuro Surgery | 11. Dept. of General Medicine | 19. Dept.of Radiology |
| 4. Dept. of Urology | 12. Dept. of Orthopaedics | 20. Dept. of Anesthesiology |
| 5. Dept. of Endocrinology | 13. Dept. of ENT | 21. Dept. of Dental |
| 6. Dept. of Nephrology | 14. Dept. of Chest & Allergy | 22. Dept. of Pathology |
| 7. Dept.of Paediatric Surgery | 15. Dept.of Ophthalmology | 23. Dept. of Physiotherapy |
| 8. Dept. of Paediatrics | 16. Dept. of Psychatry | 24. Dept. of Ayurveda |

- Whole Body Spiral C.T. Scan
- Computerised EEG System
- Vivid-3 Echo Machine
- Halter Monitor System
- Tread Mill Test
- Cystoscopy
- Entoscoty
- Fully Automatic Analyser
- Elisa Reader with Washer
- Ventilators
- Nursing School
- Diagnostic Laproscopy & Paroscopic sterilization
- Intra Uterine Insemination (IUI) for infertility
- C-Arm for advanced Orthopaedic surgery
- Hair Transplantation Surgery
- Physiotherappy Department
- Diabetic Research Centre
- Keyhole Surgery
- Mobile ICU (Ambulance)
- Mobile Mortuary
- Computed Radiography (Digital X-Ray)

## INDIRA GANDHI NURSING SCHOOL

GENERAL MANAGER
**O. DAMODHARAN**

PRESIDENT
**MAMBARAM DIVAKARAN**

നഫീസത്തുൽ മിസ്രിയ. സി
ഒന്നാം വർഷ ബി.കോം.

# ഇതു തച്ചുടച്ചാലോ....?



പ്രപഞ്ചത്തോളം വളർ-
ന്നെത്തിയ മനുഷ്യ
സർഗ്ഗശക്തിയെക്കുറി
ച്ചീണത്തിൽ പാടുന്നു ഞാൻ
പക്ഷെ ശാസ്ത്രമേ...!
നോവുകളുടെ നെഞ്ചി
ലേക്കെറിഞ്ഞുപൊട്ടിച്ചപ്പോൾ
മിസൈലുകൾ മനുഷ്യന്റെ
കതിരണം തുറവുമ്പോൾ
ഭൂമിയിലെ അടുപ്പിലെ
ചാരമായ് തീരുമ്പോൾ
എന്റെ പാട്ടുകൾ വെറും
രോദനമായ് ശബ്ദമായ്
മുഴങ്ങിക്കേൾക്കുന്നു ഞാൻ
ഉരുക്കുയന്ത്രങ്ങളിൽ
ശാസ്ത്രമേ...
തിന്നനപണമൊക്കെ
പകക്കൊപ്പായ് മാറുമ്പോൾ
കണ്ണുകൾ മുന്നോട്ട് തുറിച്ചും
കലങ്ങിയും
അധരങ്ങളിൽ നിന്നു-
മടർന്ന ചുടുനിണമൊലിച്ച്
വർണ്ണക്കമ്പികൾ ശ്രുതിക്കൊപ്പ-
മയച്ചും മുറുക്കിയും
വയ്യെന്നിക്കിനിപ്പാടാൻ
കൈത്താളത്തിലെ തങ്ക-
ത്തംബുരു വലിച്ചെറി-
ഞ്ഞുടച്ചുകളഞ്ഞാലോ...?

നീതു മോൾ
ഒന്നാം വർഷ ബി.കോം.



# വീണ്ടും ശവപ്പറമ്പിലേക്ക്



ജ്വലിച്ചുകൊണ്ടിരിക്കുന്ന തീക്കനലുകളിലേക്ക് തന്നെ നോക്കിയിരുന്ന അവൻ ഒന്നറിഞ്ഞു. ഇനി തനിക്കാരുമില്ല. ഉറ്റവരായി ഈ ലോകത്തിൽ. അനാഥനായ കുട്ടി. രാമൻ. തെരുവിന്റെ സന്തതിയായിരുന്നെങ്കിലും ഈ 15 വർഷക്കാലവും ഒരമ്മയുണ്ടായിരുന്നു അവന്. യാചിച്ചു കിട്ടുന്ന നാണയത്തുട്ടുകളുമായി കുഞ്ഞാമ്മദിക്കയുടെ ചായപ്പീടികയിലേക്ക് തന്റെ കൈയ്യും പിടിച്ചുകൊണ്ടു പോകുന്ന അമ്മ.

നല്ല വസ്ത്രം ധരിക്കാത്ത, കുളിക്കാത്ത, തെരുവിന്റെ അമ്മ. എന്നാലും രാമന് രാത്രി അമ്മയുടെ മടിയിൽ തലചായ്ച്ചുകിടക്കണം. ആ മടിയുടെ ചൂടിൽ ആ താരാട്ടിന്റെ ഈണത്തിൽ...

"എടാ, എണീക്കെടാ, ഒന്നു പോയേ.. പോയേ..." ശബ്ദം കേട്ട് ഞെട്ടിത്തിരിഞ്ഞു നോക്കിയ രാമൻ കണ്ടത് ചുവന്നുകലങ്ങിയ രണ്ടു കണ്ണുകളായിരുന്നു. തീക്കനൽ പോലെ... 'അയ്യോ' അവനറിയാതെ നിലവിളിച്ചു. "എന്താടാ ചെക്കാ കിടന്നലറുന്നത്. ഈ ശ്മശാനം നിന്റെ തള്ളയുടേതല്ല എഴുന്നേറ്റ് പോയേ, ബാക്കിയുള്ളോർക്ക് പണിയാക്കാൻ വന്നോളും ഓരോന്ന്..." ഇതും പറഞ്ഞ് അയാൾ രൂക്ഷമായി അവനെ നോക്കി.

"ഞാൻ.. ഞാൻ.. എനിക്കാരുമില്ല, അമ്മ..." അവനു കൂടുതൽ സംസാരിക്കാനായില്ല. കണ്ണിൽ നിന്നും ചുടുകണ്ണീർ ഒഴുകി ശവങ്ങൾ കത്തിക്കുകയും കുഴിച്ചിടുകയും മറ്റും ധൈര്യത്തോടെ ചെയ്യുമെങ്കിലും അയാൾക്കും ഒരു ഹൃദയമുണ്ടായിരുന്നു. മുരടനാണെന്നു നാട്ടുകാർ ഓരോരുത്തരും പറയും എന്നാൽ അയാൾ നന്മയുള്ളവനായിരുന്നു. അല്ലെങ്കിൽ പിന്നെ തെരുവിൽ മരിച്ചുകിടന്ന രാമന്റെ അമ്മയെ സ്വന്തം ചെലവിൽ ഇവിടെ കൊണ്ടുവന്ന് ദഹിപ്പിക്കില്ലല്ലോ.

അയാൾ പറഞ്ഞു;"മോനേ, ഇവിടെ നിൽക്കണ്ടാ ചുടുകാടാ ഇത്. കുട്ടികൾക്കു പറ്റിയ സ്ഥലമല്ല. നീ എഴുന്നേറ്റുപോകാൻ വേണ്ടിയാ ഞാനിങ്ങനെയൊക്കെ പറഞ്ഞത്. മോൻ പോ..

"എടാ നാരായണാ..." ഒരു വിളിയൊച്ച. "നീ ഇതെവിടെ പോയികിടക്കുകയാ, ഇതൊന്നു ദഹിപ്പിച്ചേ.. പെട്ടെന്നു വേണം. രാത്രിയാകുന്നതിനുമുമ്പ് തിരിച്ചുപോവേണ്ടതാ..."

"ഇതാ ഞാനെത്തി" അവനെ ഒന്നു നോക്കിയിട്ട് അയാൾ ശബ്ദം കേട്ട ഭാഗത്തേക്ക് പോയി.

അവിടെ നിന്ന് വിറകിന്റെയും മനുഷ്യന്റെയും പല ശബ്ദങ്ങളും ഉയരുന്നുണ്ടായിരുന്നു.



ശവങ്ങളുടെ ദീനരോദനങ്ങൾ പിന്നെ ശവം കത്തുന്നതിന്റെ അസഹനീയമായ നാറ്റവും. എന്നിട്ടും അവൻ അനങ്ങിയില്ല. അമ്മയുടെ ചിതയിലേക്ക് തന്നെ കണ്ണും നട്ടിരുന്നു.

എല്ലാ കനലുകളും കെട്ടടങ്ങി. ഇനി ഒന്നു മാത്രം. എങ്കിലും എന്റെ മനസ്സിലെ കനൽ

ഒരിക്കലും അണയില്ല. ഒരു തെരിപ്പോടികണക്കെ അതു നീറിക്കത്തും.

"മോനേ... എഴുന്നേറ്റേ" വീണ്ടും നാരാണേട്ടന്റെ ശബ്ദം. "ബാ.. നമുക്ക് ഓരോ ചായ കുടിച്ചിട്ടു വരാം..നേരം സന്ധ്യയായി.. ഇനി ഇവിടെ നിൽക്കാൻ കഴിയില്ല." അയാൾ ആ ശവപ്പറമ്പിനെക്കുറിച്ച് പറഞ്ഞുകൊണ്ടേയിരുന്നു. എന്നാൽ അവൻ നിശബ്ദനായിരുന്നു. ഈ ചുടുകാട്ടിൽ ഒരിക്കലും സൂര്യനസ്തമിക്കുകയില്ല കാരണം എപ്പോഴും ചിതകൾ കത്തിക്കൊണ്ടേയിരിക്കുന്നു. മരണം എത്ര നിസ്സാരമായാണ് മനുഷ്യനെ കീഴ്പ്പെടുത്തുന്നത്. അവൻ ഒരു നിശ്വാസത്തോടെ ചിന്തിച്ചു. തന്റെ അമ്മയേയും.." ദുഷ്ടനാനീ ദുഷ്ടനാ അവൻ പിറുപിറുത്തു.

ചായ മാത്രമല്ല ഈരണ്ടു പൊറോട്ടയും മീൻകറിയും അവർ കഴിച്ചു കുഞ്ഞാത്താമ്മയുടെ പീടികയായിരുന്നു അത്. അതുകൊണ്ടു തന്നെ ഭക്ഷണം കഴിക്കുമ്പോൾ അവന്റെ കണ്ണു നിറഞ്ഞു.

"പാവം നല്ലോരു പെണ്ണായിരുന്നു ലീല... ചെക്കന്റെ ഒരു യോഗേ... ചായകുടിക്കാനെത്തിയ കണാരേട്ടൻ പറയുന്നത് അവൻ കേട്ടു. അവർക്കെല്ലാം അത്ഭുതം: കറുത്തിരുണ്ട മുടന്തനായ നാരായണൻ അവന് ചായവാങ്ങിക്കൊടുക്കുന്നതു കണ്ടിട്ടായിരുന്നു.

"നാരാണനിതെന്തുപറ്റി, ഒരാളോട് മിണ്ടാത്തോനാ... എന്നും ചാരായവും കോയിനെ ചുട്ടതും തിന്ന് ശവപ്പറമ്പിൽ കിടക്കുന്നോനാ" ആരോ പിറുപിറുക്കുന്നത് നാരായണൻ കേട്ടു. അയാൾ ഒന്നും മിണ്ടിയില്ല. ചായ കുടിച്ച് പൈസയും കൊടുത്ത് അവർ തെരുവിലേക്കിറങ്ങി.

അപൂർവ്വമായേ അയാൾ തെരുവിലേക്കിറങ്ങാറുള്ളൂ.. ആളുകൾ അയാളെ ഒരു കാട്ടുമൃഗത്തെപ്പോലെയാണ് നോക്കുക. പക്ഷേ അവരറിഞ്ഞിരുന്നില്ല ആ നല്ല ഹൃദയത്തെ.

"മോനേ... ഇനി നീ എവിടെയെങ്കിലും പോയി ജീവിച്ചോ... ഇവിടെ നിൽക്കണ്ട, പോയിക്കോ... നിന്റെ അമ്മയുണ്ടാവും കൂടെ..."

"എനിക്ക്, ഞാൻ.. ഞാനും വരുന്നു കൂടെ ശവപ്പറമ്പിൽ" അവനൊന്നു പറഞ്ഞുനിർത്തി. അപേക്ഷയോടെ അയാളുടെ കണ്ണുകളിലേക്ക് നോക്കി. "വേണ്ട" നാരായണൻ പറഞ്ഞു. "വേണ്ട നീയും എന്നെപ്പോലെ.. അതുവേണ്ട എനിക്കു ശേഷം വേറെയൊരാൾ ആ ശവപ്പറമ്പിൽ വരുമായിരിക്കും. പക്ഷേ നിന്നെ ഇത്ര ചെറുപ്പത്തിലേ ശവങ്ങളുടെ ഇടയിലേക്ക്.. ഇരുട്ടിലേക്ക്...ഏകാന്തതയിലേക്ക്... അയാൾക്കു തുടരാനായില്ല..

"അവൻ ഒന്നു കൂടി അയാളെ നോക്കി. പിന്നെ തിരിഞ്ഞു നോക്കാതെ ഓടി. ആ ഓട്ടത്തിൽ അവൻ കണ്ട നാടുകൾ പരിചയപ്പെട്ട വ്യക്തികൾ, ചെയ്ത പ്രവർത്തികൾ എല്ലാം അവനെ പഠിപ്പിച്ചു. ലോകത്തിന്റെ യഥാർത്ഥ മുഖത്തെ തിരിച്ചറിയാൻ കഴിഞ്ഞു."

സ്നേഹത്തിന്റെ 'വില'യെക്കുറിച്ച് ഇന്ന് അവനറിയാം. അത് ഒരു ചോക്ലേറ്റിലോ ഒരു സാരിയിലോ അല്ലെങ്കിൽ മറ്റേതിലും വസ്തുവിലോ ഒതുങ്ങുന്നു.

ഇങ്ങനെയൊരു തിരിച്ചുവരവ് അവൻ ആഗ്രഹിച്ചിരുന്നുവോ? ഉണ്ടാവും... തീർച്ച കാരണം കാലം അവനെ പഠിപ്പിച്ചതതാണല്ലോ. എങ്കിലും തിരിഞ്ഞു നോക്കുമ്പോൾ കാണുന്നത് ജീവനുള്ള ശവങ്ങളുടെ ക്രീഡകളാണ്. പണത്തിനുവേണ്ടിയുള്ള നെട്ടോട്ടത്തിനിടയിൽ ബന്ധങ്ങളുടെ ചങ്ങല പൊട്ടുന്നു. ആകാശംമുട്ടെയുള്ള കെട്ടിടങ്ങളുടെ കാട്ടിൽ കലങ്ങി മറിഞ്ഞ ഒരു ചോരപ്പുഴയൊഴുകുന്നു. അമ്മയെക്കൊന്നു വീടു സ്വന്തമാക്കുന്ന മകൻ, മകളെ നശിപ്പിക്കുന്ന അച്ഛൻ. വയ്യ... ഈ തിരിച്ചുപോക്ക് അനിവാര്യമാണ്.

ചിന്തകൾക്കു ശേഷം അവൻ എത്തിയത് ആ ചുടുകാട്ടിലായിരുന്നു. മരണത്തിന്റെ അവശിഷ്ടങ്ങളായ ശവങ്ങളുടെ കൂട്. അവിടെ എരിയുന്ന ചിതയ്ക്കരികിൽ ചിതയെ നോക്കി ഒരു മനുഷ്യൻ എല്ലും തോലുമായ ആ മനുഷ്യൻ...

"നാരാണേട്ടാ" അവൻ ഒന്നു വിളിച്ചു.

ഞെട്ടിത്തിരിഞ്ഞു നോക്കിയ നാരായണൻ കണ്ടത് പണ്ടത്തെ ആ രാമനെയായിരുന്നില്ല, തന്റെ യൗവനത്തെയായിരുന്നു. "നീ വന്നു. അല്ലേ" ഒരു നിമിഷത്തെ നിശബ്ദതയ്ക്കു ശേഷം അവൻ പറഞ്ഞു. എനിക്ക് ഇവിടെ ജീവിച്ചാ മതി. ജീവനുള്ള മനുഷ്യരേക്കാൾ നല്ലത് ചത്ത മനുഷ്യരാ അവർക്ക് വിദ്വേഷമില്ല. പകയില്ല. ആ വൃദ്ധന്റെ കണ്ണുകൾ ഒന്നു തിളങ്ങി.. അയാൾ കണ്ടത് തന്റെ ഭൂതകാലമായിരുന്നു.

■

ആശംസകളോടെ

# ദി വളപട്ടണം സർവ്വീസ് കോ-ഓപ്പ്. ബേങ്ക് ലിമിറ്റഡ്

നമ്പർ എൽ.എൽ. 242

*A Class I Special Grade Bank*

*Fully Computerised*

ഹെഡ്ഡാഫീസ്-വളപട്ടണം, കണ്ണൂർ-10

ഫോൺ: 2779141, 2778141

ശാഖകൾ

| | |
|---|---|
| മിൽറോഡ് ബ്രാഞ്ച് - വളപട്ടണം. | ഫോൺ 2777141 |
| ഫീബുത്ത് ഈവനിംഗ് ബ്രാഞ്ച് - വളപട്ടണം | ഫോൺ: 2779142 |
| സ്റ്റേഷൻ റോഡ് ഈവനിംഗ് ബ്രാഞ്ച് - വളപട്ടണം | ഫോൺ: 2777760 |
| മന്ന ബ്രാഞ്ച് - വളപട്ടണം | ഫോൺ: 2777761 |

നീതി മെഡിക്കൽസ്റ്റോർ
പഴയ ഫിബുത്തിന് സമീപം
വളപട്ടണം, ഫോൺ: 2777762

ആയുർധാര ഫാർമസി
പഴയ ഫിബുത്തിന് സമീപം
വളപട്ടണം. ഫോൺ: 2777762

പൊതുവിതരണ കേന്ദ്രം
എ.ആർ.ഡി. 142 - വളപട്ടണം

പ്രസിഡണ്ട്
ടി. സൈഫുദ്ദീൻ

സെക്രട്ടറി
എൻ.പി. ഹംസ B.Com. LLB



*Best Compliments from*



## KTDC WILL SOON OFFER THE TAMARIND S/PREAD

*The Kerala Tourism Development Corporation is all set to redefine hospitality in 'God's Own Country with the tamarind Easy Hostel Chain across Kerala. Each Tramind hotel, located at unique location is going to be a no frills hotel designed for the corporate as well as the leisure traveler.*

## EASY TO BOOK / EASY TO ACCESS / EASY ON PURSE

### EACH TAMARIND HOTEL IS AN EXPERIENCE IN ITSELF

*Rooms that combine practicality and elegance
*Reasonable tariffs *Multi cusine Restaurants *Tour packes

KTDC tamarind KTDC EASY HOTELS

NEYYAR SANCTUARY | KOLLAM | LAPPUZHA | CHANGANACHERRY | PEERMEDU | KALADY | THRISSUR | GURUVAYOOR | MANNARKKAD | KONDOTTY | NILAMBUR | THIRUNELLY | KANNUR | PARASINIKADAVU

For reservations, please contact, E-mail: centralreservations@ktdc.com
Ph: +914712316736, 2725213, Fax: +914712721254



# മാറുന്ന യുവ തലമുറ ചിന്തകൾ



നവീദ് പി. സി.
ഒന്നാം വർഷ ബി.കോം.

നമ്മുടെ യുവത്വം ഇന്ന് സഞ്ചരിക്കുന്നത് ഭീകരമായ ഒരു പാതയിലാണ്. സാമൂഹിക പ്രതിബദ്ധതയില്ലാതെ അവനവനിസത്തിന്റെ വക്താക്കളായാണ് ഇവർ മാറുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലോകമാണ് ഇന്ന് ഇവരുടെ സ്വർഗ്ഗം. ചുറ്റുപാടും നടക്കുന്ന ഒന്നിനെയും ശ്രദ്ധിക്കാതെ ഒതുങ്ങി ജീവിക്കാൻ ആഗ്രഹിക്കുന്നവർ അരാജകത്വത്തിന്റെയും അരാഷ്ട്രീയവാദത്തിന്റെയും വക്താക്കളാവുകയാണ്. ഒരു വൈറ്റ് കോളർ ജോലിയോ ഒരു ഉന്നത അധികാര ജോലിക്കു വേണ്ടി മാത്രം വിദ്യാഭ്യാസത്തെ കാണുന്ന നമ്മുടെ ആധുനികത, നമ്മളിൽ നിന്നും ഒലിച്ചിറങ്ങുന്ന സാംസ്കാരിക മൂല്യങ്ങളെ തിരിച്ചറിയുന്നില്ല.

ഇരുട്ടിലേക്ക് ഒതുങ്ങിക്കൂടാനാഗ്രഹിക്കുകയാണ് ഇന്നത്തെ ഈ യുവതലമുറ. റോഡരികിൽ ഒരു ടെലിഫോൺ പോസ്റ്റ് വലിച്ചിട്ട് അല്ലെങ്കിൽ ബസ്സ്റ്റോപ്പിലോ മറ്റു പീടികയുടെ വരാന്തയിലോ വെളിച്ചമില്ലാതെ അവിടെ നിന്നും സംസാരിക്കുന്നു. അവരിൽ ഒരിക്കലും ഒരു സമൂഹത്തിന് പ്രതീക്ഷയർപ്പിക്കാനാവില്ല. കേരളത്തിൽ ഈയിടെ ഒഴുകുന്ന മദ്യത്തിന്റെ അളവ് നമ്മളെയെല്ലാം അതിശയപ്പെടുത്തുന്നു. വീടിനോടും നാടിനോടും കൂട്ടുകാരോടും യാതൊരു പ്രതിബദ്ധതയുമില്ലാതെ വെറുതെ ജീവിച്ചുതീർക്കുന്നു അവർ. ഈയിടെ പത്രത്തിൽ കേരള ജനതയെ അല്ലെങ്കിൽ മനുഷ്യ സമൂഹത്തെ ഞെട്ടിക്കുന്ന ഒരു വാർത്ത കാണുകയുണ്ടായി. ബസ് അപകടത്തിൽ ബസ്സിനടിയിൽപ്പെട്ടയാൾ മരണത്തോട് മല്ലടിക്കുമ്പോൾ ഒരു സംഘം യുവാക്കൾ അത് തങ്ങളുടെ മൊബൈലിൽ പകർത്താനാണ് ശ്രമിച്ചത്. സഹജീവി സ്നേഹം നഷ്ടപ്പെട്ടതിന്റെ ഉത്തമ ഉദാഹരണമാണിത്. ഈ യുവതലമുറയെ മുറുകെ പിടിച്ച് ഒരിക്കലും വിട്ടുപിരിയാതെ പല സാങ്കേതിക വിദ്യകളും നിറഞ്ഞ മൊബൈൽ ഫോണുകൾ, ഇന്റർനെറ്റ് സൗകര്യങ്ങൾ. ഇതിലൂടെയൊക്കെ നമ്മുടെ ലോകം ദയനീയാവസ്ഥയിലേക്കാണ് നീങ്ങുന്നത് എന്നാണ് ഇവ സൂചിപ്പിക്കുന്നത്. അതുപോലെ കൊല്ലം റെയിൽവെ സ്റ്റേഷനിൽ നടന്ന സംഭവവും മാധ്യമങ്ങൾ കൊട്ടിഘോഷിച്ചതാണ്. 'പാളം മുറിച്ചു കടക്കുന്ന പെൺകുട്ടി ട്രെയിനിനടിയിൽപ്പെട്ട് രക്ഷിക്കണേ എന്ന് നിലവിളിച്ചപ്പോൾ പ്രബുദ്ധരായ നമ്മുടെ ജനത നോക്കി നിൽക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്.

ഇന്നത്തെ കാലം 'സ്വന്തം കാര്യം സിന്ദാബാദ്' എന്ന ഒരു അവസ്ഥയിലാണ്. അതായത് പ്രായമായ അച്ഛനമ്മമാരെ മക്കൾ ഒരു ദയയുമില്ലാതെ വൃദ്ധസദനത്തിൽ കൊണ്ടു ചെന്നാക്കുന്നു. ഇന്നലെയോളം തങ്ങളുടെ ജീവിതം സ്വന്തം മക്കൾക്കുവേണ്ടി ഉഴിഞ്ഞുവെച്ചവർ ജീവിത സായാഹ്നത്തിൽ ഒരിറ്റു സ്നേഹത്തിനുവേണ്ടി വെമ്പുമ്പോൾ അവരെ വലിച്ചെറിയാൻ എങ്ങനെ സാധിക്കുന്നു? ഇവിടെ നമ്മൾ മാതാപിതാഗുരു ദൈവം എന്ന സങ്കല്പത്തെ നശിപ്പിക്കുകയാണ്.

രാഷ്ട്രീയത്തിലും മാനവികത നഷ്ടപ്പെട്ട അവസ്ഥയാണ് ഇന്നുള്ളത്. വർഗ്ഗീയ ചിന്തകളും അരാഷ്ട്രീയവാദവും ഇന്ന് വീണ്ടും ക്യാമ്പസ്സുകളിലേക്ക് കടന്നുവരുന്നു. രാഷ്ട്രീയവത്കരണങ്ങളും, വർഗ്ഗീയവത്കരണങ്ങളും ഇന്ന് ഈ സമൂഹം ക്യാമ്പസ്സുകളിൽ നടത്തുന്നു. എന്തിനുവേണ്ടിയെന്നില്ലാതെ, ആർക്കുവേണ്ടിയെന്നില്ലാതെ യുവതലമുറ സമൂഹത്തെ നശിപ്പിക്കുകയാണ്. വിദ്യാഭ്യാസം കൂടുംതോറും സംസ്കാരം പുറകോട്ട് നീങ്ങുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഓർമ്മകളില്ലാതെ മുന്നോട്ടുപോകുന്നവർ ഇന്നലെകളിലെ പോരാട്ട വീഥികളിൽ ആയിരക്കണക്കിനു മഹാത്മാക്കളുടെ വീരചരിത്രത്തെ വിസ്മരിക്കുന്നു. ഇങ്ങനെ ഒന്നും കണ്ടില്ല കേട്ടില്ല എന്നു കരുതി തിരിഞ്ഞു നടക്കുന്ന ഒരു യുവതലമുറയെ തിരിച്ചുകൊണ്ടുവരാൻ പുരോഗമന ചിന്തകൾ ഇനിയും ശക്തമായി ഉണരേണ്ടതുണ്ട്.

ആശംസകളോടെ..!

# അഴീക്കോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് ലിമി.

നമ്പർ എഫ്. 1149.

ഹെഡ്ഡോഫീസ് : **അഴീക്കോട്.** ഫോൺ: 2777479, 2774530

ബ്രാഞ്ചുകൾ

| | | |
|---|---|---|
| മെയിൻ ബ്രാഞ്ച് | വൻകുളത്തുവയൽ | ഫോൺ: 2777290 |
| അഴീക്കൽ ബ്രാഞ്ച് | അഴീക്കൽ | ഫോൺ: 2770346 |
| സൗത്ത് ബ്രാഞ്ച് | അഴീക്കോട് സൗത്ത് | ഫോൺ: 2742528 |
| ഈവനിംഗ് ബ്രാഞ്ച് | പൂതപ്പാറ | ഫോൺ: 2777481 |
| ഈവനിംഗ് ബ്രാഞ്ച് | മൂന്നുനിരത്ത് | ഫോൺ: 2771479 |
| ഈവനിംഗ് ബ്രാഞ്ച് | വൻകുളത്ത് വയൽ | ഫോൺ: 2774600 |

പ്രസിഡണ്ട്
എം. എൻ. രവീന്ദ്രൻ

സെക്രട്ടറി
പി. ഗംഗാധരൻ



# DOWRY -A SEVERE PROBLEM

ആശംസകളോടെ..!

## തലശ്ശേരി താലൂക്ക് പബ്ലിക്ക് സർവ്വന്റ്സ്
## വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ലിമിറ്റഡ് നമ്പർ സി. 1669

കൂത്തുപറമ്പ്

**സഹകരണ രംഗത്ത് ഒരു മാതൃകാ സ്ഥാപനം**

പ്രസിഡണ്ട്
പി.കെ. സതീശൻ

സെക്രട്ടറി
പി.പി. രഞ്ജിത്ത്

ആശംസകളോടെ..!

## iDREAMZ
**Computer Solutions**

Bus Stand- IRITTY
Ph: 2494255

**Computer Sales & Service**

Customer Care No: 9744337722
E-mail : idreamzsales@gmail.com

## iDREAMZ
**Web Solution**

Bus Stand- IRITTY
www.idreamzonline.com
Ph: 2491578

Broadband Internet
Web Technology Education



# ഐൻസ്റ്റീൻ, ഞാൻ, ഫിസിക്സ് ലാബ്, എക്സ്ട്രാ





അബിൻ ജോസഫ്
ഒന്നാം വർഷ ഫിസിക്സ്

സമവാക്യങ്ങൾ
നമ്പറുകളെ ചീത്തവിളിച്ചും
അസംപ്ഷനുകളെല്ലാം
തമ്മിൽത്തല്ലിയും
കാൽക്കുലേഷനുകളൊക്കെയും
ലക്ഷ്യം പിഴച്ചും
ഇരമ്പുന്ന ടെൻഷനോടെ
ആദ്യംമുതലെല്ലാം
റീലോഡ് ചെയ്തും
ഒരു ദീർഘദൂര ഓട്ടക്കാരനെപ്പോലെ
ഫിസിക്സ് ലാബിൽ ഞാൻ
കിതച്ചുകൊണ്ടിരിക്കെ
ഐൻസ്റ്റീന്റെ പ്രേതം
എന്നെ കാണാൻ വന്നു.

"അമ്മീറ്ററിന്റെ കണക്ഷൻ
തെറ്റിക്കിടക്കുന്നു.
മീറ്റർ ബ്രിഡ്ജിന്റെ
റീഡിങ് മാറിപ്പോയി.
സ്ക്രൂ ഗേജും
വെർണിയർ കാലിപ്പറും
തമ്മിൽക്കൂടിക്കിടക്കുന്നു.
കോമൺ ബാലൻസ് അതാ
ബാലൻസുകിട്ടാതെ കളിക്കുന്നു.
ഏറ്റവുമെളുപ്പമുള്ള
ഓം മീറ്റർ വരെ തുലച്ചിരിക്കുന്നു."
എന്റെ കുറ്റങ്ങളെല്ലാം കണ്ടുപിടിച്ച്
ഐൻസ്റ്റീൻ പിന്നെയും ചൂടായി.

"സർഫേസ് ടെൻഷന്റെ
ഡയഗ്രം നീ പഠിച്ചില്ലേ?
ഹെലിക്കൽ സ്പ്രിംഗിന്റെ
പ്രിൻസിപ്പിളറിയില്ലേ?
പൊട്ടൻഷ്യോ മീറ്ററിന്റെ
കണക്കനോർമയില്ലേ?
ലെൻസ് മേക്കേഴ്സ് ഫോർമുല
മറന്നുപോയോ?
വിഡ്ഢീ, മാപ്പിങ്ങുപോലും
മര്യാദയ്ക്കറിയില്ലേ?"

പരാജയത്തിന്റെ നിരാശയിലും
ഭീതിയുടെ സമ്മർദ്ദത്തിലും
എന്റെ കണ്ണുനിറഞ്ഞു.
ലാബിൽ നിന്നും പുറത്താക്കപ്പെട്ട്
മൈതാനത്തിലേക്ക് കണ്ണും നട്ട്
വരാന്തയിലിരിക്കുമ്പോൾ
ഐൻസ്റ്റീന്റെ പ്രേതം പിന്നെയും വന്നു.
ഇക്വേഷനുകളിൽ കോർത്ത്
നൂറുകണക്കിനാറ്റം ബോംബുകൾ
എന്റെ തലയിലേക്കിട്ടുകൊണ്ടിരുന്നു.

അവസാനം ഞാൻ ചോദിച്ചു
"അച്ഛന്റെ
ക്ഷയം പിടിച്ച തൊണ്ടയിൽ നിന്നുയരുന്ന
കഫം കലർന്ന ചുമയുടെ
ഫ്രീക്വൻസിയറിയുമോ?
അമ്മയുടെ തളർന്ന നടുവിൽ
പുളയുന്ന വേദനയുടെ
വെലോസിറ്റിയറിയുമോ?
പോളിയോവന്ന പെങ്ങളുടെ
മുരടിച്ച ശരീരത്തിലെ
അവശേഷിക്കുന്ന കോശങ്ങളുടെ
ഹാഫ്‌ലൈഫ് പിരിയഡറിയുമോ?

ഒഴിഞ്ഞ വയറിന്റെ
നിലയ്ക്കാത്ത നിലവിളി
സോണോമീറ്ററിന്റെ കമ്പിയിലെ
കടലാസുതുണ്ടിനെ
വിറപ്പിച്ചുവീഴ്ത്തുന്നറിയുമോ?

അപ്പോഴേയ്ക്കും
ഐൻസ്റ്റീന്റെ കണ്ണു [illegible]

ആ നട്ടുച്ചയ്ക്ക്
എന്റെ കണ്ണ് [illegible]
ഐൻസ്റ്റീന്റെ [illegible]
ചേർന്നു [illegible]
പ്രകാശ [illegible]
ഇൻ [illegible]
അള [illegible] ടുക്കാൻ
മറ [illegible]



# Stars



*Throughout the sky at night*
*Along the path of darkness*
*She saw the wonderous sight*
*The stars the decorations of night*
*Thousands and thousands scattered accross the sky*
*Twinkling and floating around the silver moon*
*Like a velvet with diamonds on it.*

*She walked along the dark lane*
*And felt as if the stars followed her*
*She never felt the loneliness*
*She continued her walk*
*Not bothered about the darkness*
*How lucky she was*
*To see this wonderous sight*

*The stars twinkling and floating around the moon*
*She thought of her past*
*The lovely person she was living with*
*Enshrined inside her heart*
*And she cannot forget him at all*
*Throught the days and night*
*He lives in her with sweet memories*
*When she thinks about him*
*Her eyes are filled with tears.*

*Suddenly she thought of his words*
*"If you are loving me truly*
*Dont ever shed tears*
*I will be always with you*
*Watching you from the sky"*
*Then she saw a star twinkling towards her*
*She believed that it is her beloved*
*Looking down to see her*
*Her face become so bright*
*She feels that he is near to her*
*A cold breeze embrazes her and gone*
*Now she feels his presence around her*

*Stars the guide in darkness*
*Which make her cheerful*
*Which lead her in journey*
*Thousands and thousands scattered across the sky*
*Twinkling and floating around the silver moon*
*Like a velvet with diamonds on it*

**Jincy**
III B.Com



അബിൻ ജോസഫ്
ഒന്നാം വർഷ ഫിസിക്സ്

# ജീവശാസ്ത്രം

മുൻപെ
കറുത്ത പെൻസിൽകൊണ്ട്
ഞാൻ വരച്ച ലോക രൂപം
എന്റെ മാത്രം പോർട്രെയ്റ്റായിരുന്നു
പിൻപെ
കീറക്കടലാസൊരു കൊടുങ്കാറ്റായി
കറുത്തമഷിയോ പ്രളയ ജലവും
ഞാനറിഞ്ഞയഥാർത്ഥമായൊരു തിരയിൽ
തിരോധാനം ചെയ്യപ്പെട്ടു
ശേഷം
ചരിത്രാന്വേഷകർ കണ്ടെടുത്ത
എന്റെ രൂപത്തിൽ നിന്നും
രേഖകളും അടയാളങ്ങളും
അപ്രത്യക്ഷമാവുകയും
അതൊരു വാനര മുഖംപോലെ
ശൂന്യമാക്കപ്പെടുകയും ചെയ്തിരുന്നു
കവിത
കേൾക്കാൻ ചെവിയുള്ളവർ
കേൾക്കട്ടെ





# പേമാരി

ശരണ്യ ദാസ് ടി.
ഒന്നാം വർഷ ബി.കോം.

തോരാതെ പെയ്യുന്നൊരീ മാരിയോ
തോന്നുന്നു ഭൂമിതൻ കണ്ണീരുപോൽ
സീമകൾ ലംഘിച്ചു വന്നതാവാം
കണ്ണീർക്കണങ്ങളീ പേമാരിയായ്

നിന്നുരുകിത്തന്നു സംഹാരത്തിനായ്
മാനവ മക്കൾക്കു കാവലാളായ്
ഇടനെഞ്ചുപൊട്ടിയും ദുഃഖമിന്നീ
ഇന്നൊരുമായി പതിച്ചീടുന്നു

ആസ്വദിക്കുന്നു മനുഷ്യമക്കൾ
അമ്മതൻ മാറു പിളർന്നിടുന്നു
നൂതന സൗധവും തേടിടുമ്പോൾ
മാറിടുന്നിന്നൊരു മൺ രൂപമായി

ആദരിക്കുന്നില്ലെങ്കിലും നീ
പാദം മറക്കണ മാതാവിനെ
വന്നു പതിച്ചിടും ശാപമായി
നിൻ നെറുകയ്ക്കു മേലെന്നുമെന്നും
തീർക്കേണ്ടതില്ലീ പടിക്കെട്ടുകൾ
ഓർക്കുക മർത്ത്യാ നിൻ തെറ്റിൻ ഫലം

*Best Compliments From:*

# IRITTY EDUCATIONAL SOCIETY ITC

**(Affiliated to NCVT, Govt. of India)**

**Established -1994**

**Courses:**

*Mechanic Motor Vehicle*
*(2 year NCVT Courses)*
*Computer Hardware Maintenance*

**Sister Concerns of MAHATMA GANDHI COLLEGE, IRITTY**

# സ്വപ്നം






ഹിബ മോൾ
മൂന്നാം വർഷ [illegible]


**കാ**ർമേഘമാകുന്ന പുതപ്പിനടിയിൽ ചുരുണ്ടുകിടന്നുറങ്ങുകയാണ് സൂര്യൻ. ഏതു നിമിഷവും അവൻ കരഞ്ഞേന്നുവരാം. സൂര്യനെന്തിനാണാവോ കരയുന്നത്. അവൾ ഓർത്തു. അവനും ആരെയെങ്കിലും പിരിയാൻ വയ്യാതായിട്ടുണ്ടാവാം. സ്വയം പറഞ്ഞു. നിറയെ പൂക്കളുള്ള തന്റെ പുതപ്പുമാറ്റി അവൾ നേരെ ചെന്നത് കണ്ണാടിയുടെ മുന്നിൽ. "ഏയ്... കുഴപ്പമൊന്നുമില്ല. രാത്രി കിടന്നതുപോലെ തന്നെ. മുടിയൊക്കെ അഴിച്ചു കെട്ടി നേരെ കുളിമുറിയിൽ ചെന്ന് കാലും മുഖവും കഴുകി വൃത്തിയാക്കി. പഠിക്കുവാൻ വേണ്ടി അവളുടെ മേശയുടെ അടുത്തു വന്നിരുന്നു. ഇന്ന് അവളുടെ അവസാനത്തെ പരീക്ഷയാണ്. മൂന്നു വർഷത്തെ കളിയും ചിരിയും പരിഭവവും തർക്കങ്ങളും ഒക്കെ ഇന്നത്തോടെ തീരാൻ പോകുന്നു. അവളുടെ നെഞ്ച് ഒന്നു പിടഞ്ഞു. ഇനി ചിലപ്പോൾ ആരെയും കണ്ടെന്നു വരില്ല. ആരെയും ആരെയും... പരീക്ഷ അതവളെ ഒട്ടും ഭയപ്പെടുത്തിയിരുന്നില്ല. ഒറ്റപ്പെടലിന്റെ തീരാക്കയത്തിലേക്ക് വലിച്ചെറിയപ്പെട്ടവൾക്ക് എന്തിനി പരീക്ഷയെപ്പറ്റിയൊരു ടെൻഷൻ.

സൗഹൃദ്ഭാവനകൾ യുവഹൃദയങ്ങളിൽ ഇക്കിളുകൂട്ടുന്ന സാഹചര്യം. അത് ജീവിതത്തെ ഒരു കവിതയാക്കിമാറ്റും. അതതൊരു ചുറ്റുപാടിലാണ് ഭാവനകളുടെയും, പ്രതീക്ഷകളുടെയും നിറം പൂശുന്ന ഹൃദയവുമായി ഒരു കാമുകനോ കാമുകിയോ ജനിക്കുന്നത്. അങ്ങനെയൊരു കാമുകൻ തനിക്കു വേണ്ടി മാത്രമായി എന്റെ ഒറ്റപ്പെടലുകളിലും വേദനകളിലും ഒക്കെ അവന്റെ നെഞ്ചിലിറക്കി വെക്കാം. വച്ചിട്ടുമുണ്ട് നല്ലൊരു സുഹൃത്തിന്റെ പേരിൽ... അവന് തന്നോട് സഹതാപമാണോ എന്നവൾ ഭയപ്പെടുന്നു. അവൾ ഏറ്റവും വെറുക്കപ്പെടുന്ന ഒരു അവസ്ഥയാണത്. അതുകൊണ്ട് മാത്രമാണ് അവനോടുള്ള ഒരു പടി...

പുറത്ത് മഴപെയ്യാൻ തുടങ്ങി. അവൾ ജനൽ പാളികൾ തുറന്നു. അവൾ സങ്കടപ്പെട്ടിരിക്കുമ്പോഴൊക്കെ മഴപെയ്തിരുന്നു. തന്റെ കൂട്ടുകാരന്റെ പ്രണയം തിരിച്ചറിയുമ്പോഴും മഴ തകർത്ത് പെയ്യുന്നുണ്ടായിരുന്നു. പക്ഷേ അന്നവൾ ഏറെ സങ്കടപ്പെട്ടിരുന്നോ?

അവൾ കസേര വലിച്ചിട്ട് അവിടെ ഇരുന്നു. തലേന്നു പഠിച്ചുവച്ച ഭാഗങ്ങൾ ഒന്നുകൂടി മറിച്ചു നോക്കി മടുപ്പിക്കുന്ന ഫിഗറുകൾ വായിച്ചുനോക്കുവാൻ വേണ്ടി അവൾ പേപ്പറുകൾ എടുത്ത് ഓരോന്നായി ഓർത്തുവെക്കാൻ തുടങ്ങി.

*************

പൂവേ പിരിയാൻനേരമായി
നിൻ ഹൃത്തിൽ സ്നേഹമാം
മധുനുകർന്ന് മതിവരാ-
തെൻ അധരം കേഴുന്നു.
നിൻ പൂമ്പൊടിയെ
വഹിക്കുവാൻ
സാധിച്ചൽ ചരണം
ആഹ്ലാദ ചിത്തനാകുന്നു.
നിൻ ആത്മാവാം
പൂമ്പൊടിയേന്തി
ആപാദം പവിത്രമായിതീർന്നു.

വർണ്ണ സമ്പളമായ ചിറകുകളും ആരും കൊതിക്കും മിഴികളും മോഹിച്ചായിരുന്നില്ല നീ എന്നെ ആഗ്രഹിച്ചിരുന്നത്. എന്ന് ഞാൻ അറിയുന്നു. നിന്നിലെ സ്നേഹമൃതം സ്വീകരിക്കുവാൻ എന്നിലെ ചേതനയ്ക്ക് കഴിയുമെന്ന് നീ വിശ്വസിച്ചിരുന്നു. സുന്ദരമായ ദളങ്ങളോ ആകർഷകമായ സൗരഭ്യമോ ഒന്നും നിനക്കുണ്ടായിരുന്നില്ല. എങ്കിലും ഒരു മൊട്ടായി

ടുന്നപ്പോൾ തന്നെ ഗർഭസ്ഥ ശിശുവിനായി അമ്മ കരുതിവെയ്ക്കുന്നതുപോലെ നിന്മനതാരിൽ എവിടെയോ ഉള്ള മധുപാത്രത്തിൽ പ്രകൃതിയിലെ ഓരോ ജലകണികയേയും നീ സ്നേഹാമൃതമാക്കി മാറ്റി എനിക്കായ് കാത്തുവെച്ചിരുന്നു. ആ മധുപാത്രത്തെയാണ് നിന്നിലെ സുന്ദരതയായി ഞാൻ കണക്കാക്കിയിരുന്നത്. പക്ഷെ അതു ചിലപ്പോഴൊക്കെ പുഷ്പപാത്രമായി എനിക്ക് തോന്നാറുണ്ട്. എപ്പോൾ വേണമെങ്കിലും വീണുടയാവുന്ന ആ പാത്രത്തിലെ തേൻ നുകർന്ന് കഴിഞ്ഞിരുന്നില്ല.

നിശയുടെ നിശബ്ദതയിൽ വിശാലമായ അന്തരീക്ഷത്തിൽ പറന്ന് കളിച്ച് ക്ഷണികമായ എന്റെ ജീവിതത്തെ ആസ്വദിക്കുമ്പോഴും ഞാൻ ആഗ്രഹിക്കാറുണ്ട്. നിന്നിലെ സ്നേഹാമൃതം എനിക്ക് മാത്രമായ് ലഭിച്ചിരുന്നെങ്കിൽ... ആ മധുപാത്രം വീണുടയാതിരുന്നെങ്കിൽ... പിരിയാൻ നേരമാകാതിരുന്നെങ്കിൽ... ഒടുവിലായ് പൂവെ ശലഭമേ നിങ്ങൾ പിരിയാതിരുന്നെങ്കിൽ.

*************

മടുപ്പിക്കുന്ന ഫിഗറുകൾക്കിടയിലെങ്ങനെയോ വന്നുപെട്ട ശ്രാന്തുകൾ ഒറ്റപ്പെടലിന്റെ നീർച്ചുഴിയിൽപെടാതെ ദാമ്പത്യ വിജയത്തിന്റെ തുറമുഖത്തെത്തിക്കുവാനുള്ള ജീവിത നൗകയായിത്തീർന്നത് അവൾ ഇന്നുമോർക്കുന്നു.



# സ്മൃതിപഥത്തിലെ സഞ്ചാരി



നവനീത എം. പി.
രണ്ടാം വർഷ ഫിസിക്സ്

നവീനമാം സ്നേഹബന്ധങ്ങൾ
വൈവിധ്യമാം അനുഭൂതികൾ
നിന്നിലൂടെന്നിലൂടെ നാം
സ്നേഹമസൃണമാം വഴികളിലൂടെ
തെല്ലും നിനയ്ക്കാതെ നീയനായാസമായ്
നിർമ്മല സ്നേഹത്തിനാഴമോർപ്പിച്ചെ-
ന്നിലെയെന്നെയറിഞ്ഞൊരാനാളുകൾ
ചിത്രം ചാർത്തിനിറയുന്നിടുമ്പോൾ
ചിത്രശലഭവും ചൊല്ലിടുന്നു
ചിരസ്ഥായിയായ് സൗഹൃദം മാറുമെന്ന്
അന്ധകാരത്തിനാഴങ്ങളിൽത്തത്തി-
ലെന്നുമെയൊപ്പോലെ നടന്നൊരെന്നെ
അറിവിന്റെ വീഥിയിലേക്കാനയിച്ചും
തളരാതെയില്ലാതെ നയിച്ചു നീയെന്നെയും
മൂകമായ് വിതുമ്പിത്തീർന്നൊരെൻ
മിഴിനീർക്കണങ്ങൾക്ക് മാപ്പ്-
കൊടുക്കാൻ പഠിപ്പിച്ചതോർക്കുന്നു ഞാൻ
ദുഃഖ-ദുരിതങ്ങൾക്ക് മുന്നിലും
മൂകതയിലേറിമായ് മിഴിതുറപ്പിച്ചു നീ
ഒടുവിൽ നാം ഭൂമിയിലെങ്കിലും
ബന്ധമില്ല നമ്മിൽ ഭാവങ്ങളിൽ
സ്നിഗ്ദ്ധ സ്വാന്തത്തിൻ സ്വന്തം
സൗഹൃദത്തിൻ സൗവർണ്ണികയിൽ
സ്മൃതിപഥത്തിലെ സഞ്ചാരിയാകവേ!



**Sukanya Manohar**
Ist B.Com.

# MY PATH; YESTERDAY, TODAY



*One, in life I moved to my home*
*Through a path with shades on both sides*
*Oh ! look at the trees*
*How beautifully the flowers are smiling*
*Stop and listen, you can hear*
*The sweet songs of birds*
*Humming out of their happiness*
*Each day I enjoyed it to the most*
*As days and years passed*
*Now I moves to my home*
*Through a path with water on both sides*
*When I pass through the path*
*I close my eyes to recollect*
*The sweet memories of my path*
*filled with flowers and birds*
*When I opened my eyes*
*I am very sad*
*And I too am ashamed*
*For it is we human*
*Who are the reason behind*
*The fading of all that beauty of the nature*

ഷഫീർ എൻ.എൻ.
രണ്ടാം വർഷം ഫിസിക്സ്

# വാർദ്ധക്യം

ഓർക്കുന്നു ഇന്നു ഞാൻ
അടർന്നുപോയൊരാ സുരഭില മുഹൂർത്തം
വിറക്കുന്ന കൈകളാൽ...
ഇടറിയ മനസ്സുമായ്...
നടന്നു താണ്ടിയ രാജവീഥികൾ
കാലം മായ്ച്ച കണ്ണിന്റെ കുളിർമയും
തലയിൽ സിന്ദൂരമാം നരയും
കൂട്ടിന് ഒരുപിടി സുന്ദര സ്വപ്നങ്ങളും മാത്രം
കാലന്റെ വിളി കേൾക്കുന്നു ദൂരെ,
വരാൻ വെമ്പുന്നുവെങ്കിലും വയ്യെനിക്ക്,
സ്വഗേഹം വിട്ടകലേക്ക് മറയാൻ
ഒരു കൈതാങ്ങിന് കൂട്ടിന് ഇണയില്ല
പുഴയും മഴയും തഴുകിയുണർത്തും
ഇളംകാറ്റുമാത്രം.
യൗവനമാം പടിവാതിലിൽ നിൽക്കേ,
അറിഞ്ഞില്ല ഞാൻ,
നീയെന്നിലും അണയുമെന്ന്
അറിഞ്ഞില്ല പ്രിയേ
നിൻ ഏകാന്തഭാവം
പിച്ചവെച്ച കാലടിപ്പാടുകൾ
ആദ്യാക്ഷരം കുറിച്ച വിദ്യാലയം
മാടിവിളിക്കുന്നു എന്നെ തിരികെ,
അറിയാൻ കൊതിക്കുന്നു ഞാൻ,
പൂവിന്റെ സൗരഭ്യം, ഇളംകാറ്റിൻ മർമരം
നിശയുടെ നിഗൂഢമാം അനുരാഗവും
കാലത്തിൻ വിരിമാറിൽ
തലചായ്ച്ചുറങ്ങുവാൻ
തരുമോ ദേവീ നീ
ഒരുജന്മം കൂടി.. ഒരുജന്മം കൂടി..





ജിതിൻ
ഒന്നാം വർഷ ഫിസിക്സ്

# ജീവിതം

പുറത്ത്,
മഴയാണ്
കനത്ത ശബ്ദഘോഷങ്ങളുടെ മഴ.
അതെ,
ഇടതടവില്ലാതെ
ഒടുക്കമില്ലാതെ
ആത്മാവിന്റെ സംഗീതമായി
മഴ തിമിർത്തുപെയ്യുകയാണ്.
അകത്ത്,
ചുട്ടുപൊള്ളുന്ന ഉഷ്ണം
ഹൃത്തിനിരയ്ക്കുന്ന മണലാരണ്യം
ഒരിറ്റു വെള്ളമില്ലാതെ
ഒരിറ്റു മോഹമില്ലാതെ
അശാന്തിയുടെ ഈ
മണലാരണ്യത്തിലൂടെ
ഒരു മരുപ്പച്ചതേടി
എന്റെ യാത്ര തുടരുന്നു....



നിധിൻ കെ.
ഒന്നാം വർഷ ബി.കോം.



# വെളിച്ചം

ഒരിക്കലും അന്ധകാരത്തിന്റെ
മിഴിതുറക്കാത്ത മന "
എം.ടി.യും ഒ.എൻ.വി.യും കമലയും
ഒരുപാട് സഞ്ചരിച്ച പഴയവഴി
കടൽതീരത്ത് വെള്ളായിയപ്പനോടൊപ്പവും
നെയ്പ്പായസത്തിൽ അമ്മയോടൊപ്പവും
നിന്നവൾ
മഞ്ഞിൽ വിമലയോടൊപ്പം കഴിഞ്ഞവൾ
വെളിച്ചം, അവൾ ഇന്നും
ചലിക്കുന്ന തൂലികയെ പ്രണയിക്കുന്നവൾ
ഇന്നും തീരാത്ത പ്രണയം



ഷഹനാസ്
ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ്



# അച്ഛൻ

ഓർമ്മകൾ മാത്രമായ് പോയൊരെൻ താതനെ
ഇന്നും നമിക്കുന്നു ഹൃത്തടത്തിൽ
കടലോളം തന്നൊരാസ്നേഹവാത്സല്യത്തെ
ഓർത്തോർത്തിരിക്കവെ ധന്യയായ് ഞാൻ
പിച്ചവെച്ചു നടക്കുവാനായി നീ
എന്നിളം കൈകളിൽ പിടിച്ചനേരം
കാലിടറാതെ നടക്കാൻ ശ്രമിക്കുന്ന
കുഞ്ഞിളം പൈതൽ ഞാൻ അന്നുമിന്നും
എന്തിനും ഏതിനും എൻകളിതോഴനായ്
എൻ ചാരത്തുണ്ടായിരുന്നു നീ...
എന്നിട്ടുമെന്നിട്ടും എന്തിനെന്നെന്നെ
തനിച്ചാക്കി പോയ്മറഞ്ഞു
ഓർമതൻ ചിപ്പിയിൽ ഇത്തിരി
നാളത്തെ നല്ല ഓർമ്മകൾ മാത്രം ബാക്കിനിൽപ്പൂ.

# ഗ്ലോബലൈസ്ഡ്
## പ്രണയം

വിരസമായിരുന്നു
പുലരിയും സായന്തനവും
തുടർച്ചയായ [illegible] പോയി
വയസ്സ് ദീർഘനിശ്വാസങ്ങളുമായി
വികാരങ്ങളില്ലാതെ ഹൃദയം തുരുമ്പുപിടിച്ചിരുന്നു.
കുഞ്ഞുപോയ താൽക്കാലികമായി അവൾ വരും വരെ
ശരീരം മുട്ടിനിന്ന ഹൃദയം പങ്കം പറഞ്ഞു
ജീവനായുവിനായി
അവൾ [illegible] തകിടി
ഹൃദയം പ്രണയം ആസ്വദിക്കുകയായിരുന്നു
ഒടുവിലവം
"പ്രണയത്തിന്റെ ഈ റിയാലിറ്റി ഷോയിൽ
ഏറ്റവും മികച്ച കാമുകനായി താങ്കളെ
തെരഞ്ഞെടുത്തിരിക്കുന്നു"
ഫ്ളാറ്റിന്റെ താക്കോൽ കയ്യിൽ തന്നു
ഹൃദയത്തിന്റെ താക്കോൽ മറന്ന്
അവൾ സന്തുഷ്ടയായി
ക്യാമറകളുടെ വെള്ളിവെളിച്ചത്തിലേക്ക്.



ടൈസൺ സെബാസ്റ്റ്യൻ
രണ്ടാം വർഷ ഫിസിക്സ്



# സ്നേഹം

വൃശ്ചിക കാറ്റിൻ തേരേറി
ജാലാമേഘം പൂവണിയുമ്പോൾ
ആരോതൊട്ടുണർത്തി മെല്ലെ വിളിച്ചുണർത്തി.
മനസിലെ ഓർമ്മതൻ ചെപ്പിനുള്ളിൽ
അറിയാതെ വന്നു എൻ മനം കവർന്നു നീ
മനസിൻ പൂന്തോപ്പിലെ തേൻ കവർന്നു നീ

എന്നിട്ടും അറിഞ്ഞിരുന്നില്ല ഞാൻ
നീ എൻ ഹൃദയം കവർന്നുവെന്ന്
അറിയാതെ ഞാൻ പോലുമറിയാതെ
എന്നിലെ ശലഭം നിന്നിലെ പൂവിനായി തേങ്ങുന്നു
അറിയാതെ ഞാൻ പോലുമറിയാതെ

ബെനിത പി.
ഒന്നാം വർഷ ഗണിതം




പ്രബിൻ എസ്. കുമാർ
മൂന്നാം വർഷ ബി.കോം.


# കുഞ്ഞനിയത്തി



പകൽവഴികൾ മുതൽ മഞ്ഞലയിൽ മാഞ്ഞുപോകുന്നു
നിശാവീഥികൾ നിലാവില്ലാതെ നോവുന്നു
നിറം മങ്ങിയ സ്വപ്നങ്ങൾ, ഇഷ്ടങ്ങൾ
തണുപ്പുനിറഞ്ഞ മനസ്സിൻ കൂടാരങ്ങൾ
രക്തം, മാംസം മറയ്ക്കാനാവാത്ത സത്യങ്ങൾ
നിത്യസ്വപ്നങ്ങളിൽ ഭൂമി ദേവിയുടെ താഴ്‌വരയിൽ
രക്തകൊതിയൻമാരാൽ വേട്ടയാടപ്പെടുന്ന ആട്ടിൻ കുഞ്ഞും
നോവായിരുന്നു, നൊമ്പരമായിരുന്നു,
ജീവിതത്തിന്റെ താളം തിരിച്ചു പിടിക്കാനാവാതെ
സത്യത്തിന്റെമുഖം നോക്കാനാവാതെ
തീക്കനൽ പുകമറയാക്കുന്നു ഞാൻ
കൊഞ്ചലുകളും കുസൃതികളും പിന്നെ
പട്ടുപാവാടയുടെ മർമ്മരവും
പാദസരവും പാൽ പുഞ്ചിരിയും
പിന്നെ അമ്മയുടെ മുഖവും
എൻ കുഞ്ഞനുജത്തിയുടെ സ്വപ്നങ്ങളെ
രാവിന്റെ മറവിൽ സുഹൃദ് ബന്ധങ്ങൾ
താളം നഷ്ടപ്പെടുത്തിയ സ്വയം മറന്ന നിമിഷങ്ങൾ
മറക്കാനാവാതെ ഇന്നും
നിന്റെ കൊഞ്ചലുകളെ
തിരിച്ചറിയാനാവാതെന്നു ഞാനും....

# College Union Inauguration



Inaugurated by:
SRI. ARYADAN SHOUKATH
(Screen Play Writer)

MADHU KAITHAPRAM
(Director)

## NSS CAMP VIEW













## UNIVERSITY SPORTS WINNERS









## College Day

Inaugurated By: Sri. A.P. Abdullakkutty M.P.

## Sahithyotsav

Inaugurated By: Sri. P.V. Shajikumar



ഇശൽ '08
Inaugurated by Erenjoli Moosa
(King of Mappilappatt)
Felicitaions
Shinil
Ajitha
Rony
Anees
Sandeep
കായികോത്സവ് '08





വിപിൻ ടി. എം.
മൂന്നാം വർഷ ബി.കോം.

# പ്രകൃതിയും മനുഷ്യനും

## പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം

പ്രകൃതിയും മനുഷ്യനും ഈശ്വര ചൈതന്യവും ഏകമായി തീരുന്നിടത്താണ് ജീവിതം മംഗളപൂർണ്ണമാകുന്നത് എന്ന് ഭാരതീയ ദർശനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. എന്നാൽ ഈ പാരമ്പര്യ ബോധത്തിന് വിള്ളലേറ്റിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. കാരണം മനുഷ്യന്റെ അനാരോഗ്യകരമായ ഇടപെടലുകൾ മൂലം അന്തരീക്ഷം, വായു, ജലം, മണ്ണ് എന്നീ പരിസ്ഥിതി ഘടകങ്ങൾ മലിനീകരണം നേരിട്ടുകൊണ്ടിരിക്കുന്നു. ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ സാമൂഹ്യ പ്രശ്നങ്ങളിലൊന്നായി പരിസ്ഥിതി പ്രശ്നങ്ങൾ വളർന്നു പടർന്നിരിക്കുന്നു. മനുഷ്യന്റെ ബുദ്ധിശൂന്യമായ ഇത്തരം മലിനീകരണ പ്രവർത്തനങ്ങൾ വായു, ജലം, ഭൂമി എന്നിവയെ മലിനീകരിക്കുകയും അതുപോലെ എല്ലാ ജീവജാലങ്ങളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

"ഒരു ശലഭം പൂവിന്റെ നിറങ്ങളെ, കേസരങ്ങളെ നോവിക്കാതെ തേൻ നുകരുന്നതുപോലെ മനുഷ്യൻ തന്റെ ആവശ്യങ്ങൾ പ്രകൃതിയിൽ നിന്ന് നിറവേറ്റണം" എന്ന് ബുദ്ധൻ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമായി വനനശീകരണം, മലിനീകരണം, ആഗോള താപനം, ഓസോൺ പാളികളുടെ ശോഷണം തുടങ്ങിയ മുഖ്യ പരിസ്ഥിതി പ്രശ്നങ്ങൾക്കു മനുഷ്യൻ ഒരു പ്രധാന കാരണമായിത്തീരുന്ന അവസ്ഥയാണിന്നുള്ളത്. അന്തരീക്ഷ മലിനീകരണം പ്രധാനമായും പെട്രോളിയം ഉല്പന്നങ്ങളും കൽക്കരിയും കത്തുന്നതുമൂലമാണ് ഉണ്ടാകുന്നത്. അതേ സമയം രാസവളങ്ങളുടെയും കീടനാശിനികളുടെയും ക്രമാതീതമായ ഉപയോഗം മൂലം ജൈവീയ പരിസ്ഥിതിയും മലിനപ്പെടുന്നു. ഇത്തരത്തിലുള്ള പരിസ്ഥിതിയുടെ മലിനീകരണവും വിഭവങ്ങളുടെ നാശവും പ്രാദേശിക ജനങ്ങളെ ബാധിക്കുകയും ചെയ്യുന്നു.

അമിതവും അനിയന്ത്രിതവുമായ വ്യവസായവൽക്കരണത്തിന് കടിഞ്ഞാണിട്ടില്ലെങ്കിൽ മലിനീകരണത്തിന്റെ പാർശ്വഫലങ്ങൾ തന്നെ ഭൂമിയുടെ വിനാശത്തിന് കാരണമാകുന്നതാണ്. ഫാക്ടറികളും, വാഹനങ്ങളും പുറന്തള്ളുന്ന വിഷപ്പുക നമ്മുടെ അന്തരീക്ഷത്തെ സദാ മലിനമാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ എയർകണ്ടീഷനറുകളും മറ്റും പുറന്തള്ളുന്ന സി.എഫ്.സി. (ക്ലോറോ ഫ്ളൂറോ കാർബൺ) എന്ന വിഷവാതകം ഭൂമിയുടെ രക്ഷാകവചമായ ഓസോൺ പാളിയെ ദുർബലമാക്കുന്നതുവഴി അൾട്രാവയലറ്റ് രശ്മികളെ തടയുന്നതിൽ ഓസോൺ പാളിക്ക് കഴിയാതെ വരുന്നു. ഇത് മനുഷ്യ ശരീരത്തിൽ മെലനോമ എന്ന രോഗത്തിനു കാരണമാകുന്നു. (ഇക്കാരണങ്ങളാൽ മനുഷ്യൻ ഭൂമിയുടെ ക്യാൻസർ എന്നുപോലും വിളിക്കപ്പെടുന്നു.) ആഗോള താപനമെന്ന പ്രതിഭാസവും പരിസ്ഥിതി പ്രശ്നങ്ങളിൽ പ്രാധാന്യമർഹിക്കുന്നവയൊന്നാണ്. ധ്രുവങ്ങളിൽ മഞ്ഞുരുകുന്നത് ഒരു ദുർനിമിത്തമായി കാണേണ്ടതാണ്. അത്യാസന്ന ഭാവിയിൽ ജീവവ്യവസ്ഥ ഒന്നടങ്കം നേരിടേണ്ടി വരുന്ന മഹാദുരിതത്തിന്റെ സൂചനയായി ഇതിനെ നാം കരുതണം.

ആൽഡസ് ഹാക്സ്‌ലി പറയുന്നു "ആറ്റം ബോംബ് ഒരു നാഗരികത നശിപ്പിക്കും എന്നാൽ മണ്ണൊലിപ്പ് ആ നാഗരികതയുടെ മാതൃത്വത്തെയാണ് നശിപ്പിക്കുക" വർദ്ധിച്ചുവരുന്ന വനനശീകരണംമൂലമുണ്ടാകുന്ന മണ്ണൊലിപ്പെന്ന പരിസ്ഥിതി പ്രശ്നം പരി

യതോതിൽ മലിനീകരണത്തിനു കാരണമാകുന്നു. ഇത്തരത്തിലുള്ള അവശിഷ്ടങ്ങൾ അമ്ലമഴയ്ക്കു കാരണമാകുകയും അത് ശുദ്ധജലത്തെ മലിനീകരിക്കുകയും ചെയ്യുന്നു. വാഹന പുകയിലുള്ള മാലിന്യങ്ങൾ മാനവ വംശത്തിന്റെ തന്നെ നാശത്തിനു കാരണമായിതീരാൻ സാധ്യതയുണ്ട്. ഇന്ന് വർത്തമാനത്തിൽ അന്തരീക്ഷ മലിനീകരണം നടത്തുന്ന ഒരു വാതകമായ കാർബൺ മോണോക്സൈഡ് കോശങ്ങളിൽ ഓക്സിജൻ ഉല്പാദിപ്പിക്കുന്നതിനുള്ള കഴിവ് കുറയ്ക്കുന്നതിനു ഒരു പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ ഇവ രക്തത്തിലെ ഹീമോഗ്ലോബിന്റെ എണ്ണം കുറയ്ക്കുകയും ചെയ്യുന്നു. അണുപ്രസരണം മൂലമുള്ള മലിനീകരണം കഴിഞ്ഞ കുറച്ചു നാളുകളായി വർദ്ധിച്ചുവരുന്നതായി നമുക്ക് കാണാൻ സാധിക്കും. റേഡിയോ ആക്ടീവ് മലിനീകരണം പരിസ്ഥിതി ദൂരവ്യാപകമായി ധാരാളം ദോഷങ്ങൾ പ്രദാനം ചെയ്യത്തക്കവിധത്തിലുള്ളതാണ്. ഇവയിൽ നിന്നുള്ള വികിരണങ്ങൾ മനുഷ്യനിൽ വളരെയേറെ അപകടം സൃഷ്ടിക്കുന്നതാണ്. തമിഴ്നാട്ടിലെ കല്പാക്കം ആണവ റിയാക്ടർ പോലുള്ള ഫാസ്റ്റ് ബ്രീഡർ റിയാക്ടറുകൾ പുറന്തള്ളുന്ന വികിരണങ്ങളും മാലിന്യങ്ങളും മനുഷ്യ വംശത്തെ പോലും ഭൂമിയിൽ നിന്നും തുടച്ചു നീക്കാൻ ഉതകുന്നതും പരിസ്ഥിതിക്കു വളരെയേറെ അപകടം സൃഷ്ടിക്കുന്നവയുമാണ്. ഇത്തരം മാലിന്യങ്ങൾ മണ്ണിന്റെ ഘടനയെ മാറ്റുകയും അതുപോലെ ഭൂഗർഭജലത്തെ പോലും മലിനീകരിക്കു



കയും ചെയ്യുന്നു. Co-59, Co-60, Sr.89 തുടങ്ങിയ ആണവ മാലിന്യങ്ങൾ സമുദ്രജലത്തെ മലിനീകരിക്കുന്നത്, പല ആവശ്യങ്ങൾക്ക് അവയെ ആശ്രയിക്കുന്ന മനുഷ്യന് അപകടമാണ്. വിവിധ രാജ്യങ്ങളിൽ വെച്ച് നടക്കുന്ന ആണവ പരീക്ഷണങ്ങൾ, ഇത്തരത്തിലുള്ള മലിനീകരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നു. കൂടാതെ റേഡിയോ ആക്ടീവ് വികിരണങ്ങൾ മനുഷ്യനിലും മറ്റ് ജീവജാലങ്ങളിലും വളരെ അപകടം സൃഷ്ടിക്കുന്നു. ഇവ ജന്തുക്കളുടെ ആന്തര അവയവങ്ങളിൽ തുളച്ചുകയറി തുളച്ചുകയറി ആന്തര കലകളെ നശിപ്പിക്കുകയും ജനിതകപരമായ മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. കമ്പ്യൂട്ടറിൽ നിന്നും കളർ ടെലിവിഷൻ സെറ്റിൽ നിന്നും സെൽഫ് ഫോണിൽ നിന്നുമുള്ള വികിരണങ്ങൾ പോലും മനുഷ്യന് അപകടമാണ്.

വികസനം മലിനീകരണത്തിലൂടെ കൊണ്ടുപോകുന്ന ആധുനിക ജനത, വികസനത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന വ്യവസായ ശാലകൾ കാരണം വർദ്ധിച്ചുവരുന്ന 'താപമലിനീകരണ' മെന്ന അപകടം കുറയ്ക്കേണ്ടതുണ്ട്. വർത്തമാനത്തിലുള്ള താപമലിനീകരണം ഓക്സിജന്റെ അളവ് കുറയ്ക്കുകയും ശുദ്ധജലത്തേയും ഭക്ഷ്യ ശൃംഖലയെയും അപകടകരമായി ബാധിക്കുകയും ചെയ്യുന്നു. അമിതമായ താപം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുമലകളെ ഉരുക്കുന്നതു നിമിത്തം സമുദ്രജലം ക്രമാതീതമായി വർദ്ധിക്കുന്നു. അതുപോലെ ഊഷ്മ വർദ്ധനവിന് കാരണമായി തീരുകയും ചെയ്യുന്നു.

ചിലരുടെ സ്വാർത്ഥ രാഷ്ട്രീയ താല്പര്യങ്ങൾക്കായ് മരുഭൂമിയും മറ്റും ചില വൻകിട പദ്ധതികൾക്ക് പതിച്ചുകൊടുക്കുന്ന ബന്ധപ്പെട്ടവർ അതുമൂലം സൃഷ്ടിക്കപ്പെടുന്ന പ്രകൃതി അസന്തുലനം കണക്കാക്കുന്നില്ല. പല ജന്തുക്കളും ഇതിന്റെ ഫലമായി വംശനാശ ഭീഷണി നേരിടുകയാണ്. ഇന്ത്യയിലുള്ള ജീവജാലങ്ങളിൽ 10 ശതമാനം സപുഷ്പികളും 21 ശതമാനം സസ്തനികളും 5 ശതമാനം പക്ഷികളും വംശനാശ ഭീഷണിയിലാണ്. വർത്തമാനത്തിലുള്ള കച്ചവടവും ചില അന്ധവിശ്വാസങ്ങൾ പോലും ജന്തുക്കളുടെ നാശത്തിന് കാരണമായി തീർന്നിട്ടുണ്ട്. മുണ്ടപോലുള്ള ജീവികൾ ഇത്തരം ചില കാരണങ്ങളാൽ വർത്തമാനത്തിൽ

വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. സസ്യരോഗികൾ, രോഗാണുക്കൾ, ഔഷധ സസ്യ ശേഖരണം തുടങ്ങിയ കാരണങ്ങൾ നിമിത്തം ചില സസ്യങ്ങളുടെ നാശവും വൻതോതിൽ വർദ്ധിച്ചുവരുന്നു. പരിസ്ഥിതിയ്ക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കപ്പെടാതെയുള്ള പ്രകൃതി രൂപാന്തരണത്തിനു മാത്രമേ പ്രകൃതി സംരക്ഷണം സാധ്യമാക്കാൻ കഴിയൂ. കേരളത്തിലെ തണ്ണീർ മുക്കം ബണ്ട് മൂലമുണ്ടായ പ്രശ്നങ്ങൾ ഈ അവസരത്തിൽ നാം ഓർമ്മിക്കേണ്ടതാണ്. പുതിയ കൃഷി സമ്പ്രദായവും വന നശീകരണത്തിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ഇതുപോലെ തന്നെ ഇക്കോ വ്യൂഹങ്ങളുടെ സംരക്ഷണവും പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ടുയർന്നുവന്ന മറ്റൊരു പ്രശ്നമാണ്. ഇവയുടെ സംരക്ഷണത്തിനായി ആഗോള തലത്തിൽ Millenium Geosystem Assesment എന്ന പ്രക്രിയയ്ക്ക് തുടക്കമിട്ടിരിക്കുന്നു. എന്നതാണ് ഇക്കാര്യത്തിൽ പ്രകൃതി സ്നേഹികളുടെ ഏക ആശ്വാസം. ഇതിനായി രൂപീകരിച്ച ബോർഡ് MA Board എന്ന ചുരുക്കപ്പേരിലാണ് അറിയപ്പെടുന്നത്. ഇക്കോവ്യൂഹവും സ്പീഷിസുകളും ചൂഷണം ചെയ്യുന്ന മനുഷ്യൻ തന്റെ തന്നെ നിലനിൽപ്പ് അസാധ്യമാക്കുകയാണെന്നറിയുന്നില്ല. ഇവയുടെ സംരക്ഷണത്തിനായി ജൈവ വൈവിധ്യ ഉടമ്പടി എന്ന അന്താരാഷ്ട്ര നിയമം ഉണ്ടായിട്ടുണ്ടെന്നത് ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നുമില്ല.

മാനവരാശിയുടെ നിലനിൽപ്പ് ഏറെക്കുറെ ഇത്തരത്തിലുള്ള



നിയമങ്ങളും ഇതോടനുബന്ധ സംരംഭങ്ങളിലും മാത്രമായി അടിസ്ഥാനപ്പെടുത്തി മുന്നോട്ടുപോകുന്നത് ആശങ്കാജനകവും അതുപോലെ അപകടകരവുമാണ്.

നമ്മുടെ ജൈവ സമൂഹ ഘടനയെയും പരിസ്ഥിതിയെയും ചില വിദേശി സ്പീഷിസുകളുടെ കടന്നുവരവ് വളരെ അപകടകരമായി ബാധിച്ചിരിക്കുന്നു. ഒരു പ്രദേശത്തെ ജൈവ സമൂഹ ഘടനയെ മാറ്റിമറിക്കാൻ ആ പ്രദേശത്ത് പ്രവേശിക്കുന്ന വൈദേശിക സ്പീഷിസുകൾക്ക് കഴിയും. ബ്രസീൽ കാരനായ കുളവാഴ 1902ൽ ആയിരുന്നു ഇന്ത്യയിലെത്തിയത്. ജലാശയങ്ങളുടെ മുകൾ പരപ്പിൽ കാണപ്പെടുന്ന ഇവ വെള്ളം ധാരാളമായി ബാഷ്പീകരിക്കുന്നതിനു കാരണമായി തീരുന്നു. ഇതുമൂലം ജലാശയങ്ങൾ വേഗം വറ്റിയുണങ്ങുന്നു. കൂടാതെ മറ്റൊരു സസ്യത്തെയും കുട്ടത്തിൽ വളരാൻ കുളവാഴ (എക്കോർണിയ) സമ്മതിക്കുന്നില്ല.

ഇതുപോലെ ആസ്ത്രേലിയയിൽ നിന്നു വന്ന യൂക്കാലിപ്റ്റസ്, തെക്കെ അമേരിക്കയിൽ നിന്നു വന്ന ലാന്റാന, ആഫ്രിക്കയിൽ നിന്നുംവന്ന ആഫ്രിക്കൻ പായൽ തുടങ്ങിയ വിദേശി സ്പീഷിസുകൾ നമ്മുടെ ജൈവ സമൂഹ ഘടനയെ അപകടകരമായി ബാധിച്ചിരിക്കുന്നു. കൂടാതെ നമ്മുടെ പരിസര പ്രദേശങ്ങളിൽ കാണപ്പെടുന്ന കമ്മ്യൂണിസ്റ്റു പച്ചയും (യൂറേപിയം ഓഡറേറ്റം) ജൈവ സമൂഹ ഘടനയിൽ ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മറ്റൊരു വിദേശി സ്പീഷിസാണ്. ഏതു കാലാവസ്ഥയിലും വളരുന്ന ഇവ ജന്തുക്കൾക്ക ഭക്ഷണ യോഗ്യമായതല്ല. കാട്ടിലെ ഇവയുടെ സാന്നിധ്യം കാട്ടുമരങ്ങൾക്കു അപകടകരമാണ്. കാരണം ഇവ കാട്ടുമരങ്ങളുടെ വിത്തു മുളയ്ക്കാൻ സമ്മതിക്കുകയുമില്ല. പുൽ മേടുകളിലെ ഇവയുടെ സാന്നിധ്യം പുല്ലിന്റെ വളർച്ചയെ തടയുക നിമിത്തം പുൽതീനി മൃഗങ്ങളുടെ നിലനിൽപ്പ് അപകടത്തിലാവുന്നു. അവസാനമായി ഇവിടെ വന്ന പാർത്തേനിയം എന്ന വിദേശി ചെടി ചിലരിൽ അലർജിയുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ ചില വിദേശി സ്പീഷിസുകളുടെ കടന്നുവരവ് നമ്മുടെ ജൈവ സമൂഹ ഘടനയ്ക്കു അപകടമാണ്. അതുപോലെ തന്നെ ഇവിടെ കാണപ്പെ

ആശംസകളോടെ..!

# പഴശ്ശി സർവ്വീസ് കോ–ഓപ്പറേറ്റീവ് ബേങ്ക്

ലിമിറ്റഡ് നമ്പർ എഫ്. 1532

പി. ഒ. മട്ടന്നൂർ – 670 702, കണ്ണൂർ ജില്ല.

ഫോൺ: 0490–2471480

- മട്ടന്നൂർ നഗരസഭയിൽ കാർഷിക മേഖലയുടെ പുരോഗതിക്കായി പ്രവർത്തിക്കുന്ന ഒരു പ്രാഥമിക സഹകരണ ബേങ്ക്
- മെമ്പർമാർക്ക് കാർഷിക-കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നു.
- 3 ലക്ഷം രൂപ വരെ സ്വർണ്ണ പണയത്തിൻ മേൽ വായ്പ നൽകുന്നു.
- കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ നടത്തുന്നു.

പ്രസിഡണ്ട്
എ. കെ. രാജേഷ്

സെക്രട്ടറി - ഇൻ ചാർജ്ജ്
കെ. സി. സരള

ട്ടിരുന്ന ചില സ്പീഷിസുകളുടെ അഭാവവും പരിസ്ഥിതിക്കു ദോഷം ചെയ്തിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ പരിസ്ഥിതിയിൽ സൃഷ്ടിക്കപ്പെടുന്ന മിക്കവാറും എല്ലാ പ്രശ്നങ്ങൾക്കും കാരണം നാം തന്നെയാണ്. അങ്ങനെ സ്വയം കാരണമായി നാശത്തിലേക്ക് നീങ്ങുന്ന മനുഷ്യൻ സ്വന്തം നാശം കാണുന്നില്ലെന്നതു നിരാശാജനകമാണ്.

ലോകമാനവ സമൂഹം ഒറ്റക്കെട്ടായി പരിസ്ഥിതി പ്രശ്നങ്ങളെ നേരിടാൻ തയ്യാറായാൽ പ്രായോഗിക മാർഗ്ഗങ്ങളുപയോഗിച്ച് ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും മികവ് പ്രയോജനപ്പെടുത്തി നാം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്. എല്ലാ വർഷവും ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിക്കുന്ന നാം അതോടൊപ്പം പരിസ്ഥിതി പ്രശ്നങ്ങൾക്ക് രാഷ്ട്രീയ നേതൃത്വത്തിന്റെ ശ്രദ്ധ തിരിക്കേണ്ടതുമാണ്. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി നിരവധി സംഘടനകളിന്ന് രംഗത്തുണ്ടെന്നത് പരിസ്ഥിതി സ്നേഹികൾക്കാശ്വാസം നൽകുന്ന കാര്യമാണ്. സുന്ദർലാൽ ബഹുഗുണ നയിക്കുന്ന ചിപ്കോ ആന്ദോളൻ പ്രസ്ഥാനവും മേധാപട്കർ നയിക്കുന്ന നർമ്മദാ ബച്ചാവോ ആന്ദോളനും പരിസ്ഥിതി വിധ്വംസകർക്കെതിരെ ശക്തമായി രംഗത്തു വന്നിട്ടുള്ള സംഘടനകളാണ്. കൂടാതെ ഗ്രീൻപീസ് പോലുള്ള പ്രകൃതി സംരക്ഷണത്തിനായുള്ള സംഘടനകൾ പരിസ്ഥിതി പ്രശ്നങ്ങൾ ഉയർന്ന ഉയർത്തുന്ന ഭീഷണിയെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങളിലും സർക്കാർ തലങ്ങളിലും വളർത്തുന്നതിന് സഹായിച്ചിട്ടുണ്ട്. 1971ൽ ആംസ്റ്റർഡാമിൽ രൂപംകൊണ്ട ഈ സർക്കാരിതര സംഘടന പരിസ്ഥിതി സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ആഗോള പരിസ്ഥിതി സംരക്ഷണവും പ്രചാരണവും ലക്ഷ്യമാക്കി സ്ഥാപിക്കപ്പെട്ട ഈ സംഘടനയ്ക്ക് 34 രാജ്യങ്ങളിൽ സ്വന്തം കാര്യാലയങ്ങളുണ്ട്.

ചിപ്കോ പ്രസ്ഥാനം-(Chipco Movement-1973) ആലിംഗനം ചെയ്യുക എന്നതാണ് ചിപ്കോ എന്ന് ഹിന്ദി വാക്കിന്റെ അർത്ഥം. 1973ൽ ആണ് സുന്ദർലാൽ ബഹുഗുണ ഈ പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്തത്. ഹിമാലയ സാനുക്കളിൽ നിന്നുള്ള മരം മുറി നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബഹുഗുണയുടെ നിരാഹാര സമരവും തുടർന്നു ഇന്ദിരാഗാന്ധി ഇടപെട്ടുണ്ടായ മരം മുറിക്കൽ നിരോധനവും ചിപ്കോ ലോക ശ്രദ്ധ പിടിച്ചുപറ്റുന്നതിന് കാരണമായി. അതുപോലെ തന്നെ മേധാപട്കറുടെ നേതൃത്വത്തിൽ ശക്തമായ ജനകീയ സമരം നടത്തിവരുന്ന ഒരു സംഘടനയാണ് നർമ്മദാ ബചാവോ ആന്ദോളൻ. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ചിലെ ജോലി ഉപേക്ഷിച്ച് ഈ പ്രസ്ഥാനത്തിലേക്ക് വരികയും ഇതിലൂടെ ശക്തമായ പരിസ്ഥിതി പ്രവർത്തനങ്ങളും മറ്റും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു വ്യക്തിത്വമാണ് മേധാപട്കർ

വന സംരക്ഷണത്തിനായ് വനം വകുപ്പും ജനവും ചേർന്നു ചെയ്യാവുന്ന ധാരാളം സംരംഭങ്ങൾ ഇന്ന് നിലവിലുണ്ട്. ഇത്തരം സംരംഭങ്ങൾ JFM (Joint Forest Management) എന്നറിയപ്പെടുന്നു. ഇത്തരത്തിൽ പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെ വന സംരക്ഷണത്തിനു സഹായകരമായ ധാരാളം കാര്യങ്ങൾ ചെയ്യുന്ന വനം വകുപ്പിനും ഗവൺമെന്റിനും സാധിക്കും. ഉത്തർ പ്രദേശിലെ 'സുഖമാജി' ഗ്രാമത്തിലെ 'പതി പഞ്ചായത്ത്' ഇക്കാര്യത്തിൽ ഒരുത്തമമാതൃകയായി എടുത്തു കാണിക്കാവുന്നതാണ്.

പ്രകൃതി സംരക്ഷണത്തിനായി ആദ്യകാലം മുതൽക്കേ പല സംരംഭങ്ങളും രൂപം കൊണ്ടിരുന്നു. പ്രകൃതി സംരക്ഷണത്തിനായ് അന്തർദേശീയ തലത്തിൽ രൂപം കൊണ്ടിരുന്ന ഒരു സംഘടനയായിരുന്നു സ്വിസ് ലീഗ് ഫോർ ദി പ്രൊട്ടക്ഷൻ ഓഫ് നേച്ചർ. ഇത് പിന്നീട് IUCN ആയി മാറി. ഇതേ ആശയത്തോടെ പ്രവർത്തിച്ചുവരുന്ന മറ്റൊരു പ്രസ്ഥാനമാണ് WWF (World Wide Life Fund) IUCNഉം WWFഉം ആഗോളമായി അംഗീകാരം ലഭിച്ച സംഘടനകളാണ്. IUCNഉം UNEP (United Nations Enviornment Programme)ഉം WWFഉം ചേർന്ന് തയ്യാറാക്കി WCS (World Conservation Stategy) ഇന്ത്യ ഉൾപ്പെടെയുള്ള ധാരാളം രാജ്യങ്ങൾ അംഗീകരിക്കുകയും അതിന്റെ ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലും പ്രകൃതി സംരക്ഷണത്തിനായ് ധാരാളം നടപടികളും മുന്നേറ്റങ്ങളും ഉണ്ടായിട്ടുണ്ട്. 1972ലെ വന്യജീവി സംരക്ഷണ നിയമം, 1980ലെ വന സംരക്ഷണ നിയമം, 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം തുടങ്ങിയവ ഇന്ത്യയിൽ പ്രകൃതി സംരക്ഷണത്തിനും വന സംരക്ഷണത്തിനും നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നതാണ്.

ഇന്ത്യയിൽ ഇന്ന് 20ൽ അധികം നാഷണൽ പാർക്കുകളും 420ൽ അധികം അഭയാരണ്യങ്ങളും (Wild Life Seanturies) 8 ബയോസ്ഫിയർ റിസർവ്വുകളുമുണ്ടെന്നത് ആശ്വാ



സങ്കരമാണ്. ഇന്ത്യൻ ഗവൺമെന്റിന്റെ മന്ത്രാലയത്തിന്ന് പരിസ്ഥിതി പ്രകൃതി സംരക്ഷണത്തിനായുള്ള ഇത്തരത്തിലുള്ള നടപടികൾ പ്രതീക്ഷയ്ക്കു വക നൽകുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്താൻ പരിസ്ഥിതി ബോധവൽക്കരണവും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ദൃശ്യമാകാൻ തുടങ്ങിയ പ്രകൃതി-പരിസ്ഥിതി അസന്തുലനം ഇല്ലാതാക്കാൻ പരിസ്ഥിതി നിയമങ്ങളുടെയും-സംരക്ഷണങ്ങളുടെയും പ്രവർത്തികൾ കൂടി ഉറപ്പുവരുത്തേണ്ടതുണ്ട്.

ജസ്റ്റിസ് വി. എൻ. ഭഗവതി, ആർ. മിശ്ര (ഇന്ത്യൻ പരിസ്ഥിതി ശാസ്ത്രത്തിന്റെ പിതാവ്) തുടങ്ങിയ പരിസ്ഥിതി സ്നേഹികൾ തുടങ്ങിവെച്ച പരിസ്ഥിതി സംരക്ഷണവും പ്രചാരണവും തുടർന്നുകൊണ്ടുപോകേണ്ട ചുമതല ഈ തലമുറയ്ക്കാണ്. ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനതല മലിനീകരണ നിയന്ത്രണ ബോർഡ് കേരളത്തിലാണ് സ്ഥാപിതമായതെങ്കിലും മലിനീകരണത്തിന്റെ കാര്യത്തിൽ കേരളവും പിന്നോക്കമല്ലെന്ന് കാണാൻ സാധിക്കും. അതുപോലെ ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണ നിയമം 1986ൽ പ്രാബല്യത്തിൽ വന്നെങ്കിലും ഇത് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതല്ല. മനുഷ്യ രാശിയുടെ നിലനിൽപ്പിനായി, പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയും ജനസംഖ്യാ വർദ്ധനവും പ്രകൃതി വിഭവങ്ങളുടെ നാശവും തടയുകയാണ് പ്രാഥമികമായി ചെയ്യേണ്ടത്. കൂടാതെ എല്ലാ ലോകരാഷ്ട്രങ്ങളും സഹകരിച്ച് ഭാവി തലമുറയുടെ സംരക്ഷണവും ഉറപ്പുവരുത്തേണ്ടതാണ്.

പ്രാചീന മനുഷ്യൻ സർവ്വംസഹയായ ഭൂമി ദേവിയെ അമ്മയായി സ്നേഹിച്ചിരുന്നു. എന്നാൽ വർത്തമാന കാലത്തെ മനുഷ്യൻ സ്വയം നാശത്തിലേക്കെന്നപോലെ യാതൊരു വികസനത്തിന്റെ പേരിൽ പരിസ്ഥിതിയെ അമിതമായി ചൂഷണം ചെയ്യുന്നു. പ്രകൃതി വളരെയധികം അറിഞ്ഞും ആദരിച്ചും ജീവിച്ചവരായിരുന്നു നമ്മുടെ പൂർവ്വികർ. കേരള സംസ്കാരത്തിലും ഈ പരിസ്ഥിതി ബോധം കാണാൻ സാധിക്കും. പത്തു പുത്രന്മാർക്കു തുല്യമായ സ്ഥാനമാണ് ഒരു വൃക്ഷത്തിന് ആർഷ ഭാരതം നൽകിയത്. പ്രകൃതി പൂജയിലൂടെ പ്രകൃതി സംരക്ഷണം നടപ്പിലാക്കിയിരുന്ന ഭാരതീയർ ജലത്തെ ദേവിയായും പക്ഷി മൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയെ മിത്രങ്ങളായും വ്യത്യസ്ത ഭാവങ്ങളിൽ കണക്കാക്കിയിരുന്നു. ലോകത്തിലെ തന്നെ ആദ്യകാല സാഹിത്യമായ വേദങ്ങളിൽ പ്രകൃതിക്ക് അതുല്യമായ സ്ഥാനമാണ് കല്പിച്ചിരുന്നത്. പരിസ്ഥിതിയുടെ ശാസ്ത്രവും സംരക്ഷണവും ഭാരതീയർക്കന്യമായിരുന്നില്ലെന്ന് ഇതൊക്കെ വ്യക്തമാക്കുന്നുണ്ടെങ്കിലും ഈ തലമുറയുടെ അനാരോഗ്യകരമായ ഇടപെടലുകൾ നിമിത്തം നമ്മുടെ പരിസ്ഥിതിയ്ക്കു ഗുരുതരമായ പല പ്രശ്നങ്ങളെയും ഇന്ന് നേരിടേണ്ടിവരുന്നു. ആർഷ ഭാരത പരിസ്ഥിതി ബോധം ഉൾക്കൊണ്ട് പരിസ്ഥിതി പ്രശ്നങ്ങൾക്കെതിരെ നിലയുറപ്പിക്കുവാനും അതുവഴി പരിസ്ഥിതി സംരക്ഷണം നടപ്പാക്കാനും നമുക്ക് സാധിക്കണം.





നിമിമോഹൻ
രണ്ടാം വർഷ ബി.കോം

# നിരാശ

ശാപമല്ലാതെന്റെ ജീവിത വീഥിയിൽ
താപം ശമിക്കുവാനൊന്നുമില്ല
ഉരുകി ഒലിക്കുന്ന ലാവതൻ തീരങ്ങളല്ലാതെ
പ്രളയ സമുദ്രത്തിങ്കൽ മറ്റൊന്നുമില്ല
വേർപെടും താളത്തെ ഓർത്തോർത്തു മീട്ടുവാൻ
എൻ സ്വര വീണയിൽ നാദമില്ല
മൗനം പുതച്ചൊരെൻ അന്തരംഗത്തിങ്കൽ
വൻ നിരാശ പർവ്വത്തിൻ വിഴുപ്പുഭാണ്ഡം!

അണയാൻ തുടങ്ങവെ ആളിപ്പടർന്നൊരീ
പ്രണയാഗ്നി നാളത്തിൻ നീറ്റൽ സ്വന്തം
അടരാൻ തുടങ്ങവെ വിടരാൻ ശ്രമിച്ചൊരീ
സ്നേഹാഭിലാഷത്തിൻ വിങ്ങൽ മാത്രം
കരയാൻ ശ്രമിക്കവേ പൊട്ടിക്കരയിച്ച
ദുരിതമാം വീഥിയുടെ കാഥിക ഞാൻ
ഒന്നിനുമല്ലാതെ എന്തിനോ ജീവിച്ച
നിഷ്ഫല നിമിഷത്തിൻ സന്തതി ഞാൻ



വിധിവച്ചു നീട്ടിയ പാഴ്ജീവിതത്തിങ്കൽ
വിടുവേഷം കെട്ടി നിരാശപൂകെ,
ധാത്രിക്കു ശാപമാം പുത്രിയെ പോലെ ഞാൻ
മൃതിക്കുവേണ്ടി യജ്ഞം കഴിക്കെ
അങ്ങു ദൂരെ സ്വർഗ്ഗത്തിലല്ല, നരകത്തിലെൻ
പുണ്യപാപങ്ങൾ തുലായന്ത്രത്തിലേറവേ,
വിധിയെ പഴിച്ചു ഞാൻ എൻ പാപ ഭാരത്തിൻ
നരകം പുൽകുവാൻ നിദ്രയ്ക്കൊരുങ്ങുന്നു.



[illegible]
ഒന്നാം വർഷ ഗണിതം

# കരസ്പർശം



കണ്ണടച്ചാൽ ഞാൻ കാണുന്നതാ മുഖം
കൺതുറന്നാൽ ഞാൻ തേടുന്നതാ മുഖം
ആ മുഖമൊന്നും വാടിയാൽ പിടയുന്നതെൻ മനം
ആ നറുപുഞ്ചിരി കാണുകിൽ നിറയുന്നതെൻ മനം
മൃദുഹാസമോടെയെൻ അരികിലണയുമ്പോൾ
ആയിരം മൺദീപം തെളിയും മനസ്സിൽ!
ഇരുളിൽ ഞാൻ പിടഞ്ഞപ്പോൾ,
നിറദീപമായ് തെളിഞ്ഞ സ്നേഹസ്വരൂപമെന്നേട്ടൻ!
ആ മനസ്സതിൽ ഞാനെന്നും നിറഞ്ഞുനിൽക്കും
ആ വാക്കുകളിൽ വാത്സല്യം തുളുമ്പി നിൽക്കും!
പുലർക്കാലമണയുമ്പോൾ ഒരു സൂര്യനെപോലെ
കണികാണുവാൻ വേണമെന്നേട്ടൻ!
തലചായ്ക്കും നേരത്ത് താരാട്ടുപാട്ടുമായ്
അരികിലെന്നും വേണമെന്നേട്ടൻ!
ചുവടൊന്നു പിഴയ്ക്കുമ്പോൾ
കൈപിടിച്ചുയർത്തുവാൻ
എൻ നിഴൽപോലെ വരുമെന്നേട്ടൻ
കൺപീലി തുമ്പിലെ മിഴിനീരു മായ്ക്കുവാൻ
നൊമ്പരം നറുമന്ദഹാസമായ് മാറ്റുവാൻ
നേർത്ത സാന്ത്വനമായ് വന്നണയുമാ കരസ്പർശം!
ഇനിയുള്ളൊരെൻ യാത്രയിലെല്ലാം
വഴികാട്ടിയായ് വേണമെന്നേട്ടൻ
അരികിലില്ലെങ്കിലുമേട്ടന്റെ കരസ്പർശം
അറിയുന്നു ഞാനെന്നുമെന്നും





# വിശുദ്ധ ഗർഭം

ഷുഹൈബ് സി. പി.
മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

[illegible]

മച്ചിക്ക് ഗർഭമായിരുന്നു
പ്രസവ വേദനയാലവൾ പുളയുകയായിരുന്നു
അന്നൊരാ രാവിലവളെ, ആംബുലൻസിൽ
സർക്കാരാശുപത്രിയിലെത്തിച്ചു

വിശുദ്ധ വൈദ്യൻമാർ തൻ സംഘം വെട്ടു-
കത്തിയാലവളുടെ വയർ പിളർന്നു, തിരയുടിൽ
ഉടനൊരു വിപ്ലവകാരി പുറത്തു ചാടി, 'സ്വയംപ്രഖ്യാപനം'
തിരിഞ്ഞ്, ഇനിയിൽ, കുളിച്ച് ഗ്രാമത്തിലെ
താജാടി പൊക്കമൊരൻ ചെഗുവേര

"നിയാര്"? ചീഫ് സർജൻ ചോദിച്ചു
"ഞാൻ പത്താമവതാരം" വിപ്ലവകാരി പറഞ്ഞു
"പേര്"? അസിസ്റ്റന്റ് ചോദിച്ചു
"സ്വാതന്ത്ര്യം"
"ഇനിക്കുനീ"?

---

വിപ്ലവകാരി ചൊടിച്ചൊന്നു നീട്ടി
"മാറിനെടാ കഴുകൻമാരെ"
കയർ പടിക്കലവൻ ഇരുകൈയുമുയർത്തി ചുഴറ്റി
സർക്കാരാശുപത്രി ഒട്ടുപാവിലേക്ക്
നടപിടിച്ച് ഊടി 'മാക്സ് ഡാൻസ്'ലായിരുന്നു

'കുട്ടിച്ചാത്തൻ മോഡൽ' മൂലം മാറിയ
വാൽ നിലത്തിഴഞ്ഞുകൊണ്ടിരുന്നു
കഴുകൻമാരായ് മാറി, പിന്നിലേക്കാൾ കൊച്ചു കൂട്ടം
ആവേശത്താൽ കൊത്തിപ്പറിക്കുന്നു
മച്ചിതൻ ശവം ചുടാൻ

'അടിമത്തമായിരുന്നവന്റെ കാൽക്കീഴിലെ പടികളിൽ
[illegible]
നടപ്പടികളിലേക്ക് പതിപ്പിക്കുന്നത്
പ്രതലത്തിലെ ഷൂവിനാൽ മസ്തിഷ്ക
താഡനമേറ്റ് നശിക്കപ്പെട്ട
പഞ്ചായത്തംഗങ്ങൾ കേൾക്കുന്നു,
ശംഖനാദവും കുരവയിടാച്ചവും

പ്രാണവായുവിൽ നിറയെ 'സ്വാതന്ത്ര്യം'
ഗുഹപോൽ വാ പിളർന്ന്, ഇരയെ പിടിക്കുന്നു
അവന്റെ ഖനിതോന്തനത്താൽ,
കാലന്മാർ പുകുന്നത്
തെണ്ട പോരാൻ മാത്രമാണ്,
'ഇത്' വിളിക്കുന്ന ഒന്നാ ഭാഷകൾ
സമാധാനമായ്, ആശുപത്രി തന് മുട്ടുപോല്
പ്രവഹിച്ചു, സ്വർഗത്തിൽ നിന്നപ്പോൾ
തേൻ മഴയായ് 'ജനാധിപത്യം'

ഒരുകിരീടമാകി വന്ന ഗുണ്ടയായ്
നടിയായ് കടലായ് 'ജനാധിപത്യം'
മാക്കട്ടിലും മുഴങ്ങുന്നു കഥിനാലവരിലെ
അലൌകിക പ്രസംഗം ഇരുപതിനായ് മണിക്കൂർ

"എൻ വലംകൈയിൽ 'സ്വാതന്ത്ര്യം'
ഇടംകൈയിൽ 'അടിമത്തം'
വാലിലോ നിങ്ങളെ ഭരിക്കും
ജനക്കൂട്ടമേ പറയൂ
വാട്ടിസ് യുവർ ചോയ്സ്?"
കണ്ഠം ചൊരിഞ്ഞു 'ഒന്നുമൊരുകാര്യം ഞാൻ
വാലിലെ വാൽ ഫ്രീ തന്നു കൂടെ?

---

ആടിക്കൊണ്ടിരിക്കുന്നപ്പോൾ കെട്ടിടം
നാലെണ്ണം ഇടിഞ്ഞു വീഴുന്നല്ലോ, 'ഭയാനകം'
'ദുകമ്പം' മാടിക്കേ ആരോ പറഞ്ഞു
ഭയത്താൽ ഓടിപ്പോയ്, സർക്കാർ
ഡോഡിയുടെ ജനസഞ്ചയം

പ്രസംഗം തുടരുന്ന വിപ്ലവകാരി കണ്ടു
'മുടോടെ വീഴുന്നൊരാശുപത്രി
നീക്കമൊരു കാലൻ പാമ്പ്'






ഷാലറ്റ് തോമസ്
രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ്

അലറികുതിച്ചുകൊണ്ടൊഴുകുന്ന
രാക്ഷസപുഴപോൽ പ്രായം
അലകൾ നെയ്തുകുളിരേറ്റൊഴു-
കുന്നശാന്തമാം പുഴപോൽ പ്രായം.
പറക്കും കുതിരമേലേറും ചുണയുള്ള
വീരയോദ്ധാവുപോൽ പ്രായം
ഒരുനാൾ തകർന്നടിഞ്ഞുള്ളൊരു
പഴഞ്ചാക്ക് പോലുള്ള പ്രായം
ആദ്യവുമന്ത്യവുമെവിടെന്നറിയാതെ
നീ തുടരുന്നു നിൻ പ്രയാണം
നിൻ കാലചക്രത്തിനടിയിലൊ-
രായിരം ജീവ സ്വപ്നം ചതഞ്ഞരഞ്ഞു
ലോകകർമ്മങ്ങൾക്ക് സാക്ഷിയായ്
കാലം. പതറാതെ മുന്നേറും വിശ്വശില്പി
തുഴയട്ടെ ഞാനെൻ ജീവിത നൗകയെൻ
കണ്ണീർ കയങ്ങളിലൂടെ മുന്നോട്ട്
ഇന്നു നിനക്കുള്ളൊരീയഹങ്കാരമത്രയും
പ്രായമെന്നൊരു പ്രതിഭാസമാത്രമായ്
ഒരുവേളനീയുമൊരു വയോവൃദ്ധനാ
യടിയാമൊരിരുൾക്കുട്ടിൽ തനിയെ
അന്നൊരീയുമ്മറക്കോലായിലിരിപ്പൂ
നീ കാലത്തിൻ വരവും കാത്ത്
മധുരമാം ഓർമ്മകളിൽ നിൻ മാനസം
നീറി പുകയും വെണ്ണീറുപോൽ
കാലമേ നീയെൻ മോഹങ്ങൾ തന്നസ്ഥി
മാടത്തിൻ നെയ് വിളക്കാക്കൂ
ഒരു കൊച്ചു കൈത്തിരിക്കണ്ണുനീരെണ്ണ
യിൽ മുക്കി നീയവിടെ കൊളുത്തൂ
എന്നൊരാശമാത്രമായ് അന്നവ-
ശേഷിപ്പൂ ഒരാർത്തനാദമായ്.

# അഞ്ച് കഥകൾ



റാഷിദ് സി.
ഒന്നാം വർഷ ഫിസിക്സ്

1. മതിൽ

മതിലിനപ്പുറത്ത് നിന്ന് അവൾ അവനെ നോക്കി കണ്ണിറുക്കി. അവനും അവളെ നോക്കി കണ്ണിറുക്കി. അവർ തമ്മിൽ പതിയെ അടുത്തു. മതിൽ അവർക്കിടയിൽ കിടന്ന് ഞെരിപിരികൊണ്ടു.

2. ബില്ല്

ദിവസവും പട്ടിണിയായിരുന്നെങ്കിലും ലോട്ടറി അവന്റെ വീക്നെസ്സായിരുന്നു. അയൽക്കാരന്റെ പരിഹാസം സഹിക്കാതെ ഫലമറിയാൻ വേണ്ടി മാത്രം അവനും പത്രത്തിന് ഓർഡർ നൽകി. പത്രം 1-ാം തിയ്യതി മുതൽ വന്ന് തുടങ്ങി. ഫലം ഒരു നിരാശ മാത്രം. 31-ാം തിയ്യതി ഫലം ബില്ലിന്റെ രൂപത്തിൽ അവനെ നോക്കി കണ്ണിറുക്കി.

3. നിയമലംഘനം

ഞായറാഴ്ച വീണുകിട്ടിയ ഒഴിവിനാൽ അവൻ പുറത്തേക്കിറങ്ങി. കോൺസ്റ്റബിളായ അയാൾക്ക് അന്ന് ഒരു കള്ളന്റെ മുഖമായിരുന്നു. അടഞ്ഞു കിടന്ന കടവരാന്തയുടെ മൂലയിലേക്ക് മാറി പതിയെ പോക്കറ്റിൽ നിന്നും അത് പുറത്തെടുത്ത് പതിയെ ചുറ്റിനും മുഖം തിരിഞ്ഞ് നിന്ന് അല്പം ഭയത്തോടെ അത് കത്തിച്ച് വലിച്ചു തുടങ്ങി.

4. ക്ലിക്ക്

കൊച്ചുമകന്റെ മുന്നിൽ ഫോട്ടോയ്ക്ക് പോസ് ചെയ്തപ്പോൾ അയാളുടെ എൺപതിലെ ചുളിവുകൾ പ്രസന്നമാകാൻ അയാൾ പാടുപെട്ടു.

ക്ലിക്ക്...

ടാബ്ലറ്റിൽ കൊച്ചുമകൻ നൽകിയ തന്റെ തനത് രൂപം കണ്ടപ്പോൾ എൺപതുകാരന്റെ മുഖം വീണ്ടും ചുളിഞ്ഞു.

5. ധൃതി

അയാൾ അന്നും ധൃതിയുടെ ലോകത്തേക്കിറങ്ങി. വാഹനങ്ങൾ ഇടത്തും വലത്തും ചീറിപ്പാഞ്ഞു. അപ്പോഴാണ് തന്റെ ധൃതികൊണ്ട് കണ്ടുകൊണ്ടിരുന്ന കാര്യം അയാൾ ഓർത്തത്. ധൃതിയിൽ തിരിച്ചയാൾ വീട്ടിലേക്ക് നടന്നു. എന്തോ, അയാളുടെ ധൃതികൊണ്ടോ, മറ്റുള്ളവരുടെ ധൃതികൊണ്ടോ കാത്തിരിക്കുന്ന ഫോൺ അയാൾ കേട്ടില്ല.



ലിനിഷ
രണ്ടാം വർഷ ബീ.കോം.

# അനാഥത്വം



"**അമ്മ**" വാത്സല്യത്തിന്റെ നിറകുടമാണ്. അല്ലെങ്കിൽ അല്ലെങ്കിൽ അണയാത്തിരിയാണ്. ആർക്കും അത് ഊതിക്കെടുത്താനാവില്ല. ഏതൊരു സ്ത്രീയിലും അവളറിയാതെ ഒരമ്മ ഉറങ്ങിക്കിടക്കുന്നു. ചിലരത് കാണുന്നു. ചിലർ കണ്ടില്ലെന്ന് നടിക്കുന്നു. എന്തുതന്നെയായാലും അവളറിയാതെ എപ്പോഴെങ്കിലും ആ രൂപം പുറത്തുവരുന്നു. അമ്മയുടെ സ്നേഹ സാമീപ്യങ്ങൾ കിട്ടിയവർ ഭാഗ്യവാൻമാരാണ്. മുൻജന്മ പാപമോ, ശാപമോ കാരണം ചിലർക്ക് ആ സ്നേഹം നിഷേധിക്കപ്പെടുന്നു. യഥാർത്ഥ അമ്മയാവാൻ പത്ത് മാസം ചുമന്ന് പ്രസവിച്ച് പാലൂട്ടി വളർത്തണമെന്നൊന്നും ഇല്ല. ആ വേദന അറിയാതെയും ചില മക്കളെ വളർത്തുന്നു. തന്റെ സകല സ്നേഹവാത്സല്യങ്ങളും നൽകിക്കൊണ്ട്.

എന്നാൽ, ആ സ്നേഹവും നിഷേധിക്കപ്പെട്ട കുറേ അരക്ഷിത ബാല്യങ്ങളിന്നും ജീവിക്കുന്നു. അല്ലെങ്കിൽ ജീവിച്ചു മരിക്കുന്നു. അമ്മ, അച്ഛൻ, സഹോദരങ്ങൾ ഇവരൊക്കെ അവർക്കൊരു സ്വപ്നം മാത്രം. ഒരിക്കലും നടക്കില്ലെന്നറിയാമെങ്കിലും അവർ ആശിക്കുന്നു. കുന്നോളം കൊതിക്കുന്നു എന്നാൽ കിട്ടുന്നതോ? സങ്കടങ്ങൾ മാത്രം...

'കാത്തിരിപ്പ്' അത് സുഖമുള്ളൊരനുഭൂതിയാണ്. അനാഥത്വത്തിന്റെ ഒടിഞ്ഞുതൂങ്ങിയ ജനലഴിയിലൂടെ അമ്മു എന്നും അവളുടെ അമ്മയെ കാത്തിരിക്കുമായിരുന്നു. അവൾക്കറിയാം അങ്ങനെയൊരാൾ അല്ലെങ്കിൽ ആരും തന്നെ തേടി വരാനില്ലെന്ന് എങ്കിലും അവളുടെ ആ കുഞ്ഞുമനസിലെവിടെയോ ഒരിത്തിരി അല്ല കുന്നോളം ആശകളുണ്ട്. ഈ വലിയ ലോകത്തിൽ തനിച്ചാവുക എന്നത് നിസ്സാര കാര്യമല്ല. പക്ഷെ അമ്മു ഇന്ന് അതൊക്കെ മറന്നിരിക്കുന്നു. അവൾ അവളറിയാതെ അല്ലെങ്കിൽ മറ്റാരുമറിയാതെ അവളിൽ തന്നെ ഒതുങ്ങി. മുറിവിട്ട് പുറത്ത് പോകുന്നത് അപൂർവ്വം. അമിതമായ സന്തോഷവും അമിതമായ ദുഃഖവും ഒരാളിൽ വരുത്തുന്ന മാറ്റം ചിലതൊന്നുമല്ല. അമ്മു അങ്ങനെയായതിന് കാരണം നാമോരോരുത്തരുമാണ്. അമ്മുവിനിന്ന് സങ്കടങ്ങളില്ല. ആശകളില്ല, സന്തോഷങ്ങളില്ല. കാരണം അവൾ ഒക്കെ മറന്നിരിക്കുന്നു. അവളെപ്പോലും..



സിബിന സുരേന്ദ്രൻ
രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ്

# നീ...



മഞ്ഞുതുള്ളിയായി നീയെന്റെ
ഹൃദയത്തിൽ പെയ്തുവെങ്കിൽ
നിൻനീലവിരിയിട്ട ജാലകങ്ങൾ
എനിക്കായ് തുറക്കുമെങ്കിൽ
ഈ നിറം മങ്ങിയ ഊഷരതയ്ക്കപ്പുറം
ഞാൻ നിന്നിൽ നിറഞ്ഞേനേ...
ഇതൾ വിരിഞ്ഞ എൻ പ്രണയ ജാലകൾ
ഞാൻ നിന്നിൽ പടർത്തിയതെ..
ഈറനാകും എൻ മിഴിപ്പൂവിനുള്ളിലെൻ
വിരഹത്തെ നീയെന്തറിഞ്ഞീല...
ഉണരുവാൻ വെമ്പുന്ന ഒരു കുഞ്ഞു
പൂവിന്റെ ഹൃദയത്തെ നീയെന്തറിഞ്ഞീല..
ഇനിയെത്ര ജന്മവും നിന്നിൽ ജയിക്കുവാൻ
ഇടനെഞ്ചിൻ താളങ്ങൾ ബാക്കിയായി
അണയുവാൻ വെമ്പുന്ന ഈ സന്ധ്യതൻ
തീരത്ത് ഈ നിമിഷം ഞാൻ ഏകയായി
ഈ വഴിത്താരയിൽ വിടപറയും സുഹൃത്തായി
നീയെന്നിലൂടെ നടന്നകന്നു.
ഇടറും നിൻ കാലൊച്ചയെൻ ഹൃത്തിന്റെ
ഉരുകുന്ന പാതയിലലിഞ്ഞു ചേർന്നു.
ഇനിയെത്ര ജന്മത്തിലെന്റെ തോഴനാകുവാൻ
വിടപറയുന്നു. നീ... എന്നിൽ നിന്നും...
നിറയുമെൻ മിഴിയും വിതുമ്പുമെൻ ഹൃദയവും
അറിയാതെ നീ അകന്നതെന്തേ...
ഇനിയെന്തു ചൊല്ലുവാൻ ഞാൻ നിനക്കായ്
കണ്ണീർ പടരുമെൻ വിടമാത്രം...



**ലിൻസി പി. ലക്ഷ്മണൻ**
രണ്ടാം വർഷ ബി.കോം.

# നീയറിയാതൊരിഷ്ടം...

എന്നും തളിർക്കുന്ന പൂമരച്ചോട്ടിൽ
നക്ഷത്ര പ്രഭയാം സ്വപ്നങ്ങളും
സാഗരസമമാം മോഹങ്ങളും
എൻ ഹൃദയം നിൻ ഹൃദയത്തിനേകി
വർഷമേതാകിലും പ്രണയമാം
പൂമരം പൂത്തുലയും
അതിനീ കാലവും സാക്ഷിയല്ലോ
കാലമാം നിറഭേദത്തിൻ
ഒരു കുളിർസ്പർശമാം നിൻ സ്നേഹവും
നിൻ സ്നേഹ സാന്ത്വനവും ഞാനീ-
ന്നേറെയറിയുകയായ്
എൻ ഹൃദയമാം മണിവീണക്കമ്പിയിൽ
പ്രണയമാം രാഗവുമീട്ടി നീ വന്നു
ആ നിനക്കു പകരമായില്ല മറ്റൊന്നും
പ്രഭാതത്തിൽ നീ കുളിർമഴയായി
രാവിലോ നീ നിലാവുമായി
ഞാനെന്ന ബോധമല്ല
നീയെന്ന ചിന്തയാണെന്നിലെ ഞാൻ
എൻ ഹൃദയത്തിൻ സംഗീതവും



എന്റെ സ്വപ്ന മാധുര്യവും
എൻ പ്രഭാത പ്രത്യാശയും നീയാ-
ണെന്നറിയുന്നു ഞാൻ
എൻ ഹൃദയത്തിൽ നീ സുരക്ഷിതനാണെ-
ന്നെൻ ഹൃദയം മന്ത്രിച്ചു കൊണ്ടിരിക്കും
ആവഴി നിനക്കെന്നിൽ ശാശ്വതമേകും
എന്നു നിൻ കണ്ണിൽ ഞാനെൻ
പ്രതിഛായ കണ്ടു
ഇതു നമുക്കേകി നാമൊന്നാണെന്ന്
എൻ ആത്മാവിലലിയുമാം നിന്നെ
മറക്കുകയേറെ പ്രയാസമല്ലോ
ഒരു നാൾ ഞാൻ നിന്നെ മറന്നു-
വെന്നാലറിയുക ഞാൻ മൃതിയാണെന്ന്
മരണത്തിനപ്പുറം പ്രണയമുണ്ടെങ്കിൽ
നിന്നെ ഞാൻ സ്നേഹിക്കും
നീയറിയാതെ...



# അണയാത്ത ദീപമായ്....

സരിത കെ.
രണ്ടാം വർഷ ബീകോം.



ഇന്ന് ഈ നിലാവിന്റെ അനന്തമാം യാത്രയിൽ
വീണ്ടും ഞാൻ തനിച്ചാവുന്നു
മനസ്സിന്റെ മായാതന്ത്രികളിൽ വിടരുന്ന
സ്വപ്നമാം വിഹായസ്സിൽ ഞാനൊഴുകുന്നു
സ്വരരാഗശ്രുതികളലിയും സംഗീതം പോലെ
ഹ്രസ്വമാം മഞ്ഞുതുള്ളിയുടെ കുളിരിനായ്
മഴയെ കാക്കും വേഴാമ്പലിനെപ്പോലെ
മാനത്ത് തിളങ്ങും നക്ഷത്രംപോലെ
വിരിയാൻ കൊതിക്കുന്ന കുടമുല്ലപ്പൂവുപോലെ
എൻ മനം തേങ്ങുന്നു അറിയാതെ
ഇന്നെനിക്കറിയില്ല എൻ കൂട്ടിനാരുണ്ട്
സ്വപ്നമാം വിഹായസ്സിൽ പറന്നെത്തും
ഇലകളോ, പുഴുകളോ, കിളികളോ
അതോ വീണ്ടും ഞാൻ തനിച്ചാകുമോ?
ഏകാന്തതയെന്നെ പിൻതുടരുമ്പോൾ
ഇരുട്ടിൽ ഞാൻ വീണ്ടും തനിച്ചാവുന്നു
മനസ്സിന്റെ മായാവിപഞ്ചികയിൽ
അണയാത്ത ദീപനാളമായ് നീ എന്നും
എന്നെ തനിച്ചാക്കുന്നു
എന്തിനെന്നെനിക്കറിയില്ല നീ
ചങ്ങലക്കിട്ട എൻ കരങ്ങൾ
വീണ്ടും എന്നെ ദുഃഖത്തിലാഴ്ത്തുന്നു
മരണത്തിൻ ഗന്ധം മനസ്സിൽ വിടരുമ്പോഴും
ജീവിതം കൊതിക്കുന്ന മനുഷ്യപുത്രി ഞാൻ..

# മഹാനഗരത്തിലെത്തിയ മഹാന്മാർ

200ലെ ആഗസ്ത് 30..

ഇനി കോഴിക്കോട്ട് ഒരു സെമിനാറിൽ പങ്കെടുക്കാൻ പോകണം... എന്തൊക്കെയാണ് പരിപാടിയെന്നൊന്നും അറിയില്ല. കോളജിൽ നടത്തിയ ഓൺലൈൻ എക്സാമിൽ തെരഞ്ഞെടുത്തവരാണ് പോകുന്നത്. കൂടാതെ തെരഞ്ഞെടുക്കപ്പെടാത്ത അനീസും (തോറ്റു) വിവേകും (എക്സാമെഴുതിയില്ല) വരുന്നുണ്ട്.

3 മണിക്കെഴുന്നേറ്റു... രാവിലെ 4.30ന് മൂന്നാം പീടികയിലെത്താനാണ് രൂപേഷ് പറഞ്ഞത്. ഞാനത് പറഞ്ഞ് 5 മണിയാക്കി. ഭ്രാന്തൻനായ്ക്കളുടെ ശല്യം ഉള്ളതുകാരണം ധൈര്യത്തിന് അച്ഛനും വന്നിരുന്നു. വീട്ടിൽ നിന്ന് 15 മിനിട്ട് നടന്ന് ഞാൻ മൂന്നാം പീടികയിലെത്തി. അവിടെ ഒരു ടോർച്ചുമായി രൂപേഷും അച്ഛനും നിൽക്കുന്നു.

പിന്നീട് യാത്ര ഞാനും രൂപേഷും മാത്രമായി. അതിനിടയിൽ സുരേഷിനെ വിളിച്ചു. അവനും ബേബിക്കുട്ടനും ഇരിട്ടിയിലാണെന്നറിഞ്ഞു. ജിഷിലിനെ വിളിച്ചപ്പോൾ അവൻ കിടക്കയിലായിരുന്നു. അവനോട് എഴുന്നേൽക്കാൻ പറഞ്ഞു കോൾ കട്ടുചെയ്തു. അപ്പോഴും ഞങ്ങൾ നടക്കുകയായിരുന്നു.

ടോർച്ചുതെളിച്ച് ഉരുവച്ചാലിലേക്കുള്ള യാത്രയ്ക്കിടയ്ക്ക് ഞങ്ങൾ ഒരു കൂട്ടം പട്ടികളെ കണ്ടു. ഞങ്ങളൊന്നു വിരണ്ടു. അവ സ്വന്തമാക്കിവെച്ച റോഡ് അവയ്ക്കു വിട്ടുകൊടുത്ത് ഞങ്ങൾ അരികിലൂടെ നടന്നു. ഹാവൂ.. രക്ഷപ്പെട്ടു. ഉരുവച്ചാലിൽ ഞങ്ങൾ 5.25ന് എത്തി. രൂപേഷ് പറഞ്ഞു. "ഒരു ബസ് ഇപ്പോഴുണ്ടാവണം.." വലിയൊരു മെട്രോപൊളിറ്റൻ നഗരം ശാന്തമായി ഉറങ്ങുന്നു. ഞങ്ങളും പത്രക്കെട്ടുകൾ എണ്ണുന്ന രണ്ട് മൂന്ന് പേരും മാത്രം.

ഞാൻ നിമിഷയേയും ശീതളിനെയും മാറി മാറി മിസ്സടിച്ചു. രണ്ടും ഗാഢ നിദ്രയിലാണ്. രൂപേഷും ഫോണെടുത്ത് ആരെയൊക്കെയോ വിളിക്കുന്നും കട്ട് ചെയ്യുന്നുമുണ്ട്.

മുന്നിൽ കൂടി രണ്ട് മൂന്ന് ടാങ്കർ ലോറികൾ കടന്നുപോയി.

അല്പസമയത്തിനുള്ളിൽ ഒരു ബസ് വന്നു. രാത്രിയിൽ വർണ്ണ ശബളമായ ലൈറ്റുകൾ തെളിച്ച ആ ബസ്സു കാണാൻ നല്ല ഭംഗിതോന്നി. ബസ്സിൽ കയറി അധികം തിരക്കില്ല. ഞങ്ങൾ ഒഴിഞ്ഞുകണ്ട സീറ്റിൽ ഇരുത്തമുറപ്പിച്ചു. ഉരുവച്ചാലിൽ നിന്ന് തലശ്ശേരി എത്തുമ്പോഴേക്കും പത്തിരുപത് കോൾ ഞങ്ങൾ ചെയ്തു. മിക്കതും ഗ്യാങ് കോൾ ആയിരുന്നു. നമുക്കും ഒരുപാട് കോൾ വന്നു.

കണ്ടക്ടറോട് റെയിൽവേ സ്റ്റേഷൻ സ്റ്റോപ്പ് പറയണമെന്നു പറഞ്ഞു. ഓവർ ബ്രിഡ്ജ് കയറിയിറങ്ങി ബസു നിന്നു. ഞങ്ങൾ പുറത്തിറങ്ങി. വിശക്കുന്നുണ്ട് പക്ഷെ കാര്യമാക്കിയില്ല. ലഘുഭക്ഷണം വീട്ടിൽ നിന്ന് കഴിച്ചിരുന്നു. ഇനി കോഴിക്കോട്ടെത്തട്ടെ... റെയിൽവേ സ്റ്റേഷൻ വരെ വെറുതെ നടന്നു. എനിക്ക് ഏകദേശ വഴിയറിയാമായിരുന്നു. ഞങ്ങൾ റെയിൽവേസ്റ്റേഷനിൽ ആരെയും കണ്ടില്ല. ഞങ്ങളുടെ ഞങ്ങടെ ഗ്രൂപ്പിൽ ആരെങ്കിലും കൂടുമെന്നു കരുതി ഞങ്ങൾ വീണ്ടും ബസ്സിറങ്ങിയ സ്ഥലത്തെത്തി. ആ മഹാ നഗരം ഉണരുന്നതേയുള്ളൂ.

7.15നാണ് ട്രെയിൻ. സുരേഷും, ബേബിക്കുട്ടനും, മാണിയത്തും എത്തി. ഞങ്ങളെല്ലാവരും സ്റ്റേഷനിലേക്ക് തിരിച്ചു.

സ്റ്റേഷനിൽ ഇൻസൈഡ് ചെയ്ത്, പരിചയമുള്ള ഒരുത്തൻ, രായപ്പൻ, കൂടെ സുമേഷുമുണ്ട്....

ജിഷിലും, ടീമും, കണ്ണൂരിൽ നിന്നാണ് കയറുക.. ഞങ്ങൾ തലശ്ശേരിയിൽ നിന്നും സ്റ്റേഷനിൽ ക്യൂ നിന്ന് ടിക്കറ്റ് കരസ്ഥമാക്കി.

പ്രഭാതത്തിൽ സ്റ്റേഷനിലൂടെ തോളിൽ കൈയ്യിട്ട് ഒരു നടത്തം. ഒരു പ്രത്യേക സുഖമുണ്ടതിന്. സുരേഷിന് ഒരു ഭയമില്ലാതില്ല. കാരണം അവന്റെ കന്നി ട്രെയിൻ യാത്രയായിരുന്നു. ഞാൻ രണ്ടാം തവണയാണ് ട്രെയിൻ യാത്ര നടത്തുന്നത്. എങ്കിലും ഒരു എക്സപേർട്ടിനെ പോലെ നിന്നു.

വീണ്ടും ഒരു പാട് കോളുകൾ. പെട്ടെന്ന് നടത്തത്തിനിടെ ഒരു ബെഞ്ചിലിരിക്കുന്ന റെമിനേച്ചിയെയും (സീനിയർ) അവരുടെ അച്ഛനെയും അമ്മയെയും കണ്ടു. അവർ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എം.സി.എയ്ക്ക് ചേരാൻ പോവുകയാണ്. അൽപസമയം കത്തിയടിച്ച് നമ്മൾ വീണ്ടും നടന്നു പെട്ടെന്നാണ് സിയാദിന്റെ ഫോൺ വന്നത് അവനൊരു ടിക്കറ്റ് വേണം. ഞങ്ങൾ അവനോട് നേരത്തേ (ഞങ്ങൾ ക്യൂ നിൽക്കുമ്പോൾ വിളിച്ച് ചോദിച്ചതാണ്. അപ്പോൾ അവന് വേണ്ടായിരുന്നു.) ഞങ്ങളാവശ്യം നിരാകരിച്ചു. അവനും സ്റ്റേഷന് സമീപമായിരുന്നു. അപ്പോഴേക്കും ട്രെയിൻ വന്നു. സിയാദ് ടിക്കറ്റെടുക്കാതെ കയറി.

ഞങ്ങൾ ട്രെയിൻ കയറി... IP എഴുതിപ്പിടിച്ച പേപ്പർ നിലത്ത് വിരിച്ച് ഡോറിലൂടെ കാൽ പുറത്ത് വെച്ച് രായുട്ടനും (കിരണും) മാണിയത്തും (പ്രശോഭും) ഇരുന്നു. കിരണിനോട് അപ്പൻ ഡോറിനടുത്ത് 'നിൽക്കരുതെന്നു' പറഞ്ഞിരുന്നു. അതുകൊണ്ടാണവൻ ചവിട്ടുപടിയിൽ 'ഇരുന്നത്.'

ഞങ്ങൾ 12 പേരും പലപല കമ്പാർട്ടുമെന്റിലായി ചിതറിയിരുന്നു. idea my gang ന്റെ വില മനസിലാക്കിയ മുഹൂർത്തങ്ങൾ... ഒരു ബോഗിയിൽ നന്ന് മറ്റൊരു ബോഗിയിലേക്ക് നിർത്താതെയുള്ള ഫോൺ വിളികൾ.. ഓരോ സ്റ്റേഷനിലെത്തുമ്പോഴും ദേശാടനകിളികൾ കൂട് മാറുന്നതുപോലെ ഒരു ബോഗിയിൽ നിന്ന് അടുത്ത ബോഗിയിലേക്ക്.... യാത്ര നിന്നു കൊണ്ടായിരുന്നതിനാൽ കൂടുമാറ്റത്തിന് ഒരു തടസ്സവുമുണ്ടായില്ല.

തലശ്ശേരിയിൽ നിന്ന് ഏകദേശം പുറകിലായുള്ള ബോഗിയിൽ കയറിയ ഞങ്ങൾ കോഴിക്കോടെത്തുമ്പോഴേക്കും മുന്നിലെ ബോഗിയിലെത്തിയിരുന്നു.

കോഴിക്കോടെത്തിയ ഉടനെ 'കുഞ്ചള' (അനീസ്) ഒരു കാപ്പിയും വടയും വാങ്ങി. "ഹള്ളാ... 15 രൂപയാ" അവൻ ഞെട്ടി. ഞങ്ങൾ നടന്നു. നീണ്ട ഒരു ക്യൂ സാധാരണ കണ്ണൂരിൽ ഇത്തരം ക്യൂ കാണണമെങ്കിൽ ബീവറേജിൽ തന്നെ പോകണം. ബസ്സുകൾ നിരനിരയായി വരുന്നുണ്ട്. പക്ഷേ ക്യൂവിലെ ആരും അതിൽ തല്പരരായിരുന്നില്ല. ഞങ്ങൾ ഓട്ടോയ്ക്കായി അന്വേഷിച്ചു. "ആ ക്യൂവിന് പുറകിൽ നിന്നോളൂ". ഞങ്ങൾ ഞെട്ടി. ഓട്ടോയിൽ കയറാനും ക്യൂവോ...

ഞങ്ങൾ കുറച്ചു നടന്നു. ഒരു ഭക്ഷണ ശാലയിൽ കയറി. നല്ല വിശപ്പുണ്ടായിരുന്നു. ചായയും വെള്ള അപ്പവും ചിലർ ദോശയും കഴിച്ചു. ഇനിയേതായാലും സെമിനാറിന് പോകാം. ഓട്ടോവിന് വെയ്റ്റു ചെയ്തു 5 മിനിറ്റിനുള്ളിൽ ഓട്ടോയെത്തി. ഒരോട്ടോയിൽ 4 പേർ എന്ന കണക്കിന് യാത്ര ചെയ്തു. ഞങ്ങൾ ടാഗോർ സെന്റിനറി ഹാളിന് മുന്നിലെത്തി.

**രാജാക്കൻമാരുടെ ഇടയിലെ കൂലിവേലക്കാർ**

ഹാളിന് മുന്നിൽ ഓട്ടോ നിർത്തി 20 രൂപ ആയിരുന്നു. മുന്നിൽ ഒരു Institution bus കണ്ടു. ഞങ്ങൾ ടിന്റുമോൻ കൊണ്ടുവന്ന പരവച്ച് ഫോട്ടോ ഒട്ടിക്കുന്ന തിരക്കിലാണ്. ഈ സമയത്ത് കുഞ്ചളയും വിവേകും യാത്ര പറയാനൊരുങ്ങി. ഞങ്ങൾ വല്ല സിനിമയ്ക്കോ മറ്റോ പോയ്ക്കൊള്ളാം.

"ഒന്ന് ഉള്ളിലൊക്കെ ഒരുകിയിട്ട് പോകാടാ..." ജിഷിൽ പറഞ്ഞു. ഉള്ളിൽ കയറിയപ്പോൾ ഞങ്ങൾ ഞെട്ടി..

"എക്സിക്യൂട്ടീവ് ഡ്രസ്സ് ധരിച്ച ഒരുപാട് പേർ, കോട്ടും സ്യൂട്ടും പോളീഷ് ചെയ്ത ഷൂസുമായ് അതിലും കൂടുതൽ പേർ. ഇതിൽ Engineering Students ഉം BSc Students ഉം ഉണ്ടായിരുന്നു. അങ്ങനെയും ബി.എസ്.സി കമ്പ്യൂട്ടർ പഠിക്കാമെന്ന് ഞങ്ങൾ മനസ്സിലാക്കി. രജിസ്ട്രേഷൻ വേണ്ടി ചെന്നു. ഒരു മധ്യവയസ്കൻ ഇംഗ്ലീഷിൽ ജിഷിലിനോട് എന്തൊക്കെയോ പറഞ്ഞു. മറുപടി പച്ചമലയാള

ത്തിലും. ഞങ്ങൾ ചിരിച്ചു. ഞങ്ങൾ ഇംഗ്ലീഷിലാണ് ചിരിച്ചത്.

അഡ്മിഷൻ രണ്ട് വിധമുണ്ടായിരുന്നു. ഒന്ന്, Online examനെ ബെയ്സ് ചെയ്തും രണ്ട്, സ്പോർട്ട് അഡ്മിഷനും വിവേകും കുഞ്ഞളയും സ്പോർട് അഡ്മിഷൻ ചെയ്തു. ഞങ്ങൾ ഒരു കാര്യം മനസ്സിലാക്കി. ആഡംബരപൂർവ്വം എം.ജി. കോളജിൽ വെച്ച് നടത്തിയ അരമണിക്കൂർ ഓൺലൈൻ എക്സാമിൽ ഒരു കാര്യവുമില്ല. ഞങ്ങൾ ഒരു കൗണ്ടറിൽ ഹോൾടിക്കറ്റുമായി ചെന്നു. അവർ പറഞ്ഞു. Where is your admission Number? You dont know that? കിരൺ "അത് പിന്നെ എങ്ങിലാണ് സ്റ്റാർട്ട് ചെയ്യുന്നത്. ഞങ്ങൾ അടുത്ത കൗണ്ടറിലേക്ക്. അരമണിക്കൂറിനുള്ളിൽ ഞങ്ങൾ മുഴുവൻ കൗണ്ടറും കവർചെയ്തു. "എം.ജി.യെന്നൊരു കോളേജില്ല... ഞങ്ങളെന്ന വ്യക്തികളില്ല.... അതായിരുന്നു മറുപടി..ഭാഗ്യം... കുഞ്ഞുവും വിവേകും പൊട്ടിച്ചിരിച്ചു..

പിന്നീട് ഞങ്ങൾ മലയാളം കുറച്ച് കുറച്ച് പറയുന്ന ഒരു മേഡത്തോട് ഇംഗ്ലീഷിൽ കുറച്ച് കുറച്ച് കാര്യം പറഞ്ഞു. അവർ ഞങ്ങളെ ഒരു വൈറ്റ് പേപ്പറിൽ രജിസ്റ്റർ ചെയ്ത് പ്രശ്നം സോൾവാക്കി. ഒരു ഫയലും ലെറ്റർ പാഡും പേനയും പിന്നെ ഒരു ഐ.ഡി. കാർഡും ഭക്ഷണത്തിനുള്ള കൂപ്പണും അവർ തന്നു. ഫുഡ് കൂപ്പൺ എല്ലാവരും ഭദ്രമായി പേഴ്സിൽ വച്ചു.. എന്തു പോയാലും അത് പോവരുതല്ലോ... ഇതൊക്കെ ഫ്രീ ആയിരുന്നു. എം.ജി.യിൽ ഇത്രയും സാധനങ്ങൾ തരണമെങ്കിൽ മിനിമം 100 രൂപ അഡ്മിഷൻ ഫീസായി കൊടുക്കണം.-സുരേഷ് അഭിപ്രായപ്പെട്ടു. ഞങ്ങളും അംഗീകരിച്ചു.

അൻപതോളം പേരെ മാത്രം പ്രതീക്ഷിച്ച് അവിടെയെത്തിയ ഞങ്ങൾ ഓരോ സെക്കന്റിലും ഞെട്ടിക്കൊണ്ടേയിരുന്നു. ഹാളിനുള്ളിൽ കയറി 3 നിലകളിലായി നിറഞ്ഞിരിക്കുന്ന വിദ്യാർത്ഥികൾ എ. സി. റൂം. ഞങ്ങൾക്ക് കസേരകിട്ടിയില്ല.. കുറച്ചു സമയം അവിടെ ചെലവഴിച്ചു. കാൽവേദനിച്ചു തുടങ്ങിയപ്പോൾ പുറത്തിറങ്ങി ട്രെയിനിലും നിൽക്കലായിരുന്നല്ലോ. പുറത്തെത്തിയ ഞാനും മുകേഷും സിയാദും സുഭാഷും കണ്ടത് ചായ കുടി മത്സരമാക്കി മാറ്റുന്ന ജിഷ്ലിനെയും അനീസിനേയുമാണ്. ഉള്ളിൽ നടക്കുന്ന കാര്യങ്ങൾ പ്രൊജക്റ്റർ വഴി താഴെ നിന്നും കാണാം. ഒരു ഗ്ലാസ്സ് ചായയുമായി ഞങ്ങൾ അവിടെ ഇരുന്നു. സത്യം പറയാമല്ലോ. ഇന്നേവരെ ഞങ്ങൾ രുചിയറിഞ്ഞിട്ടില്ലാത്ത 'Software Tea', ഓഡിറ്റോറിയത്തിന് പുറത്ത് ഹാളിന്റെ മതിൽക്കെട്ടിനോട് ചേർന്ന് ഒരുപാട് പെട്ടിക്കടകൾ ദിക്കവാറും ഇംഗ്ലീഷ് സംസാരിക്കുന്ന പെട്ടിക്കടകൾ ഞങ്ങൾ ഓരോന്നിലും Visit ചെയ്തു. ... കോളേജിന്റെ നാമധേയം എല്ലാവർക്കും പരിചിതമാക്കി....

കറുത്ത ടീ ഷർട്ടും നീല ജീൻസും ധരിച്ച ഒരുപാട് ആൺകുട്ടികളും പെൺകുട്ടികളും നടത്തുന്ന പെട്ടിക്കടയിലേക്ക് കയറിച്ചെല്ലാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ... ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന ആ പെട്ടിക്കടയുടെ പടിക്കൽ വച്ച് തന്നെ ഞങ്ങൾ തിരിഞ്ഞോടി ഇംഗ്ലീഷ് അറിയാത്ത ഞങ്ങളെ ഞങ്ങൾ തന്നെ ശപിച്ച ഒരു നിമിഷം....

പെട്ടന്ന് ഒരു കോൾ സുരേഷ് വിളിക്കുന്നു. അൽഗോരിതം രചനാ മത്സരം, അതിൽ പങ്കെടുത്തു... പിന്നീട് Quis Competion അതിലും പങ്കെടുത്തു. ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന ചിലരെ ഞങ്ങൾ ചെറിയ തോതിൽ മലയാളം പഠിപ്പിച്ചിരിക്കുന്നു. അതിനുശേഷം ഭക്ഷണമാണ് അതിന്റെ കൃത്യമായ Details ദാസപ്പൻ ഇതിനിടയിൽ മനസ്സിലാക്കിയിരുന്നു ഞങ്ങൾ ഭദ്രമായി സൂക്ഷിച്ച ടോക്കൺ നൽകി അവർ ഒരു പളുങ്കുപാത്രവും ഒരു പേപ്പറും തന്നു. ഞങ്ങൾ കരുതി ഈ പ്ലേറ്റാണോ തിന്നേണ്ടത് പെട്ടന്ന് ദാസിടപെട്ടു.

"ഈ Plate എടുത്ത് ആ ക്യൂവിൽ നിന്നാൽ Vegetarian Food ലഭിക്കും. എന്നാൽ അവിടെ നിൽക്കുകയാണെങ്കിൽ Non veg. ഉം ലഭിക്കും.. ഞങ്ങളെല്ലാവരും Non Veg ൽ ക്യൂ നിന്നു സ്വാഭാവികം..

നല്ല ഒരു ഓർഗനൈസേഷൻ നടന്നിരുന്നു. നെയ്ച്ചോറും ചിക്കനും അവിടെ യൂണിഫോം ധരിച്ചു നിൽക്കുന്ന സ്റ്റാഫ് വിളമ്പിത്തരും... സാലഡും എന്തോ ഒരു സാധനവും(വെണ്ടക്കയൊക്കെയുള്ളത്) ഞങ്ങൾ വിളമ്പണം പിന്നെ പ്ലെയിറ്റ് കഴുകി വരാനും പറ്റില്ല ഒരു കൂട്ടയിൽ

ആ പ്രൈവറ്റ് ഇടണം... അതാ യത് ഒരിക്കലേ കിട്ടൂ..

പെറിയ ഒരു കറക്കം. ഒരു പാട് പെട്ടിക്കടകളിൽ വിസിറ്റ്. അതിലൊന്ന് കമ്യൂണിറ്റീക്കേറ്റീവ് ഇംഗ്ലീഷിന്റെ Hero mindmine എന്ന സ്ഥാപനത്തിന്റെ സ്റ്റാളാ യിരുന്നു. അവരോട് ഞങ്ങൾ ഒരു പാട് സംസാരിച്ചു. പ്രിൻസി പ്പാളിനോട് പറഞ്ഞ് അവരെ കോളേജിലേക്ക് കൊണ്ടുവരണ മെന്നു പോലും കരുതി. Kerlon Technologies എന്ന ഒരു സ്ഥാപനം Calicut-ൽ മാത്രം ജോലി ആഗ്രഹിക്കുന്നവരെ Register ചെയ്യിക്കുന്നുണ്ടായിരു ന്നു. ഞങ്ങളും Register ചെയ്തു. ഞങ്ങളുടെ Bio-Data മുഴുവൻ Calicut കമ്പനി കൾക്കും Handover ചെയ്യുമെ ന്നാണ് പറഞ്ഞത്. Calicut Forum for IT Auriga Collage of Media Studies, IBM, IG Tech Academy എന്നീ സ്ഥാപന ങ്ങളെ പരിചയപ്പെട്ടു.

**AC Roomilekku**

ഞങ്ങൾ കയറിയിരിക്കു മ്പോൾ Hall ൽ Afternoon Section സ്റ്റാർട്ട് ചെയ്തിട്ടില്ലായിരു ന്നു. ഒഴിഞ്ഞ ഒരുപാട് സീറ്റുണ്ടാ യിരുന്നു ഞങ്ങൾ ഒരു മൂലയിൽ MG College നെ പ്രതിനിധീക രിച്ച് കാലിൽ കാൽ എടുത്തു വെച്ചിരുന്നു. ഞങ്ങൾ ഇംഗ്ലീഷി ലാണ് കമ്മ്യൂണിക്കേറ്റ് ചെയ്യുന്ന ത്.. ഞാനും ദാസും അടുത്തി രുന്നു.

ആദ്യമായി ഒരുപാട് വ്യക്തി കൾ അവരെല്ലാവരും IT ഫീൽഡിൽ വലിയ പദവി അല ങ്കരിക്കുന്നവർ ഒരോരുത്ത രെയും സ്റ്റേജിലേക്ക് സ്വീകരിച്ചു.

സംസാരം ആരംഭിച്ചത് സുന്ദരി മേഡമായിരുന്നു. Culture and Value, Creativity, Communication and fast reading, Active listening learnability, Marketability, Salesman ship, Passion of adoptability എന്നിവയെ ക്കുറിച്ച് വളരെ നല്ല രീതിയിൽ മാഡം സംസാരിച്ചു.

പിന്നീട് ദിലീപ് ജോർജ്ജ് (സത്യം) സംസാരിച്ചു. അ ദ്ദേഹം എടുത്തുകാണിച്ചത് പ്രധാനമായും employability യാണ്. തമിഴ് നാടിൽ നിന്ന് ബി. ടെക് കഴിഞ്ഞവരിൽ ൪ ശത മാനം മാത്രമാണ് employable എന്നുപറഞ്ഞപ്പോൾ ഞങ്ങളെ ല്ലാവരും അതൊരു ഞെട്ടലോ ടെയാണ് സ്വീകരിച്ച്. The world is flat എന്നൊരു സന്ദേശവും അദ്ദേഹം നൽകി. ഒരുപാട് പേർ അവരെപ്പോലെ...

വൃന്ദാനായർ TCS തന്റെ സംസാരം ആരംഭിച്ചത് ഒരു ജാപ്പനീസ് ഫിഷിന്റെ കഥയിൽ കൂടിയായിരുന്നു. വിപ്രോ, ഇൻഫോസിസ് തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രമുഖരും അവിടെ സന്നിഹിതരായിരുന്നു. ഈ പ്രോഗ്രാം കഴിയുമ്പോ ഴേക്കും ഞങ്ങൾ പലകാര്യ ങ്ങളും മനസ്സിലാക്കി.

Culture, Team work, Importante of watching english news, Showing commitment, Investing time, Human resources, Selling and marketing skill, Challenge, Sharing Power, Task defining, Adaptability Trainability, Versatile person.

ഇത് അവയിൽ ചിലതുമാത്രം

അവിടെ നിന്ന് ലഭിച്ച മറ്റൊരു സന്ദേശമാണ്." Always do a new mistake"

പിന്നെ WIPROയുടെ recruting agent സംസാരിക്കുമ്പോൾ, പല കുട്ടികളും ആരാകണമെന്ന് തീരുമാനിക്കുന്നത് parents ആണെന്നും നിങ്ങൾ ആരാക ണമെന്ന് തീരുമാനിച്ചത് ആരാ ണ്? എന്ന് ഇംഗ്ലീഷിൽ ചോദി ച്ചു. പലകുട്ടികളും മറുപടിയായി parents, myself എന്നൊക്കെ പറയുന്നുണ്ടായിരുന്നു. പെട്ടെ ന്ന് സിയാദ് ഗാന്ധിജി എന്നു പറ ഞ്ഞത് വലിയ കോമഡിയായി. മനസ്സിലുപിടിച്ചിരിക്കുന്ന പലരും ചിരിച്ചു. കൂടെ മണ്ടത്തരമാണു പറഞ്ഞതെന്നു മനസ്സിലാക്കിയ ഞങ്ങളും.

പിന്നീട് സംശയം ചോദിക്കാ നുള്ള അവസരമായിരുന്നു. പലരും എന്തൊക്കെയോ ചോദി ച്ചു. ഞങ്ങൾ ഒന്നും ചോദിച്ചി ല്ല. ഇതെല്ലാം ഞങ്ങൾക്കറിയു ന്നതല്ലേ!

**മടക്കയാത്ര**

മുഴുവൻ പരിപാടികളും കഴിഞ്ഞ് 4.30ന് ഞങ്ങൾ പുറത്തി റങ്ങി. നമ്മൾ നമ്മളെ പറ്റി നന്നായി മനസ്സിലാക്കിയിരിക്കു ന്നു. തലപോയാലും ഇനി ഇംഗ്ലീഷ് മാത്രം. ഹാഷിറും, സുമേഷും ഇംഗ്ലീഷ് മാത്രമാണ് പറയുന്നത്. ഞങ്ങൾ ഒരു ബീച്ചി ലേക്ക് പോയി. അവിടെ കുറച്ച് സമയം ചെലവഴിച്ചു. 7 മണി ക്കാണ് ട്രെയിൻ. ബീച്ചിൽ നിന്നും ഇറങ്ങിയപ്പോൾ നേരംപോയി. ഓട്ടോയും കിട്ടാ നില്ല. മഴ പതിയെ പെയ്തുതുട ങ്ങി. പിന്നെ മാരത്തോണായി രുന്നു. അറിയാത്ത വഴികളി ലൂടെ ചോദിച്ചു ചോദിച്ചുള്ള ഓട്ടം. മഴയുടെ ശക്തി കൂടി.

ആരും കുടയെടുത്തിട്ടില്ല. അതുകൊണ്ട് കുടചൂടി ഓടേണ്ടിവന്നില്ല. ഭാഗ്യം ട്രെയിൻ പോയിട്ടില്ല. പെട്ടെന്ന് ഞങ്ങൾ ടിക്കറ്റെടുത്തു. കർച്ചീഫുകൊണ്ട് തല തോർത്തി ഒരു ലൈമായാലോ? അങ്ങനെ ഞങ്ങൾ ലൈമുകുടിച്ചു.

ദൂരെ നിന്നും ട്രെയിൻ വരുന്നതു കാണാം. ഞങ്ങൾ പ്ലാറ്റ്ഫോമിൽനിന്നു ട്രാക്കിലൂടെ അപ്പുറത്തു കടന്നു. അതാവുമ്പോൾ പാസഞ്ചേഴ്സ് ഇറങ്ങുന്നതുവരെ കാത്തിരിക്കേണ്ടല്ലോ. ട്രെയിൻ അടുത്തുകൊണ്ടിരിക്കുന്നു. പെട്ടെന്ന് പ്ലാറ്റ്ഫോമിലേക്ക് ടിന്റുമോൻ ഓടി. ഞങ്ങളുടെയെല്ലാം പ്രാണൻ പകുതിപോയ സമയമായിരുന്നു അത്. ടിന്റുമോൻ ട്രാക്കിൽ കാൽ തെറ്റി വീണു. പെട്ടന്ന് എഴുന്നേറ്റ് ഞങ്ങൾക്കരികിലെത്തി. അവനെ എല്ലാവരും പൊതിരെ തല്ലി. അപ്പോഴാണ് അവനൊരു ജീവൻ വച്ചത്. ട്രെയിൻ കയറിയ ഞങ്ങൾ അതൊരു ടീച്ചറില്ലാത്ത എം. ജി. ക്ലാസ്സ് റൂം പോലെയാക്കി. ജിഷിൻ ചാടി ബർത്തിൽ കയറി. താഴെ ഗൗരവമായി ഇരുന്ന് പത്രം വായിക്കുന്ന കഷണ്ടിക്കാരന്റെ തലയിൽ ജിഷിന്റെ ചെരുപ്പിലെ പൂഴി വീഴാൻ തുടങ്ങി. അയാൾ തെറി പറയാനും.

ട്രെയിൻ ഇതുവരെ കണ്ടില്ലേടാ... ചെരുപ്പുമായിട്ടാണോ ബർത്തിൽ കയറുക എന്നുതുടങ്ങി...

അവസാനം ഒരു ന്യൂസ്പേപ്പർ വാങ്ങിപൂഴി പ്രശ്നം പരിഹരിച്ചു.

അവസാനം കാബിനിൽ ഞങ്ങളും അയാളും മാത്രമായി അതായത്, ഞങ്ങൾ 12 പേരും അയാളും. ഞങ്ങൾ ബഹളം തുടങ്ങി. പാവം. അയാളൊന്നും പറഞ്ഞില്ല. ഞങ്ങൾ ഒരു പാട്പേരുണ്ടല്ലോ. അയാൾ വിചാരിച്ചുകാണും 'അനീസൊക്കെ' എന്തു വലിയ മനുഷ്യനാണെന്ന് . വീണ്ടും എം. ജി.യിലേക്ക്....



പ്രദീപ് കെ. നമ്പ്യാർ
മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ്



# തകർന്നടിഞ്ഞ സ്വപ്നങ്ങൾ



നിലാവുമാഞ്ഞ രാത്രിയുടെ ദുഃഖം പോലെ, ഇണ പിരിഞ്ഞ കിളിയുടെ നൊമ്പരം പോലെ, പ്രിയ സഖി യുടെ വേർപാടിൽ അവൻ നൊമ്പരം കൊള്ളുകയാണ്. ആദ്യവട്ടം കണ്ടപ്പോൾ തന്നെ അവന്റെ മനസിന്റെ മനസിന്റെ കൊട്ടാരം കീഴടക്കിയ അവന്റെ സ്വപ്നങ്ങൾക്ക് വർണ്ണമേകിയ, അവന്റെ രാജകുമാരിയുടെ വരവും കാത്ത് അസ്തമയ സൂര്യന്റെ ശോഭയും നോക്കി അവൻ പറയുകയാണ്. "നീ എന്നെ വിട്ട് എത്ര അകലങ്ങളിലേക്ക് പോയാലും നിഴൽ പോലെ ഞാൻ നിന്റെ കൂടെ ഉണ്ടാവും. പക്ഷെ ഇന്നുഞാൻ ഏകനാണ്. കാരണം നീ ഇരുട്ടിലേക്ക് മറഞ്ഞിരിക്കുന്നു. കൺമുന്നിൽ നീ എത്ര അകലെയായാലും മനസിൽ നീ അരികെയാണ്. എന്റെ മോഹങ്ങൾക്ക് വർണ്ണമേകാൻ, എന്റെ സ്വപ്നങ്ങൾക്ക് ജീവൻ പകരാൻ വരില്ലേ നീ എന്റെ ചാരത്ത്? വെറുതെ ആവുമോ ഈ കാത്തിരിപ്പ്?

കാത്തിരിക്കാൻ ഞാൻ ഏകനാണ്. പ്രതീക്ഷയ്ക്ക് വകയുണ്ടെങ്കിൽ കാത്തിരിപ്പിനും ഇല്ലേ ഒരു സുഖം. ആഴിയിലെ തിരമാലകളെപോലെ മനുഷ്യന്റെ സ്വപ്നങ്ങൾക്ക് നിശ്ചയമില്ലെന്നറിയാം. പക്ഷേ നീ എന്റെ സ്വപ്നം മാത്രമായിരുന്നില്ല. എന്റെ എല്ലാം എല്ലാം ആയിരുന്നു. എന്റെ മനസ്സിന്റെ മണിയറവാതിൽ തുറന്ന് നിന്റെ കാലൊച്ചകൾക്കു വേണ്ടി കാത്തിരിക്കുകയാണ് ഞാൻ. ദിവസങ്ങൾ വർഷങ്ങളായും വർഷങ്ങൾ യുഗങ്ങളായും കടന്നുപോകുന്നതു പോലെ തോന്നുന്ന ഈ നേരത്ത് സ്വപ്നങ്ങളിൽ വരാറുള്ള നിന്റെ സുന്ദര വദനം മാത്രമാണ് എനിക്ക് കൂട്ടായുള്ളത്.

ചിത്രശലഭങ്ങൾക്ക് അതിന്റെ ചിറകിലെ വർണ്ണങ്ങൾ തിരിച്ചറിയാൻ കഴിയാത്തതുപോലെ നിന്റെ സുന്ദര വദനവും നെഞ്ചിലേറ്റി നടന്നിരുന്ന എന്റെ മനസ് നീ അറിയാതെ പോയി. എല്ലാം നല്ലതിനാണെന്നുകരുതി സമാധാനിച്ചിരുന്ന ഞാൻ ഇതും നല്ലതിനാണെന്നു കരുതി സന്തോഷിച്ചു. നമ്മൾ തമ്മിൽ പങ്കിട്ടിരുന്ന സ്വപ്നങ്ങളെല്ലാം ആഴിയിലേക്കുവലിച്ചെറിഞ്ഞ് നീ ദൂരെ ദൂരെ മറഞ്ഞിരിക്കുന്നു.

എന്റെ മനസിലെ മണിവീണകൾക്ക് ഈണം പകരാൻ പുതിയരാഗങ്ങളും താളങ്ങളും തേടി ഞാൻ അലയുകയാണ്. എന്റെ സ്വപ്നങ്ങളും നൊമ്പരങ്ങളും പങ്കിടുവാനും എന്റെ കിനാവുകൾ യാഥാർത്ഥ്യമാക്കാനും ഒരു പുതിയ കൂട്ടുകാരിക്കായി കാത്തിരിപ്പോടെ.



മുഹ്സിൻ പി. വി.
മൂന്നാം വർഷ ബി.കോം.



# വായന മരിക്കുന്നുവോ?



സുചിത്ര കെ.
മൂന്നാം വർഷ കമ്പ്യൂട്ടർസയൻസ്

യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ഫലം എന്നത് വിനയമാണ്. സ്വയം മനസ്സിലാക്കാൻ സാധിക്കുമ്പോൾ മാത്രമേ ഒരാൾക്ക് വിദ്യാഭ്യാസം കൊണ്ട് തൃപ്തി അനുഭവപ്പെടാൻ സാധിക്കുകയുള്ളൂ. ആത്മജ്ഞാനത്തിലും ആത്മ നിയന്ത്രണത്തിലും കുടികൊള്ളുന്ന മഹത്വം ദർശിക്കുവാനുള്ള കഴിവ് വിദ്യാഭ്യാസം കൊണ്ട് സിദ്ധിക്കണമെന്ന് ഡോ. എസ്. രാധാകൃഷ്ണൻ പറഞ്ഞിട്ടുണ്ട്. സിലബസ്സുകളിൽ ഒതുങ്ങി പാഠപുസ്തകങ്ങൾ മാത്രം പഠിക്കുന്നവന് ആത്മജ്ഞാനത്തിലും ആത്മ നിയന്ത്രണത്തിലും കുടികൊള്ളുന്ന മഹത്വത്തെ ദർശിക്കുവാനുള്ള കഴിവ് ഒരിക്കലും ലഭിക്കുകയില്ല. അതിനാണ് വായന എന്ന മഹത്തായ കാര്യം നാം ചെയ്യേണ്ടത്. വിജ്ഞാനത്തിന്റെ കലവറ തുറക്കാൻ വായനയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

നാം എല്ലാവരും തന്നെ വായിക്കുന്നവരാണ്. പക്ഷേ വായനയുടെ അഗാധ തലങ്ങളിൽ ദർശിക്കുവാൻ ഇന്നത്തെ യുവ തലമുറയ്ക്ക് സാധിച്ചിട്ടില്ല എന്ന് തന്നെ വേണം പറയാൻ. ആധുനിക തലമുറയുടെ വായന എന്നത് അവരുടെ സിലബസ്സുകളിൽ മാത്രം ഒതുങ്ങിക്കൂടി നിൽക്കുകയാണ് ചെയ്യുന്നത്. കാമ്പസ്സുകളിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ഇത്തരത്തിലുള്ളവരാണ്. അതിൽ കുറച്ചുപേർ മാത്രമേ വായന എന്നത് ഒരു വ്യായാമം പോലെ എടുത്തിട്ടുള്ളൂ.

വളരുക എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അനിവാര്യമായ കാര്യമാണ്. ശാരീരികമായ വളർച്ച മാത്രമല്ല ഒരു വ്യക്തിയുടെ വളർച്ചയെ സൂചിപ്പിക്കുന്നത്. മാനസികമായ വളർച്ച അതിലും അനിവാര്യമായ കാര്യമാണ്. മാനസികമായ വളർച്ചയെ സഹായിക്കാൻ ഒന്നിനുമാത്രമേ സാധിക്കുകയുള്ളൂ. അതാണ് വായന. വായനയില്ലാത്ത മനസ്സ് കരിങ്കല്ലുപോലെയാണ്. സദാ ജീർണ്ണിച്ചിരിക്കുന്ന മനസ്സിൽ അറിവിന്റെ പൊൻതിരി തെളിയിക്കാൻ വായനയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. മനുഷ്യ മനസ്സിൽ ജ്ഞാനത്തിന്റെ വിത്തുവിതക്കാൻ നല്ല ഗ്രന്ഥങ്ങൾക്ക് സാധിക്കും. അതിനാൽ നല്ല ഗ്രന്ഥങ്ങൾ കണ്ടെത്തി വായിക്കേണ്ടത് നമ്മുടെ കടമയാണ്. സദ്ഗ്രന്ഥങ്ങൾ എന്നും ഉത്തമ ഗുരുനാഥന്മാരായിരിക്കും.

മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതിനാൽ തന്നെ കുടിലുകളിലും ദൃശ്യ മാധ്യമങ്ങൾ എന്ന സമിതി കൈവന്നിരിക്കുന്നു. തിരക്കേറിയ ആധുനിക മനുഷ്യന്റെ ജീവിതത്തിൽ അവന് വായിക്കാൻ സമയമില്ല. അതുകൊണ്ടുതന്നെ ശബ്ദചിത്ര അകമ്പടിയോടെ മുന്നിലെത്തി നിൽക്കുന്ന ദൃശ്യ മാധ്യമത്തെ അവൻ കണ്ടുപിടിച്ചു. ഫാസ്റ്റ് ഫുഡ് പോലെ ഫാസ്റ്റ് ന്യൂസ് എന്ന അവസ്ഥ വന്നിരിക്കുന്നു. അറിവ് നേടാൻ സമയമോ ദിവസമോ അവനൊരു പ്രശ്നമല്ലാതായി കഴിഞ്ഞിരിക്കുന്നു. പക്ഷെ അപ്പോഴും ഇതെല്ലാംതന്നെ പരിമിതമാണെന്ന സത്യം അവൻ മറന്നുപോകുന്നു.

വായന മരിക്കുന്നതിനുള്ള പ്രധാന കാരണം ദൃശ്യമാധ്യമങ്ങൾ മാത്രമാണെന്നത് തെറ്റായ ഒരു ധാരണയാണ്. വായന മരിക്കുന്നതിനുള്ള പ്രധാന കാരണം ഇന്നത്തെ തലമുറയുടെ അലസതയാണ്. കമ്പ്യൂട്ടർ യുഗത്തിൽ ജീവിക്കുന്ന നാം എന്തൊക്കെയോ നേടിയെന്ന് അഹങ്കരിക്കുമ്പോഴും നാം മറന്നുപോകുന്ന ഒന്നുണ്ട്. വായന എന്ന മഹത്തായ കലയുടെ മാധുര്യം. കണ്ടും കേട്ടും പഠിച്ചും നേടുന്ന അറിവിനെക്കാൾ എത്രയോ മഹത്തരവും ആസ്വാദകരവുമാണ് നല്ല ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ നാം സ്വയം മനസ്സിലാക്കുന്ന അറിവ്. ഒരുപക്ഷേ വായനയിലൂടെ ഗ്രന്ഥകാരൻ കാണുന്നതിലുമപ്പുറം നമുക്ക് കാണാൻ സാധിച്ചാൽ അവിടെയാണ് നാം വിജയിക്കുന്നത്.

"വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും" എന്ന കുഞ്ഞുണ്ണിമാഷിന്റെ വാചകം നാം ഒരിക്കലും മറക്കാൻ പാടുള്ളതല്ല.

വായന മരിച്ചിട്ടില്ല മരിക്കാൻ പാടില്ല എന്നു നാം ഓരോരുത്തർക്കും പറയാൻ സാധിക്കണം.




कमल
द्वितीय वर्ष बी. कॉम


# हुदा की मन्नत

रोक जो कसम मेरे जान
दूर हम से जाओ ना
तूही तो है मेरा सनम
तूही तो है मेरा जान।।

तू मेरा आरज़ू,
तू मेरा ज़िन्दगी,
तू मेरा दिलनशी,
पर अनजानी हो तुम मेरी ।।

आया तेरा याद,
कहना न पाया, अपने बातें ।
तू हो तो थी, मेरे संग
हर कदम हर तरफ़...।।

हिम्मत हो तुम मेरे,
ताकत हो तुम मेरे,
पर, जुदा होना पड़ेगा हमें
यह ही मनज़ूर है हुदा को ।।




सत्य कृष्णन
द्वितीय वर्ष कंप्यूटर


# ज़रा याद करो उन कुरबानी को....

सारे दुनीय आयो जाने
यह है मेरे वतन की भाषा।
आयो जाने मेरा देश है भारत
शान से कहदू अपना देश के नाम।।

जिन्होंने किया कुरबानी
ज़रा याद करो पल-पल में।
यह वीरजवान जो शहीद हुवा है
ज़रा याद करो पल-पल में।।

आयो मिलकर देशवासियों....
जय करो उन वीरजवानों को
रोकर न जलाओ उन के दम को,
सलाम करो उन के दम को।।

आयो प्यारों देशवासियों...
सम्मान करो अस तिरंग झंडे का,
हो अन वीरजवानों के बलिदानों का।
वन्दे मातरम ।।




अनिल जोस
द्वितीय वर्ष गणित


# बारिश की बूँदें

मासूम जैसे बूँदे है यह
रिम झिम रिम झिम बरसते है।
बूँदें जो मिट्टी में मिलकर
फैलाते है खुशबू हर तरफ़।।

पत्तों को छूकर,
शिखरों को छूकर
नरम करती है चारों ओर।।

हर पल नहीं आती
बस झूमो गाओ साथ मिलाओ ।।
लहराती है मुस्कुराती है
उन आवाज़ों को पहचानो ।
अन सुन्दर दृश्य को जानो।।

ആശംസകളോടെ..!

# ഗ്രെയ്സ് ഏജൻസീസ്

**ബുക്സ്, സ്റ്റേഷനറി, ഫോട്ടോസ്റ്റാറ്റ്**

ന്യൂ ബസ്സ്റ്റാന്റ് - ഇരിട്ടി. ഫോൺ: 2491178

BSNL ഇന്ത്യാ ടെലഫോൺ കാർഡ്, ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ, സ്കൂൾ മാസ്റ്റർ, വിദ്യാഭ്യാസ മാസിക, എന്നിവയുടെ

ഇരിട്ടിയിലെ അംഗീകൃത ഏജൻസി

സ്കൂൾ, +2, കോളജ്, കമ്പ്യൂട്ടർ പുസ്തകങ്ങൾ, ഗൈഡുകൾ, ഡിക്ഷ്ണറികൾ, റഫറൻസ് പുസ്തകങ്ങൾ, മത്സര പരീക്ഷയ്ക്കുള്ള ഗൈഡുകൾ, [illegible] NBBS, DC, Current Books എന്നിവയുടെ പ്രസിദ്ധീകരണങ്ങൾ

[illegible]

## അറ്റ്ലസ് ബുക്സ് & ഫാൻസി

[illegible] റോഡ്, ഇരിട്ടി. ഫോൺ: 2491016



*Best Compliments from*

Khaleel
9895788542

# ROYAL HARDWARES

**ELECTRICALS & PLUMBING**

OPP. JUMA MASJID
MAIN ROAD, PUNNAD
Ph: 0490-2325086,
Mob: 9995633166





# അവതരണത്തിലെ വ്യത്യസ്തതകളുമായി കൽക്കട്ടാ ന്യൂസ്



ഇടവേളകളിൽ കാറ്റും വെളിച്ചവും ലഭിക്കാതെ ദീർഘകാലമായി അടഞ്ഞുകിടന്നിരുന്ന ഒരു കുടുസ്സുമുറിയിൽ നിന്ന് പുറത്തേക്കിറങ്ങി ആവോളം ശുദ്ധവായു നുകരുമ്പോഴുണ്ടാകുന്ന അനുഭൂതി, ആ അനുഭൂതിയാണ് ചലച്ചിത്രമെന്ന മാധ്യമത്തിലൂടെ സാധ്യമാകുന്നത്.

ആധുനിക യുഗത്തിലെ ഏറ്റവും ഫലപ്രദമായ മാധ്യമവും ചലചിത്രം തന്നെയാണെന്നുപറയാം. വ്യവസായ യുഗത്തിലെ ജീവിതത്തിരക്കിനും പിരിമുറുക്കത്തിനും തെല്ലൊരയവ് സമ്മാനിക്കുന്ന വിനോദവിശ്രമ സങ്കേതം എന്ന നിലയിലും സിനിമ ദൈനംദിന ജീവിതത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

നല്ലകഥയും കഥാപാത്രങ്ങളുമുള്ള ഒരുപിടി ചിത്രങ്ങൾ ഇന്ന് മലയാളത്തിന് സ്വന്തമായുണ്ട്. അടുത്തകാലത്തിറങ്ങിയ കാര്യമാത്രപ്രസക്തവും കാലികപ്രാധാന്യവുമുള്ള ഒരു സിനിമയായിരുന്നു ബ്ലസ്സി സംവിധാനം ചെയ്ത 'കൽക്കട്ടാ ന്യൂസ്'.

ആധുനിക സമൂഹത്തിലെ ജീവിത യാഥാർത്ഥ്യങ്ങൾ പച്ചയായി ആവിഷ്കരിച്ചിരിക്കുന്നു എന്നതാണ് ഈ ചിത്രത്തിന്റെ സവിശേഷത. ഒരു പ്രമുഖ ചാനലിലെ റിപ്പോർട്ടറായ അജിത്തിന് ദിലീപ് ജീവൻ നൽകുമ്പോൾ നിഷ്കളങ്കയായ ഗ്രാമീണ പെൺകുട്ടി കൃഷ്ണപ്രിയയായി മീരാജാസ്മിനും വിവാഹമാഫിയാ സംഘത്തിലെ അംഗമായ ഹരികുമാറായി ഇന്ദ്രജിത്തും അഭ്രപാളിയിലെത്തുന്നു.

ചെറുപ്രായത്തിൽതന്നെ അനാഥയാകേണ്ടിവന്നതും ജീവിക്കാൻ അന്യവീട്ടിലെ ജോലിചെയ്യേണ്ടിവന്നതും മഠത്തിൽ ജീവിക്കേണ്ടിവന്നതും കൃഷ്ണപ്രിയയുടെ ദൗർഭാഗ്യം. എന്നിരുന്നാലും ഹരികുമാർ എന്ന ചെറുപ്പക്കാരൻ കൃഷ്ണപ്രിയയെ ഇഷ്ടപ്പെടുന്നതോടെ കഥ മറ്റൊരുഗതിയിലേക്കുപോകുന്നു.

കണ്ടാൽ മാന്യനും സത്സ്വഭാവിയുമായിരുന്നു ഹരികുമാറെങ്കിലും കൃഷ്ണപ്രിയയെ വലിയൊരു ചതിയിലേക്കാണയാൾ ആനയിച്ചത്. അണിയാൻ പുതിയ വസ്ത്രങ്ങൾ നൽകിയപ്പോഴും, ചൂടാൻ മുല്ലപ്പൂവ് നൽകിയപ്പോഴും കൃഷ്ണപ്രിയക്ക് ഹരികുമാറിനെ മനസ്സിലായില്ല. നിരന്തരം ഫൈവ്സ്റ്റാർ ഹോട്ടലുകളിലേക്ക് ഹരികുമാർ നിർബന്ധിക്കുമ്പോൾ താൻ എത്രമാത്രം സന്തുഷ്ടയാണെന്ന് കൃഷ്ണപ്രിയ വെറുതെ ആശിച്ചുപോകുന്നു. തന്റെ ബോസ് നിന്നെ കാത്തിരിക്കുന്നു എന്ന വാർത്ത ഹരികുമാറിൽനിന്നും മനസ്സിലാക്കിയ കൃഷ്ണപ്രിയ പൊട്ടിത്തെറിക്കുന്നു. ബോസിനെ കാണാൻ താൻ വരില്ലെന്ന കൃഷ്ണപ്രിയയുടെ ഉറച്ച തീരുമാനം ഹരികുമാറിനെ കീഴ്മേൽ മറിച്ചു. ഇതിനുശേഷം പുറപ്പെട്ട ഹരികുമാർ ആകസ്മികമായി ബോസിനാൽ കൊല്ലപ്പെടുന്നു. എന്നാൽ ഇതൊന്നമറിയാതെ കൃഷ്ണപ്രിയ വീണ്ടും ജീവിതത്തിൽ

തനിച്ചാവുമ്പോൾ ചാനൽ റിപ്പോർട്ടറായ അജിത് അവളുടെ രക്ഷകനായെത്തുന്നതോടെ കഥ വീണ്ടും മറ്റൊരു ഗതിയിലേക്ക് നീങ്ങുന്നു.

കൃഷ്ണപ്രിയയുടെ ജീവിത സാഹചര്യങ്ങളിൽനിന്നും പാഠമുൾക്കൊണ്ട് കൽക്കട്ടയിലെ ചുവപ്പുതെരുവിലേക്കുള്ള യാത്ര സിനിമയുടെ മറ്റൊരു മുഖം. വളരെ ആയാസപ്പെട്ട് ചാനൽ റിപ്പോർട്ടറായ അജിത് ചുവപ്പുതെരുവിന്റെ ദൃശ്യങ്ങൾ ക്യാമറയിൽ പകർത്തി ചാനലിൽ കാണിക്കുമ്പോൾ ലോകത്തെ തന്നെ മാറ്റിമറിച്ച ഒരു വലിയ ദുരന്തമുഖം നമ്മോടെ വ്യക്തമാകുകയായിരുന്നു. ഏറ്റവും വലിയ വാർത്തയ്ക്കും ചിത്രീകരണത്തിനുമുള്ള അവാർഡ് അജിത്തിന് കിട്ടുന്നതോടെ അഭ്രപാളികൾ മിഴിക്കുന്നു.

വിവാഹം- അതു പുതിയൊരു ജീവിതത്തിന്റെ തുടക്കമാണ്. രണ്ടു മനസ്സുകളുടെ രണ്ടു വ്യക്തിത്വങ്ങളുടെ, രണ്ടു കുടുംബങ്ങളുടെ, രണ്ടു സംസ്കാരങ്ങളുടെ കൂടിച്ചേരലാണത്. എന്നാൽ ആധുനിക സമൂഹത്തിൽ നിരന്തരം കേൾക്കുന്നതും വിവാഹത്തട്ടിപ്പിന്റെ വാർത്തകളാണ്. ജോലി വാഗ്ദാനം നല്കിയും സിനിമയിൽ ചാൻസ് വാഗ്ദാനം ചെയ്തും വിവാഹിതരാകാൻ നിർബന്ധിക്കപ്പെടുന്ന പെൺകുട്ടികളുടെ അവസ്ഥകൂടി നാം ആലോചിക്കേണ്ടതാണ്. നിരപരാധികളായ എത്രയോ പെൺകുട്ടികൾ ഇന്ന് വഴിയാധാരമാകുന്നു. പെൺകുട്ടികൾ സൂക്ഷിക്കുക... തിരിച്ചറിയുക... എന്തിനെയും, ഏതിനെയും എന്ന സന്ദേശം ഈ സിനിമയിലൂടെ സമൂഹത്തിന് നൽകുന്നു.



സീനിയ ജോസ് എം.സി.
രണ്ടാം വർഷ കമ്പ്യൂട്ടർ



ബിജു വർഗ്ഗീസ്
ഒന്നാം വർഷ ബി.കോം.

# എന്തുപറയാൻ!

ചിന്തയിൽ ചെള്ളുപെരുകുമീ കാഴ്ചകൾ-
ക്കെന്തു പ്രതികരിച്ചീടാമതെങ്ങനെ?
തന്ത്രങ്ങൾ സ്വയം മെനഞ്ഞിടും കാലത്തും
പട്ടിണി പാവങ്ങൾ പെരുകുന്ന കാഴ്ചയും
മറ്റൊരു പോംവഴിയെന്തെന്നു ചോദിക്കും
അണുകുടുംബ കൊച്ചുമക്കൾ പെരുകുന്നു
വ്യഭിചരിച്ചാലെന്ത് സുഖത്തിനും പണത്തിനും
എന്നൊരു നിഗൂഢ സമൂഹ വളർച്ചയും
മഴയെകാത്തിടും വേഴാമ്പലായിടും
മഴപെയ്താലതു രോഗിയുമായിടും
ദുർഗന്ധപൂരിതമീ വഴിയോരങ്ങൾ
ലക്ഷങ്ങൾ ചക്രമുരുട്ടുമീ പാതകൾ
ഭൂമിതൻ മാറു പിളർന്നും തുരന്നും
വിജയക്കൊടി ഉയർത്തി പറത്തിയും
മണ്ണിന്റെ മാധുര്യം വിറ്റുള്ള നാണിമ
സമ്പത്തിലാഴ്ന്നാഴ്ന്നങ്ങുമുറങ്ങിയും
ശാസ്ത്രം വളരുമ്പോൾ മറപ്പെടുന്നതീ
മനുഷ്യത്വമെന്നതിനു കാണുന്നീ കാഴ്ചകൾ?
ചിന്തയിൽ ചെള്ളുപെരുകുമീ കാഴ്ചകൾ
ക്കെന്തുപ്രതികരിച്ചീടാമതെങ്ങനെ?

# അനന്തരം



ഫാനിനു വേഗത തീരെ കുറവാണെന്നു ശ്യാമിനു തോന്നി. എ.സി.യുടെ തണുപ്പുണ്ടായിരുന്നിട്ടും താൻ വിയർത്തുകുളിക്കുന്നതായറിഞ്ഞു. ആരാലോ ബന്ധിക്കപ്പെട്ട നിസ്സഹായാവസ്ഥയിലെന്നപോലെ ഒന്നനങ്ങുകപോലും ചെയ്യാതെ ശ്യാം കസേരയിൽ ഇരുന്നു. പുറത്തെ ചൂടിനേക്കാൾ അകത്തെ ചൂടിനെ തണുപ്പിക്കാനായാൽ എന്നൊരു നിമിഷം അവൻ ചിന്തിച്ചു. ടേബിളിൽ നിന്നും ശുദ്ധീകരിച്ച വെള്ളക്കുപ്പി കൈയിലെടുക്കുമ്പോൾ കൈ ചെറുതായി വിറച്ചിരുന്നോ? ആർത്തിയോടെ വെള്ളം വായിലേക്കു കമഴ്ത്തുമ്പോൾ മഴകാത്തിരുന്ന വേഴാമ്പലിനെപോലെ ദാഹം ശമിക്കാതെ വീണ്ടും അസ്വസ്ഥനായി ഫാനിന്റെ വേഗത അല്പം കൂട്ടി കൂട്ടി തിരികെ വന്നിരുന്നപ്പോഴേക്കും പ്യൂൺ നാരായണൻകുട്ടി വാതിൽക്കലെത്തിയിരുന്നു.

"സാർ"

"ഉം... കടന്നുവരൂ"

മറുപടിയിലെ താളവ്യത്യാസം ശ്രദ്ധിച്ചിട്ടെന്നോണം, നാരായണൻകുട്ടി തെല്ലൊന്നമ്പരന്നു.

"സാറിനു സുഖമില്ലേ? മുഖം വല്ലാതിരിക്കുന്നു."

"ഒന്നുമില്ല"

തെല്ലിടവേളയുടെ നിശബ്ദതയ്ക്ക് വിരാമമെന്നവണ്ണം നാരായണൻകുട്ടിയുടെ ശബ്ദം

"ഈ ഫയൽ ഇന്ന് അയക്കേണ്ടതാണ്"

ഫയൽ വാങ്ങി മറിച്ചുനോക്കുന്നതിനിടയിലും മനസ്സ് മറ്റെവിടെയോ ചുറ്റിത്തിരിയുന്നതായി ശ്യാമിനു തോന്നി. ഒപ്പിട്ടു നാരായണനെ ഏൽപ്പിച്ചശേഷം കസേരയിലേക്ക് വീണ്ടും ചാഞ്ഞു.

"നാരായണേട്ടൻ ഒന്നു നിൽക്കൂ"

അപ്രതീക്ഷിതമായ പിൻവിളികേട്ട് നാരായണേട്ടൻ തിരിഞ്ഞുനിന്നു.

"ഇന്ന് ഉച്ചയ്ക്കുശേഷം ഞാൻ ലീവായിരിക്കും" അതൊരു ഉത്തരവാണതപേക്ഷയല്ലെന്ന് നാരായണേട്ടനറിയാം. സർ ലീവായാൽ ബാക്കി എല്ലാ കാര്യങ്ങളും തന്റെ തലയിലാണ്. അനുഭവ സമ്പത്തിനുള്ള ഒരാൾ. ഈ കമ്പനിയുടെ ശൈശവം മുതൽ നാരായണേട്ടൻ കൂടെയുണ്ട്.

നാരായണേട്ടൻ തിരിഞ്ഞുനടന്നു. വാതിലടച്ചു തിരിയുമ്പോൾ ഫോണിലൂടെ ശ്യാം എന്തോ ഗൗരവമായി സംസാരിക്കുന്നത് നാരായണേട്ടൻ കണ്ടു. ഇതുവരെ ശ്യാമിൽ കാണാത്ത ഒരു മുഖഭാവം കണ്ട് അദ്ദേഹം അമ്പരന്നു.

ഓഫീസിലെ ജോസഫാണ് ആദ്യം അറിയുന്നത് വാർത്ത സ്ഥിരീകരിക്കാനുള്ള മനോബലം തനിക്കില്ലെന്നു ജോസഫിനു തോന്നി. നാരായണേട്ടന്റെ നമ്പർ ഡയൽ ചെയ്യുമ്പോൾ കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നി അയാൾക്ക്.

"നാരായണേട്ടൻ അറിഞ്ഞോ?"

"ഉം" മറുപടി പറയാനാവാതെ അയാൾ വിതുമ്പി.

"എങ്കിലും സാർ ഇങ്ങനെ ചെയ്യുമെന്നു ഞാൻ കരുതിയില്ല"

ജോസഫിന്റെ ശബ്ദത്തിൽ ഒരു നിരാശയുടെ ധ്വനിയുള്ളതായി നാരായണേട്ടനു തോന്നി.

"സ്നേഹമുള്ളവനായിരുന്നു. എല്ലാവരോടും" നാരായണേട്ടൻ ഫോൺവെച്ചു. ഇനിയും അധികസമയം ഇങ്ങനെപിടിച്ചു

നിൽക്കാൻ അനിക്കാവില്ല എന്ന യാഥാർത്ഥ്യമായിരുന്നു തന്നെ ഒരു ജ്യേഷ്ഠ സഹോദരന്റെ സ്ഥാനത്താണ് കരുതുന്നതെന്ന് ശ്യാംസാർ എപ്പോഴും പറയുമായിരുന്നു. എന്നിട്ടും

ഒരിക്കൽ തന്റെ കഥകൾ ശ്യാം തന്നോടു പറഞ്ഞിരുന്നത് അയാൾ ഓർത്തു.

ജീവിതത്തിന്റെ നാട്ടെക്കിടയിൽ നിന്നും പരിശ്രമത്തിന്റെ ഫലമായി മുഖ്യധാരയിലേക്കു വർന്നുവന്ന ഒരു യുവാവ്. അമ്മയെയും പറക്കമുറ്റാത്ത സഹോദരിമാരെയും ഒരുനിലയിൽ എത്തിക്കാൻ അച്ഛനില്ലാതെ വളർന്ന അവൻ വളരെയധികം കഷ്ടപ്പെട്ടിരുന്നു. അന്നന്നത്തെ ആവശ്യത്തിനു കാശുകണ്ടെത്തുവാനായി മഹാനഗരത്തിലേക്കുള്ള വണ്ടി കയറിയതുമുതൽ അവിടെ പണത്തിനായി ചെയ്തുതീർത്ത കാര്യങ്ങൾ കൂടി അവൻ തന്നോടു പറഞ്ഞിരുന്നു. വിദ്യാസമ്പന്നനായ ഒരു യുവാവ് ജീവിതത്തിന്റെ അർത്ഥം തേടി തെരുവുകളിൽ അലഞ്ഞുതിരിഞ്ഞതിന്റെ അപകർഷതാ ബോധവും നിരാശയും ഗുണ്ടാസംഘങ്ങളിലേക്ക് വഴുതിവീഴാൻ അയാളെ പ്രേരിപ്പിച്ചു. ഇതെല്ലാം അവസാനിപ്പിച്ച് തിരികെ നാട്ടിലേക്കുവരികയായപ്പോൾ ഒരു വലിയ കമ്പനിയുടെ മാനേജർ സീറ്റിലേക്കുള്ള അപ്പോയിന്റ്മെന്റ് ഓർഡർ കൂടിയുണ്ടായിരുന്നു കൈയിൽ. ഇതൊന്നും സഹോദരിമാരും അമ്മയും അറിയരുതെന്ന നിർബന്ധ ബുദ്ധിയും സാറിനുണ്ടായിരുന്നതായി നാരായണേട്ടൻ ഓർത്തു.

ജീവിതത്തിന്റെ നിരർത്ഥകതയെപ്പറ്റി ഒരു ഗവേഷകനെന്നപോലെ ശ്യാംസാർ വാതോരാതെ സംസാരിക്കുന്നത് നാരായണേട്ടൻ ഓർത്തു.

വീണ്ടും ആ ചെളിക്കുഴിയിലേക്കു വീഴേണ്ടി വന്നാലുള്ള വിരോധാഭാസത്തെക്കുറിച്ചുള്ള ശ്യാമിന്റെ ഉത്കണ്ഠയുടെ ആഴം അയാൾ മനസ്സിലാക്കിയിരുന്നു. ഒരു പക്ഷെ ആ വീഴ്ച ഒഴിവാക്കാനായിരിക്കും അവൻ അതു ചെയ്തത്. നാരായണൻകുട്ടിയുടെ മനസ്സ് ശ്യാമിന്റെ ആത്മഹത്യയുടെ കാരണങ്ങൾ കണ്ടെത്താൻ വാശിപിടിക്കുന്ന ഒരു കൊച്ചുകുട്ടിയെപ്പോലെ തോന്നി.

ഏതോ വണ്ടികളുടെ അമിതവേഗതമൂലമുണ്ടായ കശപിശകളുടെ ശബ്ദം നാരായണൻകുട്ടിയുടെ ചിന്തകളുടെ ലോകത്തിന് അസ്വസ്ഥതകൾ ഉണ്ടാക്കി. ഒരു നിമിഷം തന്റെ ചിന്തകളുടെ അർത്ഥശൂന്യതയെപ്പറ്റി അയാൾ തിരിച്ചറിഞ്ഞു. ഗേയ്റ്റിന്റെ നേരെ നടക്കുമ്പോൾ തനിക്കുണ്ടായ സമയ നഷ്ടത്തെ അയാൾ കൂട്ടിയും കിഴിച്ചും കണ്ടെത്തുകയായിരുന്നു.

റോഡിൽ തളംകെട്ടിനിന്ന ചോരയും വാഹനങ്ങളുടെ കോലംകെട്ട കാഴ്ചകളും അയാളുടെ മനസ്സിനെ മടുപ്പിച്ചു. തിരക്കുപിടിച്ച ഈ ലോകത്തിലെ മനുഷ്യന്റെ ഓട്ടത്തിന്റെ കാരണങ്ങൾ ഇപ്പോഴും തനിക്ക് അവ്യക്തമാണെന്നത് തന്നെ നാണിപ്പിക്കുന്നതായി അയാൾക്കു തോന്നി. കുറച്ചുസമയം ഈ ലോകത്തുനിന്നും മാറി നിന്ന് സമയം പാഴാക്കിയതിൽ അയാൾ പശ്ചാത്തപിച്ചു.

തിരിച്ചു വീട്ടിലേക്കു നടക്കുമ്പോൾ അയാളുടെ മനസ്സിൽ ശ്യാമിനെക്കുറിച്ചു ഓർമ്മകളുടെ ശവദാഹം കഴിഞ്ഞിരുന്നു. താൻ അടുത്തിടെ വാങ്ങിയ വിദേശയിനം നായയുടെ പരിചരണം എങ്ങനെ കേമമാക്കാമെന്ന ചിന്ത അയാളെ വീണ്ടും ആധുനിക ലോകത്തിന്റെ മനുഷ്യനാക്കിത്തീർത്തു.





റോബിൻ ജോൺ
ഒന്നാം വർഷ ഫിസിക്സ്

# അണുശക്തി- സാധ്യതകളും വിപത്തുകളും



ശ്രീജിത്ത്
രണ്ടാം വർഷ ഫിസിക്സ്

ആണവശക്തിയുടെ സാധ്യതകളും പരിമിതികളും ഏറെ ചർച്ചചെയ്യപ്പെട്ടത് ഈയടുത്ത കാലത്താണ്. ഇന്ത്യ-അമേരിക്ക ആണവക്കരാറിന്റെ പശ്ചാത്തലത്തിൽ ഒരു രാഷ്ട്രീയ മൂല്യം കൂടി ഊന്നിക്കൊണ്ടായിരുന്നു ചർച്ചയുടെ പോക്ക്. അണുശക്തിയുടെ സാധ്യതകളും പരിമിതികളും അതുളവാക്കുന്ന പരോക്ഷവും പ്രത്യക്ഷവുമായ രാഷ്ട്രീയ പശ്ചാത്തലവുമെല്ലാം ഉൾക്കൊള്ളിച്ചുള്ള വിലയിരുത്തൽ തീർച്ചയായും പ്രസക്തമാണ്. എന്നാലിവിടെ സമഗ്രവീക്ഷണം തീർത്തും സാധ്യമല്ല. കാരണം അസ്ഥിരത ഈ മേഖലയിൽ ഇപ്പോഴും കൊടികുത്തി വാഴുന്നു. അതിനാൽ തന്നെ ഇവിടെ ഒരു ലഘിതവീക്ഷണത്തിലൂടെ ഈ വിഷയം കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു.



രണ്ടാം ലോക മഹായുദ്ധാനന്തരമുണ്ടായ നവലോക ക്രമം സാക്ഷ്യം വഹിച്ചത് ജപ്പാന്റെ സമ്പൂർണ്ണ തകർച്ചയായിരുന്നു. അണുവിസ്ഫോടനത്തിന്റെ അപാരശക്തിയും അതുവിതച്ച നാശവും അമേരിക്കയെ ലോക മനസാക്ഷിയുടെ മുന്നിൽ വില്ലനാക്കിയെങ്കിലും ഹിരോഷിമയിലും നാഗസാക്കിയിലും ഇപ്പോഴും അതിന്റെ ശേഷിപ്പുകൾ അവശേഷിക്കുന്നു. ഒരു ഫിനിക്സ് പക്ഷിയെ പോലെ ജപ്പാൻ പിന്നീട് ഉയർന്നുവന്നെങ്കിലും ഭീതിജനകമായിരുന്ന ആ ദുരന്തത്തിന്റെ ഓർമ്മപ്പെടുത്തലുകൾ നാഗസാക്കി ദിനമായും ഹിരോഷിമ ദിനമായും ഇപ്പോഴും ലോകം സ്മരിക്കുന്നു.

ആണവ ശക്തിയുടെ അനന്തസാധ്യതകൾ എങ്ങനെ വർദ്ധിച്ചുവരുന്ന ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമാക്കാം എന്ന ചോദ്യത്തിൽ നിന്നുമാണ് ന്യൂക്ലിയർ റിയാക്ടറുകൾ കടന്നുവരുന്നത്. ഒപ്പം ഇനിയൊരു നാഗസാക്കിയോ ഹിരോഷിമയോ ഉണ്ടാകാതിരിക്കുവാനുള്ള ശ്രദ്ധയും അന്താരാഷ്ട്ര തലത്തിൽ അനിവാര്യമായി.

മാത്തമാറ്റിക്സിലും ഫിസിക്സിലും ആയിരക്കണക്കിന് സമവാക്യങ്ങൾ ഉണ്ട്. എന്നാൽ സാധാരണക്കാർക്ക് പോലും പരിചിതമായ ഐൻസ്റ്റീന്റെ $E=mc^2$ എനർജി-മാസ് റിലേഷൻ അതിന്റെ അർത്ഥവ്യാപ്തി കൊണ്ട് വിലമതിക്കാനാവാത്തതായി. ഊർജ്ജത്തിന്റെ ഉറവിട

മായ സൂര്യനിൽ നിന്ന് ഹൈഡ്രജൻ ന്യൂക്ലിയസുകൾ സംയോജിച്ച് ഹീലിയമാകുന്ന അണുസംയോജനത്തിലൂടെ (ന്യൂക്ലിയർ ഫ്യൂഷൻ) അനിയന്ത്രിതമായ ഊർജം പ്രവഹിക്കുന്നുവെങ്കിൽ പ്രത്യേകതരം അണുവിഘടനത്തിലൂടെ ഊർജം ഉല്പാദിപ്പിച്ചുകൂടേ എന്ന ശാസ്ത്ര ചിന്തയാണ് ഇന്നത്തെ റിയാക്ടറുകൾക്കാധാരം. എന്നാൽ അനിയന്ത്രിതമായ (ചെയിൻ റിയാക്ഷൻ) പ്രവർത്തനമായതിനാൽ റിയാക്ടറുകളിൽ ഉയർന്ന സുരക്ഷാ സംവിധാനങ്ങളും സാങ്കേതിക വിദ്യകളും ശക്തമാക്കേണ്ടത് പരമമായ ആവശ്യമാണ്. ന്യൂക്ലിയർ റിയാക്ടറുകൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഊർജ പ്രതിസന്ധിക്ക് പരിഹാരമാകുമെങ്കിലും ആണവ റിയാക്ടറിന്റെ പ്രവർത്തനങ്ങളിൽ പുലർത്തുന്ന രീതി അപകടസാധ്യതയുണ്ടെന്ന് തെളിയിക്കുന്നതായിരുന്നു ചെർണോബിൽ ഉണ്ടായ ദുരന്തം. അതിവ ഗുരുതര പ്രശ്നങ്ങളും ഉണ്ടായ ദുരന്തം മറ്റു രാജ്യങ്ങളെ ഈ മേഖലയിൽ നിന്ന് പിൻവലിപ്പിച്ചിട്ടില്ല. എന്നാൽ കൂടുതൽ സാങ്കേതിക മികവോടെ കാര്യങ്ങൾ കൂടുതൽ നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹോമി ജഹാംഗീർ ബാബയുടെ നേതൃത്വത്തിൽ നടന്ന അണുപരീക്ഷണം ഇന്ത്യയെ ലോകരാജ്യങ്ങളുടെ മുന്നിൽ ആണവശക്തിയായി ഉയർത്തുകയും കല്പാക്കത്തു പ്രവർത്തിക്കുന്ന



ആണവ നിലയം നമ്മുടെ രാജ്യത്തിന്റെ ഊർജ പ്രതിസന്ധിക്ക് ചെറിയതോതിലെങ്കിലും പരിഹാരമായി മാറിയതും ഇന്ത്യക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങളാണ്. എന്നാൽ ജനങ്ങളുടെ ആശങ്കകൾക്ക് കാരണമായ ആണവ പരീക്ഷണം ഇന്ത്യൻ ചരിത്രത്തിൽ ഉണ്ട്.

അണുശക്തി അപാരസാധ്യത പ്രയോജനപ്പെടുത്താമെങ്കിലും ഈ രംഗത്ത് ആശ്വാസങ്ങളേക്കാൾ ആശങ്കകളാണ് നിലനിൽക്കുന്നത്.

ഇന്ത്യ-അമേരിക്ക ആണവ കരാറിന്റെ വെളിച്ചത്തിലാണ് ഈ രംഗത്തുള്ള അർത്ഥശങ്കകൾ കൂടുതലായി പുറത്തുവന്നത്. ആണവ ശക്തി ഉല്പാദിപ്പിക്കാനായി ആവശ്യം വരുന്ന ഇന്ധനം തന്നെയാണ് ഇവിടെ മുഖ്യവിഷയം. ഊർജ്ജോല്പാദനത്തിന് നിദാനമായി നില്ക്കുന്ന യുറേനിയവും തോറിയവും ലഭ്യതയിൽ കുറയുന്നുകൊണ്ടിരിക്കുന്നതിനാൽ ഇനിയെത്രനാളും ഈ ഊർജനിർമാണം തുടരാൻ കഴിയും എന്നത് അനിശ്ചിതത്വത്തിലായിരിക്കുന്നു. ഇന്ത്യ-യു.എസ്. ആണവക്കരാറിനെപ്പറ്റി ഈ അവസരത്തിൽ തീർച്ചയായും പരാമർശിക്കേണ്ടിയിരിക്കുന്നു. ഇവിടെ രാഷ്ട്രീയമായ മുതലെടുപ്പുകൾ ഉണ്ടോ എന്ന കാര്യം ഭാവിയിൽ ഉറപ്പാക്കാം. എന്നാൽ ശക്തമായ ഒരു രാഷ്ട്രീയ പശ്ചാത്തലം തീർത്തും ഉണ്ടായിരുന്നു. ലോകസഭയിൽ വിശ്വാസ വോട്ടെടുപ്പ് വേളയിൽ കോടികൾ കൈക്കൂലി വാങ്ങിയ എം.പി.മാർ വിരൽ ചൂണ്ടുന്നത് ആണവക്കരാറിന്റെ രാഷ്ട്രീയ താല്പര്യത്തിലേക്കാണ്.

അമേരിക്കയുടെ ഹൈഡ് ആക്ടിന് വിധേയമായാണ് പുതിയ കരാർ പ്രവർത്തിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ഇനിയും സാധാരണക്കാർക്ക് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. അമേരിക്കയുടെ പക്കൽ നിന്നും മൂന്ന് ലക്ഷം കോടി രൂപയ്ക്ക് ആണവ റിയാക്ടറുകൾ വാങ്ങുക എന്നതാണ് കരാറിന്റെ ഉദ്ദേശ്യം. എന്നാൽ ഇതിന് ശക്തമായ ഇന്ധനം നൽകാൻ അമേരിക്ക ബാധ്യ

സഹരല്ല. ഓസ്ട്രേലിയ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഇന്ധനം ലഭിക്കുമെന്ന കാര്യം ഇന്ത്യക്ക് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുമില്ല. മാത്രമല്ല സ്വന്തമായി അണുപരീക്ഷണം നടത്താനുള്ള അവകാശവും ഈ നിയമം വഴി ഇന്ത്യക്ക് നഷ്ടപ്പെടും. ഇത് ലംഘിച്ചാൽ അന്താരാഷ്ട്ര ആണവ നിർവ്യാപന സമിതി ഇന്ത്യക്ക് നേരെ നടപടിയെടുക്കും എന്നതിൽ സംശയമില്ല. മാത്രമല്ല കരാറിൽ പറയുന്ന എന്തെങ്കിലും കാര്യങ്ങൾ വീഴ്ചവരുത്തിയാൽ അമേരിക്കയ്ക്ക് കരാറിൽനിന്നും നിർബാധം തലയൂരാം എന്നതും ഇന്ത്യയെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല.

ഇത്രയൊക്കെ പ്രതികൂലാവസ്ഥകൾ ഏതാണ്ട് ശക്തമാണ് എന്നുപറയുമ്പോഴും ഇന്ത്യൻ മന്ത്രിസഭ കരാറിനെ വാഴ്ത്തുകയാണ്. ഈ വൈരുദ്ധ്യമാണ് സാധാരണക്കാരായ ജനങ്ങളെ വിഢികളാക്കുന്നത്. അമേരിക്കയുമായുള്ള കരാർ ഇന്ത്യക്കനുകൂലമാണോ എന്ന് സൂക്ഷ്മമായി വിലയിരുത്തുമ്പോൾ നാം ചില കാര്യങ്ങൾ കൂടി വിശകലനം ചെയ്യേണ്ടതുണ്ട്. കഴിഞ്ഞ കുറച്ചു ദശകളിലായി അമേരിക്ക സാമ്പത്തിക താല്പര്യത്തോടെ മറ്റു രാജ്യങ്ങൾക്കുമേൽ പരോക്ഷമായും പ്രത്യക്ഷമായും നടത്തുന്ന അധിനിവേശം പരിഗണിക്കേണ്ടതുണ്ട്. മാത്രമല്ല ആഗോള സാമ്പത്തിക മാന്ദ്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കരാർ അമേരിക്കയ്ക്ക് ആശ്വാസമാണ്. ഇന്ത്യക്ക് ഭീതിയും. പാർലമെന്റിൽ വിശ്വാസവോട്ടെടുപ്പ് ജയിക്കുമെന്ന വിശ്വാസം മൻമോഹൻസിംഗിനേക്കാൾ വച്ചുപുലർത്തിയത് ജോർജ് ബുഷ് ആണ്. ഈ യാഥാർത്ഥ്യങ്ങളെല്ലാം കൂട്ടിവായിക്കുമ്പോൾ ലഭിക്കുന്ന കാര്യം ഇന്ത്യക്ക് അനുകൂലമല്ല രാഷ്ട്രീയത്തിന്റെ അരാഷ്ട്രീയമായ ഇടപെടലുകളാൽ ഇന്ത്യയുടെ പ്രതീക്ഷകൾ അസ്ഥാനത്താവാനാണ് കൂടുതൽ സാധ്യത.



എന്നാൽ ആണവ ഇന്ധനം മറ്റുരാജ്യങ്ങളിൽ നിന്നും നേടിയെടുക്കാനായാൽ ഇന്ത്യയുടെ ഭാവി മെച്ചപ്പെടുത്തുവാനും കഴിഞ്ഞേക്കാം. ആണവകരാർ പരിശോധിച്ച ഇന്ത്യൻ സമിതിയിൽ മതിയായ ശാസ്ത്രജ്ഞർ ഉണ്ടായിരുന്നില്ല എന്ന വാദവും നിലനിൽക്കുന്നുണ്ട്. മാത്രമല്ല ആണവ നിലയങ്ങൾക്കുപയോഗിക്കുന്ന നിക്ഷേപം കൊണ്ട് താപവൈദ്യുത നിലയങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമാക്കാം എന്ന വിലയിരുത്തലും ഉയർന്നുവന്നിട്ടുണ്ട്. ഈ രംഗത്തെ യാഥാർത്ഥ്യത്തിന്റെ ചുരുളഴിക്കാൻ കാലത്തിനു മാത്രമേ കഴിയൂ.

"ഇന്ത്യയിൽ ഓരോ നിമിഷത്തിലും വിശന്നുകരയുന്ന കുട്ടിയുടെ മുഖം എന്റെ ഹൃദയത്തിലുണ്ട്" ആണവകരാർ ഒപ്പിട്ട് കഴിഞ്ഞ് മൻമോഹൻസിംഗ് പറഞ്ഞ കാര്യമാണിത്. ഇതിന്റെ അർത്ഥമോ അർത്ഥശൂന്യതയോ നിർണ്ണയിക്കുന്ന ഭാവിയാണ് പരിമിതികളും സാധ്യതകളും ഒരുപോലെ വാഴുന്ന ഈ മേഖലയിൽ വിലയിരുത്തലുകൾക്ക് അധിക പ്രാധാന്യമില്ല എന്നതാണ് വസ്തുത.


SPARKLING Med./Engg.
RESULTS at EXCEL
IIT-JEE
AIEEE,
AIPMT
AND
KERALA
Rank 12
(AIEEE)
Rank 38
(CUSAT)
Med. TOPPERS
Rank 448
(KERALA)
Rank 604
(KERALA)
Engg. TOPPERS
168 students within 10000 Rank
Courses offered :
IX, X, XI, XII CBSE Tuitions
+1, +2 Entrance Oriented Science Tuition
+1, +2 Commerce Tuition
+1, +2 Commerce (Regular)
Repeaters batch
BCom, BBA + Computer
EXCEL
COLLEGE OF ADVANCED STUDIES
THALASSERY-VADAKARA-PERAMBRA
2344721 2522237 3208103
We work Silently but your results speak loudly

**പ**ണം സുരക്ഷിതമായിരിക്കണം ഒപ്പം വർദ്ധിപ്പിക്കുകയും ചെയ്യണം. പെട്ടിയിൽ പണം സുരക്ഷിതമാണ്. പക്ഷെ അതു വളരില്ല. അടച്ചു പൂട്ടിയ അലമാര പണത്തെ സംബന്ധിച്ചിടത്തോളം ഒരു തടവറയാണ്. ആ പണമെടുത്ത് കച്ചവടം ചെയ്യാം. പക്ഷെ ലാഭം ലഭിക്കണമെങ്കിൽ വൈദഗ്ദ്ധ്യം ആവശ്യമാണ്. അല്ലെങ്കിൽ നഷ്ടത്തിൽ കലാശിക്കും. പണം ബാങ്കിൽ നിക്ഷേപിക്കുന്നത് ഒരു നല്ല മാർഗ്ഗമാണ്. പണം സുരക്ഷിതമായിരിക്കുമെന്നു മാത്രമല്ല അതു വളരുകയും ചെയ്യും. പക്ഷെ ബാങ്ക് പലിശയുടെ നിരക്ക് അടുത്തിടെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ലോകമെങ്ങും ആളുകൾ ബാങ്കിൽ നിക്ഷേപിക്കുന്ന പണത്തിന്റെ വളർച്ചയ്ക്ക് ഒച്ചിഴയുന്ന വേഗമേ കാണൂ.

ഇതൊന്നുമല്ലാതെ ഒരു വഴിയുണ്ടോ? ഉണ്ട്. അതാണ് ഓഹരികളുടെ ലോകം. മറ്റേതിലെ മുതൽ മുടക്കിയാലും ലഭിക്കാത്ത ലാഭം അവിടെ നിന്നും കിട്ടും. നിക്ഷേപകർ ഒന്നും ചെയ്യാതെ തന്നെ നിക്ഷേപത്തുക പലമടങ്ങായി വർദ്ധിക്കും. ഇതിനായി ഏറെക്കാലത്തെ കാത്തിരിപ്പും വേണ്ട. കണ്ണടച്ചുതുറക്കുന്ന വേഗതയിൽ ആയിരങ്ങളുടെ ഉടമ ലക്ഷപ്രഭുവോ കോടീശ്വരനോ ആയേക്കാം. പുത്തനപ്പം പാലിയതുപോലെ ഒരു നാലു ദിനംകൊണ്ടൊരുത്തനെ തലയിലേറ്റി നടത്തുവാൻ ഓഹരി വിപണിയിലെ നിക്ഷേപത്തിനു കഴിയും. ഈ അത്ഭുത സിദ്ധിയാണ് സാധാരണക്കാരെപ്പോലും ഇന്ന് ഓഹരി വിപണിയുടെ മാന്ത്രിക ലോകത്തേക്ക് ആകർഷിക്കുന്നത്.

എല്ലാ നാണയത്തിനുമെന്നപോലെ ഓഹരി എന്ന ഈ സ്വർണ്ണ നാണയത്തിനുമുണ്ട് ഒരു മറുപുറം. ഓഹരിയുടെ മൂല്യം എത്ര നിമിഷവും മാറിമറിയാം. ഒരു കാലത്ത് നൂറു രൂപ വിലയുണ്ടായിരുന്ന ഓഹരി ഒരു രൂപ പോലും വിലയില്ലാത്ത അവസ്ഥയിൽ എത്താം. ലക്ഷപ്രഭുവിനെ നിർധനനാക്കി മാറ്റാൻ മിനിട്ടുകൾ പോലും വേണ്ട.

അനിശ്ചിതത്വം-അതാണ് ഓഹരി വിപണിയുടെ മുഖമുദ്ര. എപ്പോൾ എന്തും സംഭവിക്കാം. ലോകത്തെവിടെ എന്തു സംഭവിച്ചാലും അത് ഓഹരി വിപണിയിൽ പ്രതിഫലിക്കും. അമേരിക്കയിൽ സാമ്പത്തിക മാന്ദ്യമുണ്ടായാൽ, ഗൾഫിൽ എണ്ണയുല്പാദനം കുറഞ്ഞാൽ, മൺസൂൺ പിഴച്ചാൽ, തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ, ചില രാഷ്ട്രീയ കക്ഷികൾ തോറ്റാൽ, മന്ത്രിസഭ വീണാൽ, സംഘട്ടനമുണ്ടായാൽ... എന്തിനധികം ഭൂകമ്പവും വെള്ളപ്പൊക്കവും മുതൽ എലിപ്പനി വരെ എന്തും ഓഹരി വിപണിയിൽ ചലനമുണ്ടാക്കും. ഒരിടത്തും ഒന്നും സംഭവിച്ചില്ലെങ്കിലും ചിലപ്പോൾ വിപണി മാറി മറിയും. വെറും അഭ്യൂഹങ്ങൾ മതി അതിനു

# ഇങ്ങനെയുമുണ്ടോ ഒരു നിക്ഷേപം?



പാലമാടാൻ. ഒരു രാജ്യത്തെ കേന്ദ്രമന്ത്രിയുടെ സെൻട്രൽ ബാങ്ക് ഗവർണറുടെ അല്ലെങ്കിൽ ഓഹരി വിപണി നിയന്ത്രിക്കുന്ന ബോർഡിന്റെ ചെയർമാന്റെ ചില തീരുമാനങ്ങൾ മതി വിപണി മാറി മറിയാൻ. അതിനാൽ തന്റേതല്ലാത്ത കുറ്റത്തിന് നിക്ഷേപകന് നഷ്ടമുണ്ടാകും. മാളിമുകളേറിയ മന്നന്റെ തോളിൽ മാറാപ്പു കേറ്റാനും ഓഹരി വിപണിക്ക് കഴിയും.

**ഓഹരിയും സ്റ്റോക്ക് എക്സ്ചേഞ്ചും**

ഒരു കമ്പനിയുടെ മൂലധനത്തിൽ തുക നിക്ഷേപിക്കാൻ കമ്പനിയുടെ പ്രൊമോട്ടർമാരല്ലാത്തവരെയും അനുവദിക്കുന്നതിനു വേണ്ടി മൂലധനത്തെ വിഭജിച്ച് ഓഹരികൾ വിൽക്കുന്നു. ഈ ഓഹരി സാധാരണ 10 രൂപയുടേതാണെങ്കിലും ഒരു രൂപയുടെയും 100 രൂപയുടെയും ഓഹരികളും പല കമ്പനികൾക്കുമുണ്ട്. നാരായണമൂർത്തി ചെയർമാനായിരിക്കുന്ന ഇൻഫോസിസിന്റെ ഒരു ഓഹരിയുടെ മുഖവില ഒരു രൂപയാണ് എന്നതു തന്നെ ഉദാഹരണം. ഇതുപോലെ വിൽക്കപ്പെടുന്ന ഓഹരി രണ്ടുതരത്തിൽ മറ്റൊരാൾക്ക് വാങ്ങാം. ഒന്ന്-അവ വാങ്ങാൻ നിക്ഷേപകരെ ക്ഷണിച്ചുകൊണ്ട് (പബ്ലിക് ഓഫർ) പ്രഖ്യാപനം വരുമ്പോൾ, രണ്ട്, ഓഹരി വിതരണം ചെയ്ത് കഴിഞ്ഞ് കൈമാറ്റത്തിനു വേണ്ടി ഓഹരി ഉടമകൾ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കൊണ്ടുവരുമ്പോൾ.

സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഒരു നിർദ്ദിഷ്ട കമ്പനിയുടെ ഓഹരി വിൽക്കണമെങ്കിൽ അവിടെ ലിസ്റ്റ് ചെയ്യണം. ഇങ്ങനെ ലിസ്റ്റ് ചെയ്യപ്പെടുമ്പോൾ നിക്ഷേപകർക്ക് പ്രസ്തുത ഓഹരികൾ വിൽക്കാനും വാങ്ങാനും എക്സ്ചേഞ്ച് വഴി അവസരം ലഭിക്കുന്നു. ഒരാൾക്ക് ആദ്യം കമ്പനി അനുവദിച്ച ഓഹരി കൂടിയ വിലയ്ക്ക് അയാൾ വിൽക്കുമ്പോൾ അയാൾക്ക് ലാഭം കിട്ടും. നേരെ മറിച്ച് രണ്ടാമൻ കമ്പനിയിൽ നിന്ന് ഓഹരി വാങ്ങിയാൽ മൂന്നാമന് (മറ്റൊരാൾക്ക്) ഓഹരി വിൽക്കുന്നത് വാങ്ങിയതിലും കുറഞ്ഞ വിലയ്ക്കാണെങ്കിൽ കച്ചവടം നഷ്ടം. ഏതു ബിസിനസിലെയും തത്വം ഇതേ ലാഭനഷ്ടക്കണക്കുകൾ. ആണെന്നിരിക്കെ ഓഹരി ബിസിനസിലേക്കു കൂടുതൽ ആളുകൾ എത്തുന്നതിന്റെ കാരണം ഇവിടെ വിൽക്കപ്പെടുന്നത് റിലയൻസിന്റെയും ടാറ്റയുടെയും ബിർലയുടെയും മറ്റും ബിസിനസുകളുടെ ചെറു വീതങ്ങളാണ് എന്നതു തന്നെ. മറ്റൊന്ന് ഓഹരി വാങ്ങാനും വിൽക്കാനുമുള്ള നൂലാമാലകൾ ഇവിടെയില്ല. കമ്പ്യൂട്ടറിന്റെ കീബോർഡിൽ വിരലമർത്തേണ്ട താമസം ഓഹരികൾ വാങ്ങാം, വിൽക്കാം. മൂന്നാം ദിവസം വില ചെക്കായി സ്റ്റോക്ക് എക്സ്ചേഞ്ച് വഴി ലഭിക്കുകയും ചെയ്യുന്നു. ഇതിനു നൽകേണ്ടി വരുന്നത് വളരെ തുച്ഛമായ ബ്രോക്കറേജ് മാത്രമാണ്.

ശക്തവും സജീവവുമായ ഓഹരി വിപണി രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ കരുത്തും വളർച്ചയും തന്നെയാണ് പ്രകടിപ്പിക്കുന്നത്. പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ചതും ശക്തമായ നിയന്ത്രണങ്ങൾ വഴി സുരക്ഷിതമാക്കിയതുമായ ഓഹരി വിപണിയെ ഊഹക്കച്ചവടത്തിലൂടെയോ ഊതിവീർപ്പിച്ച കഥകളിലൂടെയോ സ്വാധീനിക്കാൻ ഇന്ന് അത്ര എളുപ്പമല്ല. കുപ്രസിദ്ധമായ ഹർഷദ് മേത്ത ഓഹരി കുംഭകോണത്തിനുശേഷം ഓഹരി വിപണിയെപ്പറ്റി പരന്ന തെറ്റിദ്ധാരണകൾ മാറി ഇന്ന് കൂടുതൽ നിക്ഷേപകർ തങ്ങളുടെ ധനവും സമയവും നിക്ഷേപിച്ച് കൂടുതൽ സമ്പന്നരായി മാറിക്കൊണ്ടിരിക്കുന്ന രംഗമായി സ്റ്റോക്ക് മാർക്കറ്റുകൾ മാറിയിരിക്കുന്നു.

**നിക്ഷേപങ്ങൾ**

ഓഹരി വിപണിയിലെ നിക്ഷേപങ്ങൾ പ്രധാനമായും രണ്ടു തരത്തിലുള്ളതാണ്. ദീർഘകാലത്തേക്ക് പണം നിക്ഷേപിച്ച് ലാഭമുണ്ടാക്കുന്ന രീതിയാണ് ഒന്ന്. ഇതിന് നിക്ഷേപം അഥവാ ഇൻവെസ്റ്റ്മെന്റ് എന്നു പറയുന്നു. ഓഹരി വിപണിയിലെ ചാഞ്ചാട്ടങ്ങൾക്കനുസരിച്ച് ഓഹരികൾ വാങ്ങുകയും വിൽക്കുകയും ചെയ്ത് ലാഭം ഉണ്ടാക്കുന്ന രീതിയാണ് ട്രേഡിംഗ്. ആദ്യത്തെ വിഭാഗക്കാർക്കാണ് നഷ്ടസാധ്യത കുറവ്. കരുതലോടെ പ്രവർത്തിച്ചില്ലെങ്കിൽ വൻനഷ്ടമുണ്ടാവും. ട്രേഡിംഗിൽ ഒരു ദിവസം തന്നെ വില താഴുമ്പോൾ വാങ്ങുകയും കൂടുമ്പോൾ വിൽക്കുകയും ചെയ്യുന്ന കച്ചവടമാണ് ഡേ ട്രേഡിംഗ്.

എന്തിനു വില കൂടിയ ഓഹരികളുടെ പിന്നാലെ പോകണം? വിലകുറഞ്ഞ ധാരാളം ഓഹരികൾ ഉണ്ടല്ലോ എന്നു തോന്നാം. എന്നാൽ ചില ഓഹരികളുടെ വില അതിവേഗം കുതിച്ചുകയറും. ചില കമ്പനികൾ നിക്ഷേപകർക്ക് അവകാശ ഓഹരിയും ബോണസായും മറ്റും ഓഹരി നൽകി നിക്ഷേപം നിരവധി ഇരട്ടിയാക്കി വളർത്തും. 1977ലെ റിലയൻസ് ഇൻഡസ്ട്രീസിലെ 1000 രൂപയുടെ നിക്ഷേപം ഇന്ന് ഏകദേശം 2,70,000 രൂപയായി വളർന്നിട്ടുണ്ട്. റിയൽ എസ്റ്റേറ്റിനോ ലോകത്തിന്റെ മറ്റൊരു നിക്ഷേപ പദ്ധതിക്കോ ഈ വളർച്ച അവകാശപ്പെടാനാവില്ല.

ഇത് ഓഹരി വാങ്ങിയിട്ട് വിൽക്കാതെ സൂക്ഷിക്കുന്നവർക്കുള്ള ലാഭമാണ്. മോശം പ്രവർത്തനം നടത്തുന്ന കമ്പനിയുടെ ഓഹരി വാങ്ങി ഇങ്ങനെ വച്ചിട്ട് മുടക്കിയ തുക പൂർണ്ണമായും നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ട്. എന്നാൽ എല്ലാ കമ്പനികളുടെ ഓഹരികളും ഇതുപോലെ വച്ചുകൊണ്ടിരിക്കാൻ പറ്റില്ല. നന്നായി പഠിക്കാതെ അബദ്ധത്തിൽ വാങ്ങിച്ചതോ അഥവാ നല്ല നിലയിൽ നിന്നു ക്ഷയിച്ചുപോയതോ ആയ കമ്പനികളുടെ ഓഹരികൾ വിവരം അറിഞ്ഞാൽ ഉടനെ വിറ്റുമാറണം പൂർണ്ണ നഷ്ടം ഒഴിവാക്കാൻ ഇങ്ങനെ കഴിയും.

സ്ഥിരമായി വാങ്ങി വയ്ക്കാതെ നിരന്തരം വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവരാണ് ഓഹരി രംഗത്ത് ഭൂരിഭാഗം പേരും. 150 രൂപ വിലയുള്ള ഒരു ഓഹരിക്ക് എന്തെങ്കിലും കാരണത്താൽ 10 രൂപ കുറഞ്ഞാൽ ഉടനെ വാങ്ങുക. ചിലപ്പോൾ അതേ ദിവസം തന്നെ ഈ ഓഹരി പഴയനിലയിലേക്ക് തിരിച്ചുകയറി എന്നുവരും. 100 ഓഹരി വാങ്ങിയ വ്യക്തിക്ക് മണിക്കൂറുകളോ മിനിറ്റുകളോ കഴിയുമ്പോൾ 1000 രൂപയുടെ നേട്ടം കിട്ടുകയായി. അതേ സമയം ഇതേ ഓഹരി വീണ്ടും താഴ്ന്ന നിലയിലേക്കു പോയാൽ നഷ്ടമാകും. ഉടനെ വിറ്റുമാറിയില്ലെങ്കിൽ ആ ദിവസം കഴിഞ്ഞാൽ ഡലിവറി എടുക്കേണ്ടിവരും. അഥവാ പണം അടച്ച് കഴിഞ്ഞാൽ ഡലിവറി എടുക്കേണ്ടിവരും. അഥവാ പണം അടച്ച് ഓഹരി സ്വന്തം പേരിലാക്കേണ്ടിവരും.

എന്നാൽ ഒരേ ദിവസം രാവിലെ ഏകദേശം പത്തു മുതൽ ഉച്ചകഴിഞ്ഞ് മൂന്നര വരെ സാധാ



രണ നടക്കുന്ന ഓഹരി വ്യാപാരത്തിനിടയ്ക്ക് എത്രവേണമെങ്കിലും വാങ്ങുകയും വിൽക്കുകയും ചെയ്യാം. വൈകുന്നേരത്തോടെ വാങ്ങിയ എല്ലാം വിറ്റുകഴിഞ്ഞിട്ടില്ലെങ്കിൽ പണമൊന്നും നൽകേണ്ടിവരില്ല എന്നുമാത്രമല്ല കൂടിയ തുകയ്ക്കാണ് വിറ്റതെങ്കിൽ ആ ലാഭം മുഴുവൻ സ്വന്തം അക്കൗണ്ടിൽ വരികയും ചെയ്യും. നഷ്ടത്തിൽ വിറ്റിട്ടുണ്ടെങ്കിൽ സ്വന്തം അക്കൗണ്ടിൽ നിന്ന് തുക മാറിപ്പോവുകയും ചെയ്യും.

